RURAL INFORMATION BUREAU

# ഗ്രാമഭൂമി

ദ്വൈമാസിക

2021 ജൂലായ്-ആഗസ്റ്റ്
പുസ്തകം 44 ലക്കം 4

# അതിദാരിദ്ര്യമുക്ത കേരളമാണ് ലക്ഷ്യം

അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിനായുള്ള ജനകീയ പ്രസ്ഥാനവുമായി കേരളം മുന്നോട്ടുപോകാനൊരുങ്ങുകയാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ച വേളയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ അതി ദാരിദ്ര്യ നിർമ്മാജ്ജനം പ്രധാന ഇനമായി രേഖപ്പെടുത്തിയിരുന്നു. ആ വാഗ്ദാനപാലനത്തിനായുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുകയാണ് എൽ ഡി എഫ് സർക്കാർ.



# വനിതാ സംരംഭകർക്കുള്ള സർക്കാർ പദ്ധതികൾ

## എന്റെ ഗ്രാമം

- സംസ്ഥാന സർക്കാർ ഖാദി ബോർഡ് വഴി നടപ്പാക്കി വരുന്ന പദ്ധതിയാണ് ഇത്.
- അഞ്ചുലക്ഷം രൂപ വരെ വായ്പ.
- വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി 30 ശതമാനം വരെ ഗ്രാന്റ്.
- വിശദവിവരങ്ങൾക്ക് ഖാദി ബോർഡിന്റെ അതത് ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

## ശരണ്യ പദ്ധതി

- സംസ്ഥാന സർക്കാർ എംപ്ലോയ്മെന്റ് ഡിപ്പാർട്ടുമെന്റ് വഴി നടപ്പാക്കി വരുന്ന പദ്ധതിയാണ് ഇത്.
- സർക്കാർ ഫണ്ട് ആണ് വായ്പയായി വിതരണം ചെയ്യുന്നത്.
- 50,000 രൂപ വരെ വായ്പയും 50 ശതമാനം (പരമാവധി 25,000 രൂപ) വരെ സബ്സിഡിയും നൽകുന്നു.
- വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവിനെ കാണാതെപോയ സ്ത്രീകൾ, എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന അവിവാഹിതരായ അമ്മമാർ എന്നിവർക്ക് പ്രയോജനം ലഭിക്കും.
- വിശദാംശങ്ങൾക്ക് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുമായി ബന്ധപ്പെടാവുന്നതാണ്.

## നാനോ പലിശ സബ്സിഡി

- സംസ്ഥാന സർക്കാർ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കിവരുന്ന പദ്ധതി.
- വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി എട്ട് ശതമാനം പലിശ സബ്സിഡി അനുവദിച്ചു വരുന്നു.
- അഞ്ച് ലക്ഷം രൂപയിൽ താഴെ വായ്പ എടുത്ത് സ്വന്തം ഭവനങ്ങളിലോ മറ്റ് സ്ഥലത്തോ സംരംഭം നടത്തുന്നവർക്ക് വാർഷിക പലിശ തിരികെ നൽകുന്നു.
- തദ്ദേശസ്വയംഭരണ സ്ഥാപന അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും ഇതിന് അർഹതയുണ്ട്.
- ജില്ലാ വ്യവസായ കേന്ദ്രങ്ങളേയോ ആയതിന്റെ സബ് ഓഫീസുകളേയോ ഇതിനായി ബന്ധപ്പെടാവുന്നതാണ്.

## എന്റർപ്രണർ സപ്പോർട്ട് സ്കീം (ഇ.എസ്.എസ്)

- സംസ്ഥാന സർക്കാർ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതി.
- വനിതകളെ പ്രത്യേക വിഭാഗമായി കണ്ട് സ്ഥിര നിക്ഷേപത്തിന്റെ 20 ശതമാനം (കോവിഡിന്റെ പശ്ചാത്തലത്തിൽ 25 ശതമാനം ആയി ഉയർത്തി) പരമാവധി 30 ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു.
- മുൻഗണനാ വിഭാഗത്തിൽ വരുന്ന സംരംഭകയ്ക്ക് ഇപ്പോൾ 35 ശതമാനം വരെ സബ്സിഡി ലഭിക്കാൻ സാഹചര്യം ഉണ്ട്.
- നിർമ്മാണ യൂണിറ്റുകൾക്ക് സ്ഥിരം നിക്ഷേപത്തെ അടിസ്ഥാനമാക്കി 30 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു.
- വായ്പ എടുക്കാത്തവർക്കും ഈ ആനുകൂല്യം ലഭിക്കും.
- ജില്ലാ വ്യവസായ കേന്ദ്രം/സബ് ഓഫീസുകൾ എന്നിവയുമായി ബന്ധപ്പെട്ടാൽ വിശദാംശങ്ങൾ ലഭിക്കുന്നതാണ്.

## നാനോ സംരംഭങ്ങൾക്ക് 40 ശതമാനം വരെ ഗ്രാന്റ്

- സംസ്ഥാന സർക്കാർ ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പാക്കി വരുന്ന പദ്ധതി.
- വനിതകളെ പ്രത്യേക വിഭാഗമായി കരുതി പദ്ധതിച്ചെലവിന്റെ 40 ശതമാനം, പരമാവധി നാലു ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു.
- 10 ലക്ഷം രൂപയിൽ താഴെ പദ്ധതിച്ചെലവ് വരുന്ന നിർമാണ യൂണിറ്റുകൾക്കും ജോബ്വർക്ക് ചെയ്യുന്ന യൂണിറ്റുകൾക്കും പ്രയോജനം കിട്ടും.
- വായ്പ എടുക്കുന്നവർക്ക് മാത്രമാണ് ആനുകൂല്യം ലഭിക്കുക.
- ജില്ലാ വ്യവസായ കേന്ദ്രങ്ങൾ/താലൂക്ക് വ്യവസായ ഓഫീസുകളിൽ നിന്ന് കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണ്

## വനിതാ സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേക സഹായങ്ങൾ

- സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ട് അപ്പ് മിഷൻ വഴി നടപ്പാക്കി വരുന്ന പദ്ധതി.
- വനിതാ സ്റ്റാർട്ട് അപ്പുകൾക്ക് ലഭിച്ച ഓർഡറുകൾ നിർവഹിക്കുന്നതിന് ആവശ്യമായി വരുന്ന തുകയുടെ 80 ശതമാനം, പരമാവധി 15 ലക്ഷം രൂപ വരെ സോഫ്റ്റ് ലോൺ അനുവദിക്കുന്നു.
- വനിതാ സ്റ്റാർട്ട് അപ് പദ്ധതികളായ ടെക്നോളജി ട്രാൻസ്ഫർ സ്കീം, സോഫ്റ്റ് ലോൺ സ്കീം വഴി ടെക്നോളജി വാങ്ങുന്നതിന് വേണ്ടി വരുന്ന നിക്ഷേപത്തിന്റെ 90 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു.
- കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി ബന്ധപ്പെട്ടു വേണം അപേക്ഷ സമർപ്പിക്കാൻ.

## ആഷ

- കരകൗശല തൊഴിലാളികൾക്കായി ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പാക്കിവരുന്ന പദ്ധതി.
- ആർട്ടിസാൻ കാർഡ് ഉള്ള സംരംഭകയായിരിക്കണം.
- വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി അവരുടെ സ്ഥിരനിക്ഷേപത്തിന്റെ 50 ശതമാനം, പരമാവധി മൂന്നു ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു.
- വായ്പ എടുക്കാത്തവർക്കും ഈ സബ്സിഡി ലഭിക്കുന്നതാണ്.
- ഗാർമെന്റ് യൂണിറ്റുകൾക്കു പോലും ഈ ആനുകൂല്യം ലഭിക്കുന്നതാണ്.
- ജില്ലാ വ്യവസായകേന്ദ്രങ്ങൾ വഴി അപേക്ഷിക്കാം.



## സംരംഭക വായ്പകൾ വനിതാ വികസന കോർപ്പറേഷൻ വഴിയും

ആറു മുതൽ എട്ടു ശതമാനം വരെ പലിശയ്ക്ക് സംരംഭക വായ്പകൾ അനുവദിച്ചു വരുന്നുണ്ട്. വനിതകൾക്ക് എസ്.സി/എസ്.ടി കോർപ്പറേഷൻ, ഒ.ബിസി കോർപ്പറേഷൻ, മൈനോറിറ്റി കോർപ്പറേഷൻ, വികലാംഗ കോർപ്പറേഷൻ, മുന്നാക്ക കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നെല്ലാം കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭിക്കുന്നതാണ്. കൃത്യമായി ഒരു പദ്ധതി ഉണ്ടെങ്കിൽ വായ്പയും സബ്സിഡിയുമായി വനിതകൾക്കൊപ്പമുണ്ടാകും സർക്കാർ.

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2021 ജൂലായ്-ആഗസ്റ്റ്
പുസ്തകം 44
ലക്കം 4

## എഡിറ്റോറിയൽ

# അതിദാരിദ്ര്യനിർമ്മാർജ്ജന യജ്ഞത്തിനു തുടക്കമായി



രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ് അതിദാരിദ്ര്യ നിർമ്മാർജ്ജനം. സമൂഹത്തിന്റെ ഏതു മേഖലയിലും അവഗണിക്കപ്പെട്ട ജനവിഭാഗത്തെ മുഖ്യധാരയിലേക്ക് ചേർത്തു നിർത്താനുള്ള ഭരണകൂടത്തിന്റെ ഒരു ദൗത്യമാണ് ഇത്. റേഷൻകാർഡ്, വോട്ടർ പട്ടിക തുടങ്ങി സമൂഹത്തിന്റെ ഒരു പരിഗണനയിലും ഉൾപ്പെടാത്ത ജനവിഭാഗങ്ങളെ കണ്ടെത്തി അവർക്കുള്ള അവകാശങ്ങൾ ഉറപ്പാക്കാനുള്ള യജ്ഞമാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.

തെരുവിൽ അലയുന്നവർ, മാനസിക വെല്ലുവിളി നിമിത്തം സമൂഹം ഒറ്റപ്പെടുത്തിയവർ, കടത്തിണ്ണകളിലോ, പുറമ്പോക്കുകളിലോ, മേൽപ്പാലങ്ങളുടെ അടിയിലോ ഒക്കെ ജീവിതം തള്ളി നീക്കുന്നവർ ഒക്കെ ഈ വിഭാഗത്തിൽ ഉൾപ്പെടും. പരമ്പരാഗത രീതിയിലുള്ള ദാരിദ്ര്യ സർവ്വേയിൽ ഇവർ അകപ്പെടുകയില്ല. ഒരു ജനകീയ ക്യാമ്പയിന്റെ സ്വഭാവത്തിൽ അതിദരിദ്രരെ കണ്ടെത്തി, അവരെ ആ അവസ്ഥയിൽ നിന്നും മോചിപ്പിക്കേണ്ടതുണ്ട്. ഇതിനായി ഓരോ അതിദാരിദ്ര്യ കുടുംബത്തിന്റെയും അവസ്ഥ സംബന്ധിച്ച് സമഗ്രമായ വിവരശേഖരണം നടത്തേണ്ടതുണ്ട്. ഇതിനുള്ള സർവേയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

പട്ടിക തയ്യാറായാൽ കുടുംബാധിഷ്ഠിതമായ മൈക്രോ പ്ലാനുകൾ തയ്യാറാക്കി തനത് പദ്ധതികൾ നടപ്പിലാക്കുന്നു. ഓരോ തലത്തിലും അതിസൂക്ഷ്മ അവലോകനങ്ങളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് പട്ടികകൾ തയ്യാറാക്കുന്നതും പദ്ധതികൾ ആവിഷ്കരിക്കുന്നതും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, തദ്ദേശസ്ഥാപനതല സമിതികളുമൊക്കെ അതീവ ജാഗ്രതയോടെ പദ്ധതികളുടെ നടത്തിപ്പിനു നേതൃത്വം നൽകുമ്പോൾ തീർച്ചയായും അഞ്ചുവർഷത്തിനകം കേരളം അതി ദാരിദ്ര്യ മുക്ത സംസ്ഥാനമായി മാറും.

സരിത. കെ.പി.
ചീഫ് എഡിറ്റർ

ഉപദേശക സമിതി ചെയർമാൻ: വി.ആർ. വിനോദ് ഐഎഎസ് ഗ്രാമവികസന കമ്മീഷണർ
അംഗങ്ങൾ വി.എസ്. സന്തോഷ്കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1 ● അബ്ദുൾ സലീം. കെ.എസ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-2
● ഡോ. പി.കെ. സനിൽ കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY ● ജി. കൃഷ്ണകുമാർ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
● ഡി. സുധ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി ● ഷാജി ക്ലെമന്റ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ്
● ദിവ്യ ഡെപ്യൂട്ടി ഡയറക്ടർ (P&M) ● ജലജകുമാരി. എൽ, സീനിയർ ഫിനാൻസ് ഓഫീസർ ● നജീബ് .എച്ച് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ സരിത. കെ.പി ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
എഡിറ്റർ ധന്യ .എസ് കാംപെയ്ൻ ഓഫീസർ അസിസ്റ്റന്റ് എഡിറ്റർ സി. പ്രശാന്ത് അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ വിനോദ് ഡാനിയൽ മാനേജർ കവർ & ലേ-ഔട്ട് രതീഷ് കുമാർ rash8590070404@gmail.com

ഓഫീസ് റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

# കത്തുകൾ

## പുതിയ ചരിത്രം

നീണ്ട ഇടവേളയ്ക്കു ശേഷം കേരളത്തിൽ വീണ്ടും ഒരു ഭരണ ത്തുടർച്ചയുണ്ടായിരിക്കുന്നു. ജന ങ്ങളുടെ പ്രതീക്ഷകൾക്കൊത്തു പ്രവർത്തിക്കുന്ന തുടർഭരണമായി രിക്കും ഉണ്ടാകുന്നതെന്ന് ആദ്യ മന്ത്രിസഭാ യോഗത്തിനു ശേഷമു ള്ള മുഖ്യമന്ത്രിയുടെ വാക്കുകൾ ഉറ പ്പു നൽകുന്നു.പുതിയ മന്ത്രിസഭയേ യും മന്ത്രിസഭാ തീരുമാനങ്ങളേയും വിശദമായിത്തന്നെ അവതരിപ്പിച്ച ഗ്രാമഭൂമിക്ക് അഭിനന്ദനങ്ങൾ.

എൻ. ഗംഗാധരൻ, മാവേലിക്കര

## പരിസ്ഥിതി

അനുദിനം മരിച്ചു കൊണ്ടിരി ക്കുന്ന പ്രകൃതിയെക്കുറിച്ചും പാരി സ്ഥിതിക അവബോധത്തിന്റെ പ്രാ ധാന്യത്തെക്കുറിച്ചും ഉൾക്കാഴ്ച നൽകുന്ന ലേഖനമായിരുന്നു, കഴി ഞ്ഞ ലക്കം ഗ്രാമഭൂമിയിൽ പ്രസി ദ്ധീകരിച്ച 'മാറുക; അല്ലെങ്കിൽ സർവ്വനാശത്തിന് തയ്യാറാവുക'. വികസനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിനും അതീവ പ്രാ ധാന്യമുണ്ടെന്ന് ലേഖനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ലേഖനമെഴു തിയ ഷിജു ഏലിയാസിന് അഭിനന്ദ നങ്ങൾ.

ജോൺ ജോസഫ്, ഒല്ലൂർ

## കൃഷിയും കാട്ടുമൃഗങ്ങളും

കർഷകരുടെ പ്രതീക്ഷകളെ തകിടം മറിക്കുന്ന പ്രധാന പ്രശ് നങ്ങളിലൊന്നാണ് കൃഷിയിടങ്ങ ളിലേക്കുള്ള കാട്ടുമൃഗങ്ങളുടെ കടന്നുകയറ്റം. പക്ഷേ, ഇത്തരം ആ ക്രമണങ്ങൾക്കു പിന്നിൽ നിരവധി കാരണങ്ങളുമുണ്ട്. ഇവയെക്കുറിച്ച് അറിവു പകരുന്നതായിരുന്നു ഡോ. ഷീജാകുമാരി കൊടുവഴന്നൂർ എഴു തിയ 'ആവാസത്തിലെ പോർനില ങ്ങളിൽ ' എന്ന ലേഖനം.തുടർന്നും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കു ന്നു.

അശ്വതി. പി. എസ്
മലയിൻകീഴ്




6 കവർസ്റ്റോറി
അതിദാരിദ്ര്യമുക്ത കേരളമാണ് ലക്ഷ്യം
എം വി ഗോവിന്ദൻ മാസ്റ്റർ

10 അതിദരിദ്രരെ കണ്ടെത്തൽ രീതിശാസ്ത്രവും പ്രക്രിയയും





ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ
തപാലിൽ ലഭിക്കുവാൻ

ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക email : ribkerala@gmail.com



ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.




21 ജാഗ്രത
എൽ.എസ്.ജി.ഡി വാർറൂം
കോവിഡിനെതിരെ
കേരളസർക്കാരിന്റെ
യുദ്ധസന്നാഹം
വി ആർ വിനോദ് ഐ എ എസ്

28 പദ്ധതി
ജനകീയാസൂത്രണത്തിൽ
സാർത്ഥകമായ
25 വർഷങ്ങൾ
ടി ഷാഹുൽ ഹമീദ്

വികസന വാർത്തകൾ
31 തരിശിടാനിനി ഭൂമിയില്ലെന്നുറപ്പിച്ചു
തൊഴിലുറപ്പ് പദ്ധതിയും
പുഴയ്ക്കൽ ബ്ലോക്കും

33 തിളയ്ക്കുന്ന സൂര്യനെ
തളയ്ക്കാൻ തളിക്കുളം

35 വായന ലോകത്തേക്ക്
വാതിലുകൾ തുറന്നിട്ട്
വെള്ളാങ്ങല്ലൂർ

37 പൊതുവിജ്ഞാനം
ധന്യ. എസ്





25 വിജയഗാഥ
കൂട്ടിൽ വളരുന്ന മത്സ്യങ്ങൾ
വയനാടൻ വിജയഗാഥ
രമേഷ്കുമാർ വെള്ളമുണ്ട



കവർസ്റ്റോറി

**എം വി ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി



# അതിദാരിദ്ര്യമുക്ത കേരളമാണ് ലക്ഷ്യം

അതി ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിനായുള്ള ജനകീയ പ്രസ്ഥാനവുമായി കേരളം മുന്നോട്ടുപോകാനൊരുങ്ങുകയാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ച വേളയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ അതിദാരിദ്ര്യ നിർമ്മാജ്ജനം പ്രധാന ഇനമായി രേഖപ്പെടുത്തിയിരുന്നു. ആ വാഗ്ദാനപാലനത്തിനായുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുകയാണ് എൽ ഡി എഫ് സർക്കാർ. കേരളം ലോകത്തിന് മുന്നിൽ നിരവധി മാതൃകകൾ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. സാക്ഷരത, ജനകീയാസൂത്രണ-കുടുംബശ്രീ പ്രസ്ഥാനങ്ങൾ വളർത്തിയെടുക്കാൻ നമുക്ക് സാധിച്ചു. വികസിത രാജ്യങ്ങളോട് താരതമ്യം ചെയ്യാനുതകുന്ന വിധത്തിൽ സാമൂഹിക നേട്ടങ്ങൾ നേടിനിൽക്കുന്ന കേരളത്തിന് തീർച്ചയായും അതിദാരിദ്ര്യ നിർമ്മാർജ്ജന

**അടിസ്ഥാന സൗകര്യങ്ങളും അവകാശങ്ങളും നിറവേറ്റാൻ കഴിയാത്ത, ബാഹ്യസഹായം ഇല്ലാതെ ജീവിതം മുന്നോട്ടുകൊണ്ടുപോവാൻ സാധിക്കാത്ത അശരണരും നിരാലംബരും അഗതികളുമായ കുടുംബങ്ങളെയാണ് അതിദരിദ്രരായി കണക്കാക്കേണ്ടത്.**

യജ്ഞവും വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കും.

ആശ്രയ, അഗതി രഹിത കേരളം, വിശപ്പുരഹിത കേരളം തുടങ്ങി അതിദാരിദ്ര്യം ഇല്ലാതാക്കാൻ കേരള സർക്കാർ നേരത്തെ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് ഇപ്പോഴത്തെ യജ്ഞം. അഞ്ചുവർഷം കൊണ്ട് കേരളത്തിൽ അവിടെയുമിവിടെയുമുള്ള അതി ദരിദ്രരെ കണ്ടെത്തി, അതിജീവന പദ്ധതികൾ നടപ്പിലാക്കി, അവരെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനായി വിപുലമായ ക്യാമ്പയിന് സംസ്ഥാന സർക്കാർ തുടക്കമിട്ടുകഴിഞ്ഞു.

ദാരിദ്ര്യവും അതിദാരിദ്ര്യവും തമ്മിൽ വ്യത്യാസമുണ്ട്. ദാരിദ്ര്യം എന്നത് നാം പൊതുവിൽ പറയുന്ന ഒരു പ്രയോഗമാണ്. ഒരു മനുഷ്യൻ നേരിടുന്ന വിവിധ തരത്തിലുള്ള ശേഷിയില്ലായ്മകളെ ദാരിദ്ര്യം എന്ന് വിവക്ഷിക്കാം. നേരത്തെ ഭക്ഷണത്തെയും അതിൽ നിന്ന് മനുഷ്യന് ലഭിക്കുന്ന കലോറി ഊർജ്ജത്തെയും മാനദണ്ഡമായെടുത്താണ് ദാരിദ്ര്യം നിർണയിച്ചിരുന്നത്. അങ്ങനെയാണ് ദാരിദ്ര്യരേഖയെന്ന സൂചകം തന്നെ ഉണ്ടായിട്ടുള്ളത്. ആഹാര ലഭ്യതയെന്ന ഒറ്റ മാനദണ്ഡത്തിൽ നിന്നും മാറി പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം, ആരോഗ്യം, സേവനലഭ്യത, അടിസ്ഥാനസൗകര്യങ്ങളും വരുമാനവും, സാമൂഹ്യക്ഷേമ പരിപാടികളുടെ ലഭ്യത തുടങ്ങിയവയൊക്കെ ദാരിദ്ര്യം തിട്ടപ്പെടുത്താനുള്ള മാനകങ്ങളായി പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടു. ഇവയിൽ വരുമാനം വിദ്യാഭ്യാസം ആരോഗ്യം എന്നിവയെ പരിഗണിക്കുന്ന മാനവ വികസന സൂചികയിലൂടെ, മാനവ വിഭവശേഷിയുടെ വികസനത്തെ കണക്കാക്കാൻ സാധിക്കും. കേരളം മാനവ വികസന സൂചികകളിൽ ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണെന്ന് കേന്ദ്രസർക്കാരിന്റെ രേഖകളിൽ നിന്നും മനസിലാക്കാൻ കഴിയും. അപ്പോഴും കേരളത്തിൽ ദാരിദ്ര്യത്തിന്റെ തുരുത്തുകളുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

പൊതുവിൽ ഉള്ള ശേഷികളുടെ അഭാവം ആണ് ദാരിദ്ര്യം. എന്നാൽ, ഏറ്റവും തീവ്രമായി അത്തരം അവസ്ഥകളെ അഭിമുഖീകരിക്കുന്നവരാണ് അതി ദരിദ്രർ. ദരിദ്രരെ സംബന്ധിച്ച് ഭക്ഷണം, സുരക്ഷിതമായ താമസ സൗകര്യം, വസ്ത്രം തുടങ്ങിയ സൗകര്യങ്ങൾ നേടിയെടുക്കുന്നതിൽ




ബുദ്ധിമുട്ടുകൾ ഉണ്ടായിരിക്കും. അവരെ സംബന്ധിച്ച് അതിജീവിനത്തിനുള്ള ബുദ്ധിമുട്ടുകൾ വിടാതെ പിന്തുടരുന്നില്ല. തൊഴിലില്ലാത്ത ദിവസങ്ങളിൽ ഇത്തരം കുടുംബങ്ങളിൽ ബുദ്ധിമുട്ടുകളുണ്ടാവാം. തൊഴിൽ ലഭിക്കുമ്പോൾ ആ അവസ്ഥയെ അവർ അതിജീവിക്കുകയും ചെയ്യും. സുരക്ഷിതമായ താമസ സൗകര്യം ഇല്ലെങ്കിലും അവർക്ക് താമസിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കും. ഇതിൽ നിന്നും വ്യത്യസ്തമാണ് അതി ദരിദ്രരുടെ അവസ്ഥ. അവർക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വരെ നേടിയെടുക്കാൻ കഴിയില്ല. ഭക്ഷണവും വസ്ത്രവും സുരക്ഷിതമായ താമസ സൗകര്യവും അടിസ്ഥാനവരുമാനം പോലും അവർക്ക് ഉണ്ടാവില്ല. ഒരു വിധത്തിലും ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്ത വിഭാഗത്തിലുള്ളവരെയാണ് അതിദരിദ്രരായി കണക്കാക്കുന്നത്.

അതിദരിദ്രരെ സംബന്ധിച്ച് അവർ സ്വന്തം അവസ്ഥ മറ്റുള്ളവരെ ബോധ്യപ്പെടുത്തി, ആ ദയനീയമായ സാഹചര്യത്തെ മറികടക്കാൻ ശേഷിയില്ലാത്തവരാണ്. ഉപജീവനവും അതിജീവനവും നേടാനുള്ള മാനസികവും ശാരീരികവുമായ ത്രാണി അവർക്കുണ്ടാവില്ല. വാർധക്യം കൊണ്ടോ, മാനസികമായ വെല്ലുവിളികൾ നിമിത്തമോ, തീരാവ്യാധികളാൽ ഉഴറിയോ ദൈനംദിന ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകാൻ

ഈ വിഭാഗത്തിലുള്ളവർക്ക് സാധിക്കില്ല. അതി ദാരിദ്ര്യം കണക്കാക്കുമ്പോൾ കൃത്യമായ വിലയിരുത്തൽ ആവശ്യമാണ്. തൊഴിൽ ശേഷിയും അടിസ്ഥാനവരുമാനവും ജീവിത സാഹചര്യങ്ങളും ഉള്ള ദരിദ്രകുടുംബങ്ങളെ അതിദരിദ്രരായി കണക്കാക്കരുത്. അടിസ്ഥാന സൗകര്യങ്ങളും അവകാശങ്ങളും നിറവേറ്റാൻ കഴിയാത്ത, ബാഹ്യസഹായം ഇല്ലാതെ ജീവിതം മുന്നോട്ടുകൊണ്ടുപോവാൻ സാധിക്കാത്ത അശരണരും നിരാലംബരും അഗതികളുമായ കുടുംബങ്ങളെയാണ് അതി ദരിദ്രരായി കണക്കാക്കേണ്ടത്. ഈ വിഭാഗത്തിലുള്ളവരെ സംബന്ധിച്ച് സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും ശക്തമായ പിന്തുണയില്ലാതെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനോ, ദാരിദ്ര്യാവസ്ഥയെ മറികടക്കാനോ സാധിക്കില്ല. എന്നാൽ, ദരിദ്രരെ സംബന്ധിച്ച് അവരുടെ തൊഴിൽശേഷിയും വരുമാനവും വച്ച് ചുരുങ്ങിയ അളവിലെങ്കിലും ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. ദരിദ്ര വിഭാഗത്തിലുള്ളവരെ ആ അവസ്ഥയിൽ നിന്നും കരകയറ്റുന്നതിന് സർക്കാരിന്റെ പല പദ്ധതികളും സഹായകമായിട്ടുണ്ട്. റേഷൻ സംവിധാനങ്ങളും തൊഴിലുറപ്പ് പദ്ധതിയും ലൈഫ് മിഷൻ പോലുള്ള പദ്ധതികളുമൊക്കെ ഉദാഹരണമാണ്. ഈ അടിസ്ഥാന സഹായങ്ങൾ പോലും ലഭിക്കാത്ത അവസ്ഥയിൽ നിൽക്കുന്ന അതിദാരിദ്ര്യ വിഭാഗത്തെയാണ് കണ്ടെത്തേണ്ടത്. ആ ദുർബലാവസ്ഥയിൽ നിന്നും അവരെ സ്ഥായിയായി മോചിപ്പിക്കേണ്ടതുണ്ട്.

അഗതികളെയും ദരിദ്രരെയും കണ്ടെത്തുന്നതിന് നേരത്തെ നടപ്പിലാക്കിയ പദ്ധതികൾ ചിലർക്കൊക്കെ സഹായകമായിട്ടുണ്ടാവാം. എന്നാൽ, ദാരിദ്ര്യാവസ്ഥ തുടച്ചുനീക്കാൻ അവ പര്യാപ്തമായിരുന്നില്ല. ആശ്രയ പദ്ധതിയൊക്കെ ഉദാഹരണമാണ്. ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തിയത്. തുടർന്നു നടപ്പിലാക്കിയ അഗതി രഹിത കേരളം, ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച രൂപമായിരുന്നു. ഈ പദ്ധതികളിലൊന്നും ഉൾപ്പെടാതെ പോയ അതി ദരിദ്രരെയാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്. അവരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള ഇടപെടലാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.



എന്തുകൊണ്ട് നേരത്തെ ആവിഷ്കരിച്ച പദ്ധതിയിലൊന്നും അതിദാരിദ്ര്യ വിഭാഗത്തിലുള്ള കുടുംബങ്ങൾ ഉൾപ്പെട്ടില്ല എന്ന ചോദ്യം ഇവിടെ പലരും ഉന്നയിക്കുന്നുണ്ട്. അതി ദാരിദ്ര്യ വിഭാഗത്തെ സംബന്ധിച്ചിടത്തോളം തങ്ങളുടെ അവസ്ഥ ഏതെങ്കിലും ഒരു സംവിധാനത്തിന് മുന്നിൽ വെളിപ്പെടുത്താനുള്ള സാഹചര്യം പോലുമില്ല എന്നതാണ് യാഥാർത്ഥ്യം. തങ്ങൾക്ക് വേണ്ടി ശബ്ദമുയർത്താൻ അവർക്കാവില്ല. വിവിധ തരത്തിലും തലത്തിലുമുള്ള സാമൂഹ്യ ഒറ്റപ്പെടലുകൾ അനുഭവിക്കുന്നവരാവും ഈ വിഭാഗത്തിലുള്ളവർ. തെരുവിൽ അലയുന്നവരും മാനസിക വെല്ലുവിളി നിമിത്തം സമൂഹം ഒറ്റപ്പെടുത്തിയവരും കടത്തിണ്ണകളിലോ, പുറമ്പോക്കുകകളിലോ, മേൽപ്പാലങ്ങളുടെ അടിയിലോ ഒക്കെ ജീവിതം തള്ളിനീക്കുന്നവരുമൊക്കെ ഈ വിഭാഗത്തിൽ ഉണ്ടാവും. അവരെ കുടുംബമായി പോലും ആരും പരിഗണിക്കാറില്ല. പരമ്പരാഗതമായ രീതിയിലുള്ള ദാരിദ്ര്യ സർവ്വേയിൽ ഇവർ അകപ്പെടുകയില്ല. അവിടെയാണ് പൊതുസമൂഹത്തിന്റെ ഇടപെടൽ പ്രസക്തമാവുന്നത്. ഒരു ജനകീയ ക്യാമ്പയിന്റെ സ്വഭാവത്തിൽ അതി ദരിദ്രരെ കണ്ടെത്തി, അവരെ ആ അവസ്ഥയിൽ നിന്നും മോചിപ്പിക്കുവാനുമുള്ള ക്യാമ്പയിൻ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ആരും കാണാതെ ജീവിതം തള്ളി നീക്കുന്ന നിസ്വരെ കണ്ടെത്താനും അവരെ ജീവിതത്തിലേക്ക് നയിക്കാനും സാധിക്കുകയുള്ളു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ക്യാമ്പയിനിൽ വലിയ പങ്കാണ് വഹിക്കാനുള്ളത്. പ്രാദേശിക സർക്കാരുകളുടെ രണ്ടര ദശാബ്ദക്കാലത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ദാരിദ്ര്യ ലഘൂകരണത്തിന് ഏറെ സാധിച്ചിട്ടുണ്ട്. വീട്, കുടിവെള്ളം, സാനിറ്റേഷൻ സൗകര്യം, വൈദ്യുതീകരണം മുതലായ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ ഇതിലൂടെ കഴിഞ്ഞു. ദാരിദ്ര്യത്തെ നേരിടുന്നതിന് പട്ടികജാതി- വർഗ വിഭാഗങ്ങളുടെ ഉപപദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകി. 1998ൽ കുടുംബശ്രീ ആവിഷ്കരിക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം മുന്നിൽ വെച്ചാണ്. തുടർന്ന് നടപ്പിലാക്കപ്പെട്ട എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും കുടുംബശ്രീയുടെയും പ്രാദോശിക സർക്കാരുകളുടെയും ആഭിമുഖ്യത്തിലാണ് നടപ്പിലാക്കിയത്. 2002-03 ഓടുകൂടി ആശ്രയ പദ്ധതി ആവിഷ്കരിക്കുകയും അതി ദാരിദ്ര്യത്തെ അഭിസംബോധന ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എല്ലാത്തരം ദാരിദ്ര്യ നിർമാർജ്ജന പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച് ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി ആവിഷ്കരിക്കാനും ആരംഭിച്ചു. ഇതൊക്കെ നടപ്പിലാ



**ജനപങ്കാളിത്തത്തോടെ മാത്രമേ അതിദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം സാധിതമാക്കാൻ കഴിയുകയുള്ളു. ഏറ്റവും അർഹരായ അതിദരിദ്രരെ കണ്ടെത്തുന്നതിന് ജനങ്ങളുടെ കൂട്ടായ ശ്രമം ആവശ്യമാണ്.**

ക്കിയത് കുടുംബശ്രീ തന്നെയാണ്. 2016ലാണ് അതി ദരിദ്രരെ കണ്ടെത്താനും അവരുടെ ജീവിത നിലവാരം ഉറപ്പുവരുത്താനും അഗതിരഹിത കേരളം പദ്ധതിക്ക് തുടക്കമിട്ടത്. അടിസ്ഥാന അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ, വികസന ആവശ്യങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് അഗതി രഹിത കേരളം പദ്ധതി മുന്നോട്ടുപോയത്. ഇത്തരം പദ്ധതികളിലൊന്നും ഉൾപ്പെടാത്ത, ദാരിദ്ര്യത്തിന്റെ കറുപ്പിൽ നിന്നും മോചനം നേടാനാവാത്ത അതി ദരിദ്രരെയാണ് പുതിയ യജ്ഞത്തിലൂടെ സംസ്ഥാന സർക്കാർ ദാരിദ്ര്യ രഹിത ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താൻ ശ്രമിക്കുന്നത്.

ജനപങ്കാളിത്തത്തോടെ മാത്രമേ അതി ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം സാധിതമാക്കാൻ കഴിയുകയുള്ളു. ഏറ്റവും അർഹരായ അതി ദരിദ്രരെ കണ്ടെത്തുന്നതിന് ജനങ്ങളുടെ കൂട്ടായ ശ്രമം ആവശ്യമാണ്. സാധാരണ നിലയിൽ ആരുടെയും ശ്രദ്ധയിൽപ്പെടാതെ പോകുന്ന നിരാലംബരും നിരാശ്രയരുമായ ആളുകളെ, കുടുംബങ്ങളെ കണ്ടെത്താൻ സാധിക്കണം. ദാരിദ്ര്യത്തെയും അതി ദാരിദ്ര്യത്തെയും കൃത്യമായി വേർതിരിച്ചുകൊണ്ട് ഗുണഭോക്താക്കളെ കണ്ടെത്തണം. അതി ദാരിദ്ര്യമുള്ളവരെ കണ്ടെത്തുന്നതും ആ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതും ഒരു സാമൂഹിക ഉത്തരവാദിത്തമാണെന്ന നിലയിൽ ജനകീയമായ ഒരു അവബോധം സമൂഹത്തിൽ ഉണർന്നുവരണം. അതിനൊക്കെ ജനകീയമായ ഇടപെടൽ അനിവാര്യമാണ്.

സ്ഥലവും വീടുമില്ലാതെ തെരുവിൽ അലയുന്ന കുടുംബങ്ങൾ. റേഷൻ കാർഡുപോലുമില്ലാതെ, ആഹാരത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്ന, തൊഴിൽ എടുക്കാൻ ശേഷിയില്ലാത്ത കുടുംബങ്ങൾ. കുടുംബത്തിലുള്ള ശയ്യാവലംബിയായ രോഗിയെ പരിചരിക്കുന്നത് മൂലം തൊഴിൽശേഷിയുള്ള അപരന് തൊഴിൽ ചെയ്യാൻ പോലും സാധിക്കാത്ത ദുരവസ്ഥയിൽ മുന്നോട്ടുപോകുന്ന കുടുംബങ്ങൾ. വയോജനങ്ങൾ മാത്രമുള്ള ആർക്കും തൊഴിലെടുക്കാൻ സാധിക്കാത്ത കുടുംബങ്ങൾ ഇങ്ങനെയുള്ള നിരവധി പേർ ആരാലും ശ്രദ്ധിക്കപ്പെടാതെ നാടിന്റെ വിവിധ മേഖലകളിലുണ്ട്. അവരെ കണ്ടെത്തണമെങ്കിൽ പരമ്പരാഗത രീതിയിലുള്ള ഒരു സർവ്വെ മതിയാവില്ല. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരവരുടെ വാർഡുകളിൽ ക്ലസ്റ്ററുകളും വാർഡ് തല കൂട്ടായ്മകളുമുണ്ടാക്കി, രാഷ്ട്രീയ സംഘടനാ പ്രതിനിധികളും സമൂഹത്തിലെ മറ്റ് പൗരപ്രമുഖരും സന്നദ്ധസംഘടന-പാലിയേറ്റീവ് പ്രവർത്തകരും തുടങ്ങി സമൂഹത്തിന്റെ ഒരു പരിച്ഛേദമെന്നപോലെ കൂടിയിരുന്ന് വിശദമായ ചർച്ചകളിലൂടെ അതി ദരിദ്രരെ കണ്ടെത്തണം. തുടർന്ന് അവരുടെ ദാരിദ്ര്യാവസ്ഥയെ മറികടക്കുന്നതിനുള്ള ഇടപെടലുകൾക്കും സമൂഹത്തെയാകെ പങ്കാളികളാക്കണം. ഈ പ്രക്രിയയിലൂടെ സമൂഹ അവബോധത്തിൽ തന്നെ മാറ്റങ്ങളുണ്ടാകും എന്നത് തർക്കമില്ലാത്ത കാര്യമാണ്.

സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത് അഞ്ചുവർഷം കൊണ്ട് സംസ്ഥാനത്തെ അതിദരിദ്ര വിഭാഗത്തിലുള്ളവരെ കണ്ടെത്തി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാണ്. ഓരോ അതിദരിദ്ര കുടുംബത്തിന്റേയും അവസ്ഥയെ സംബന്ധിച്ച സമഗ്രമായ വിവരശേഖരണം ഇതിനായി നടത്തേണ്ടതുണ്ട്. അവരുടെ അതിജീവനത്തിന് ജീവിത നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനാവശ്യമായ രീതിയിൽ കുടും



ബാധിഷ്ഠിതമായ മൈക്രോപ്ലാനുകൾ തയ്യാറാക്കണം. ഓരോ വാർഡിലും തയ്യാറാക്കുന്ന ഇത്തരം മൈക്രോപ്ലാനുകൾ ക്രോഡീകരിച്ച് പ്രദേശിക സർക്കാരുകൾ തനത് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണം എന്നാണ് ഉദ്ദേശിക്കുന്നത്. ഇതിനായി അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള ഒരു രീതി ശാസ്ത്രം ആവിഷ്കരിക്കേണ്ടതുണ്ട്. ആ പ്രക്രിയയെ സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും പരിശീലനം ആവശ്യമാണ്. സർക്കാർ അതിലേക്ക് കടന്നുകഴിഞ്ഞു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഡ് തലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കണം. വാർഡ് തലത്തിലും തദ്ദേശ സ്ഥാപന തലത്തിലുമുള്ള ജനകീയ സമിതികളുടെ മേൽനോട്ടത്തിലാവണം പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഏകോപന സമിതികൾ ആവശ്യമാണ്. അതിന് ശേഷമാവണം എല്ലാ മുന്നൊരുക്കങ്ങളോടും കൂടി അതി ദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കേണ്ടത്. ജനകീയ സമിതികൾ പ്രാഥമികമായി പട്ടികപ്പെടുത്തിയ കുടുംബങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സർവ്വേ നടത്തേണ്ടതുണ്ട്. ആ സർവ്വേ റിപ്പോർട്ട് സൂപ്പർ ചെക്കിംഗിന് വിധേയമാക്കണം. സർവ്വേവിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ട് വാർഡ് തല ഗുണഭോക്തൃപട്ടിക തയ്യാറാക്കണം. അവ ഏകോപിപ്പിച്ചാവണം തദ്ദേശ സ്ഥാപന തലത്തിലുള്ള ഗുണഭോക്തൃപട്ടിക ഉണ്ടാക്കുന്നത്. അതിന് ജനങ്ങളുടെ അംഗീകാരം വേണം. ഗ്രാമ/വാർഡ് സഭകളിൽ ഈ പട്ടിക അവതരിപ്പിച്ച് അംഗീകരിക്കണം. തദ്ദേശ സ്ഥാപന തലത്തിലും അംഗീകാരം നേടണം. അങ്ങിനെയാണ് അന്തിമ ഗുണഭോക്തൃ പട്ടികകൾ യാഥാർത്ഥ്യമാവുക. തുടർന്ന് പട്ടികയിലെ ഓരോ കുടുംബത്തിനും ഒരു സൂക്ഷ്മ പദ്ധതിയും തദ്ദേശ സ്ഥാപന തല പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട്. സൂക്ഷ്മ പദ്ധതിയുടെ നടത്തിപ്പിനായി ആവശ്യമായ വിഭവങ്ങളുടെ സമാഹാരമടക്കമുള്ള കാര്യങ്ങൾക്ക് വാർഡ് തല, തദ്ദേശ സ്ഥാപന തല സമിതികൾ നേതൃത്വം നൽകണം. ജനപങ്കാളിത്തത്തോടെ വിവിധ തലങ്ങളിലുള്ള സംവിധാനങ്ങളെ ഏകോപിപ്പിച്ച് സൂക്ഷ്മതല പദ്ധതിയുടെ നിർവ്വഹണം നടത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും തദ്ദേശ സ്ഥാപന തല സമിതികളുമൊക്കെ സൂക്ഷ്മ തല പദ്ധതിയുടെ നടത്തിപ്പിന് നേതൃത്വം നൽകുമ്പോൾ തീർച്ചയായും അഞ്ചുവർഷത്തിനകം തന്നെ കേരളത്തിലെ അതിദാരിദ്ര്യം സമ്പൂർണമായി നിർമ്മാർജ്ജനം ചെയ്യാൻ നമുക്ക് സാധിക്കും. കേരളം തിളക്കമുള്ള മറ്റൊരു ജനകീയ പ്രസ്ഥാനം കൂടി അടയാളപ്പെടുത്താൻ പോവുകയാണ്.●

ആശ്രയ പദ്ധതിയുടെ പരിധിയിൽ വരേണ്ടതും വിട്ടുപോയതുമായ പരമദരിദ്രരെ കണ്ടെത്തി അവർക്കു വേണ്ടി വരുമാനം ആർജിക്കാനുള്ള പദ്ധതികളും അത് പറ്റാത്തവർക്കു ഇൻകം ട്രാൻസ്ഫർ പദ്ധതികളും മൈക്രോപ്ലാനുകളിലൂടെ ആവിഷ്കരിച്ചു നടപ്പിലാക്കുക എന്നത് ഈ സർക്കാർ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ലക്ഷ്യമിടുന്ന ഒരു പ്രധാനപ്പെട്ട ഇടപെടലാണ്.

സാമൂഹിക സാമ്പത്തിക ദുർബലത അഥവാ ദാരിദ്ര്യം എന്നത് നിരന്തരമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ്. ഒരു ദരിദ്രകുടുംബം അതി ദാരിദ്ര്യത്തിലേക്ക് എത്തുന്നതിന് മുൻപേ വിവിധ തരത്തിലുള്ള വിഭവശേഷി ദാരിദ്ര്യത്തിലൂടെ കടന്നു പോകുന്നു. അതിനാൽ തന്നെ ദാരിദ്ര്യത്തെ പ്രായോഗികമായി നേരിടുന്നതിന് അതിന്റെ വിവിധ ഘടകങ്ങൾ തമ്മിലുള്ള പ്രകടമായ വ്യത്യാസങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. ദരിദ്രരെ പൊതുവെ താഴെ പറയുന്ന പ്രകാരം മൂന്നായി തിരിക്കാം.

### അതി ദരിദ്രർ

അതിജീവനത്തിന് ആവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കാൻ ആകാത്തവർ (ഭക്ഷണം, സുരക്ഷിതമായ താമസം, ആരോഗ്യം, അടിസ്ഥാന വരുമാനം)

### ദരിദ്രർ

അടിസ്ഥാന ആവശ്യങ്ങളിൽ പലതും നേടിയെടുക്കുന്നതിന് ഇടയ്ക്കിടെ ബുദ്ധിമുട്ട് നേരിടുന്നവർ. ഇവർക്ക് പല അടിസ്ഥാന ആവശ്യങ്ങളും മിക്കപ്പോഴും ലഭ്യമാകുന്നില്ല.

### ദാരിദ്ര്യത്തിന്റെ വക്കിൽ ഉള്ളവർ

ഇവർക്ക് മിക്കപ്പോഴും അടിസ്ഥാന ആവശ്യങ്ങൾ നേടാൻ ആവുന്നുണ്ടെങ്കിലും പലപ്പോഴും അതിനു കഴിയാതെ പോകുന്നു. ഇവർ

# അതിദരിദ്രരെ കണ്ടെത്തൽ

## രീതിശാസ്ത്രവും പ്രക്രിയയും



ദാരിദ്ര്യ അവസ്ഥക്ക് അകത്തേക്കും, പുറത്തേക്കും ഇടയ്ക്കിടെ മാറിക്കൊണ്ടിരിക്കുന്നു.

### അതി ദാരിദ്ര്യത്തെ നേരിടുന്നതിനുള്ള സർക്കാർ ഇടപെടലുകൾ

ദാരിദ്ര്യത്തിനെതിരായ പോരാട്ടത്തിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ മുൻപന്തിയിലാണ്. ദാരിദ്ര്യത്തെ നേരിടുന്നതിനുള്ള ഇടപെടലുകളുടെ മുൻനിരയിൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹ്യസുരക്ഷ എന്നിങ്ങനെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവന മേഖലയിലെ നിരവധി പദ്ധതികൾ ദാരിദ്ര്യത്തെ വിവിധ തരത്തിൽ ലഘൂകരിക്കുന്നതിന് സഹായകമായിട്ടുണ്ട്. വിവിധ പദ്ധതികളിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള പ്രാദേശിക സർക്കാരുകളുടെ ശ്രമത്തെ ക്രോഡീകരിച്ച് ഒരുപദ്ധതിക്ക്കീഴിൽകൊണ്ടുവരുന്നതിനുള്ള ശ്രമമായിരുന്നു ദാരിദ്ര്യനിർ

മ്മാർജ്ജന ഉപപദ്ധതി. മൈക്രോ ക്രെഡിറ്റ്, എന്റർപ്രൈസ് ഡവലപ്പ്മെന്റ് എന്നിവയിലൂടെ പാവപ്പെട്ടവരുടെ സ്വയം സഹായത്തിന് ഊന്നൽ നൽകികൊണ്ട് 1998 ൽ സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന ദൗത്യവുമായി കുടുംബശ്രീ മിഷൻ ആരംഭിച്ചു.

ദാരിദ്ര്യത്തിന് ഇരയാകുന്ന ആളുകളെ തിരിച്ചറിയാൻ കുടുംബശ്രീ 9 പോയിന്റ് സൂചിക എന്നറിയപ്പെടുന്ന ക്ലേശ ഘടകങ്ങൾ ഉപയോഗിച്ചു. ഈ സൂചിക, പങ്കാളിത്ത കമ്മ്യൂണിറ്റി ദാരിദ്ര്യ വിലയിരുത്തലിനെ പ്രാപ്തമാക്കി. ഒപ്പം പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ തിരിച്ചറിയാനും സഹായിച്ചു. വ്യത്യസ്ത ദുർബലതകളെ അഭിസംബോധന ചെയ്യുന്നതിനുവേണ്ടി പ്രത്യേക പ്രോജക്ടുകളും വികസിപ്പിച്ചു. സ്ഥിരമായ വരുമാനം ആർജിക്കാൻ ആകാത്തതുകൊണ്ട് അതിദരിദ്രരെ മിതവ്യയത്തിന്റെയും വായ്പയുടെയും ശൃംഖലയിലേക്ക് കൊണ്ടുവരാൻ കുടുംബശ്രീക്ക് സാധിച്ചില്ല.



## ആശ്രയ പദ്ധതി

അതി ദരിദ്രരെ കണ്ടെത്തി ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റുന്നതിന് 2002-2003 കാലഘട്ടത്തിൽ കുടുംബശ്രീ ആവിഷ്കരിച്ച പദ്ധതി ആണ് ആശ്രയ. അതിദരിദ്രരും അഗതികളും സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങളിൽപെടുന്നവരുമാണ് ഈ പദ്ധതിയിലുള്ളത്. ക്ലേശ ഘടകങ്ങളും, അതി ക്ലേശ ഘടകങ്ങളും അടിസ്ഥാനമാക്കി നിശ്ചയിച്ച പങ്കാളിത്ത രീതിയിൽ ആണ് ആശ്രയ കുടുംബങ്ങളെ കണ്ടെത്തിയത്. തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ച ഈ പദ്ധതി പിന്നീട് സംസ്ഥാനത്ത് എല്ലായിടത്തും വ്യാപിപ്പിച്ചു. നിരാലംബരെ തിരിച്ചറിയാൻ പങ്കാളിത്ത സർവെ നടത്തിയ കുടുംബശ്രീയുടെയും പ്രാദേശിക സർക്കാരുകളുടെയും സംയുക്ത പരിശ്രമമായാണ് പദ്ധതി ആവിഷ്കരിച്ചത്. തിരിച്ചറിഞ്ഞ ഓരോ നിരാലംബ കുടുംബത്തിനും പ്രാദേശിക ഗവൺമെന്റുകൾ വ്യക്തിഗത കുടുംബ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവർ അവരുടെ വിഭവങ്ങൾ സംയോജിപ്പിക്കും. ഒപ്പം കുടുംബശ്രീ മിഷൻ വിടവുകൾ നികത്താൻ ചലഞ്ച് ഫണ്ട് നൽകും.

ആശ്രയ ഉൾപ്പെടെയുള്ള അതിദരിദ്രരെ ലക്ഷ്യം വയ്ക്കുന്ന പദ്ധതികൾ നിരവധി വിലയിരുത്തലുകൾക്കും പഠനങ്ങൾക്കും വിധേയമായിട്ടുണ്ട്. സമൂഹത്തിലെ അതി ദരിദ്രരിൽ പലരും മാനദണ്ഡങ്ങളുടെ പരിമിതി മൂലം ഈ പദ്ധതികളുടെ പട്ടികയിൽ ഉൾപ്പെടാതെപോകുന്നുഎന്നപൊതു നിരീക്ഷണം ആണ് ഉണ്ടായിട്ടുള്ളത്. ഒമ്പത് ക്ലേശ ഘടകങ്ങളിൽ ഏഴെണ്ണം എങ്കിലും ഉള്ള കുടുംബങ്ങൾ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടൂ. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ അതിദരിദ്രർ മേൽസൂചിപ്പിച്ച സർവ്വേകളിൽ പലപ്പോഴും ഉൾപ്പെടാതെ പോയിട്ടുണ്ട്. കക്കൂസ്, വീട് പോലുള്ള അടിസ്ഥാന സൗകര്യ നിർമ്മിതികളിൽ പലപ്പോഴും ഈ പദ്ധതികള പരിമിതപ്പെട്ടു.

ആശ്രയ പദ്ധതിയെ കുറിച്ചുള്ള പഠനങ്ങൾ താഴെ പറയുന്ന പരമിതികളും നിരീക്ഷിച്ചിട്ടുണ്ട്.

- ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്നത് കുടുംബശ്രീയുടെ മാത്രം ഉത്തരവാദിത്തമായി മാറുന്ന തരത്തിൽ പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വം കുടുംബശ്രീയിലേക്ക് ഒതുങ്ങി.
- തദ്ദേശസ്ഥാപനതലത്തിൽ ദാരിദ്ര്യ നിർമാർജ്ജന ഉപ പദ്ധതി ഉണ്ടാക്കാൻ നിർദ്ദേശിക്കപ്പെട്ടു എങ്കിലും തദ്ദേശ സ്ഥാപനം ഒട്ടാകെ മുൻകൈ എടുക്കുന്ന പദ്ധതിയായി ഇത് മാറിയില്ല.
- ആദ്യ ഘട്ടത്തിൽ ആശ്രയ കുടുംബങ്ങൾക്കുള്ള കെയർ പാക്കേജ് നടപ്പിലാക്കാൻ ചലഞ്ച് ഫണ്ട് കുടുംബശ്രീ വഴി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുകയാണ് ചെയ്തത്. എന്നാൽ ഇവയുടെ നിർവ്വഹണം ഫലപ്രദമാകുന്നതിനു വേണ്ടിയിരുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഉദ്യോഗസ്ഥരുടെ പങ്കാളിത്തം കുടുംബശ്രീകളുടെ സി.ഡി.എസ്, എ.ഡിഎസ് സംവിധാനങ്ങൾക്ക് വേണ്ടത്ര ലഭിച്ചില്ല. ഇത് പദ്ധതിയുടെ ഫലപ്രാപ്തിയെ ബാധിച്ചു.
- ആശ്രയ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ ഉണ്ടായിരുന്നില്ല. ഇത് അവർ പദ്ധതിയിൽ അർഹമായ രീതിയിൽ ഉൾപ്പെടുന്നതിന് തടസ്സമായി. പിന്നീട് പട്ടിക വർഗ്ഗക്കാർക്ക് പ്രത്യേക ആശ്രയ പരിപാടിയും, പട്ടിക ജാതിക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഉണ്ടായി.
- ആശ്രയ പദ്ധതിയിലെ വീട്/കക്കൂസ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ പലപ്പോഴും മറ്റു പദ്ധതികളിൽ ഇവ ലഭിക്കാത്തവർക്കുള്ള അവസരങ്ങളായിപ്രാദേശിക തലത്തിൽ ഉപയോഗിക്കപ്പെട്ടു. ദാരി



ദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിലൂന്നിയ ആശ്രയയുടെ മറ്റു ഘടകങ്ങൾ താരതമ്യേന അവഗണിക്കപ്പെട്ടു. ഫലത്തിൽ നിർമ്മാണത്തിന് ഊന്നൽ ലഭിക്കുന്ന ഒരു സ്ഥിതി കൈവന്നു.

ആശ്രയ പദ്ധതിയിലെ പരിമിതികൾ പലതരത്തിൽ പരിഹരിക്കുന്നതിന് പിന്നീട് ശ്രമങ്ങൾ നടന്നു എങ്കിലും ഈ പദ്ധതി ലക്ഷ്യമിട്ട നേട്ടത്തിലേക്ക് അതിന് എത്തുന്നതിൽ പരിമിതികൾ ഉണ്ടായിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അതി ദരിദ്രർക്ക് വേണ്ടി മാത്രമുള്ള ആശ്രയ പദ്ധതി, ഭക്ഷണം, ആരോഗ്യം എന്നീ ആവശ്യങ്ങൾക്ക് ഊന്നൽ നൽകുന്ന പ്രത്യേക ആശ്രയ പദ്ധതി എന്നിവ അതിന്റെ ഭാഗമായി പിന്നീട് വന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ തനത് പദ്ധതി ആയി ഇതിനെ ഏറ്റെടുക്കാതിരുന്നതും, പദ്ധതി നടത്തിപ്പിൽ സൂമൂഹ്യ നേതൃത്വവും പങ്കാളിത്തവും ഇല്ലാതിരുന്നതും പദ്ധതിയുടെ സുസ്ഥിരമായ നടത്തിപ്പിനെ ബാധിച്ചു.

കാലക്രമേണ കുടുംബശ്രീ ഉപയോഗിച്ച ക്ലേശഘടകങ്ങൾ അപ്രസക്തമായി മാറി. അഥവാ ദുർവിനിയോഗം ചെയ്യപ്പെട്ടു. പുതിയ ക്ലേശഘടകങ്ങള ഉപയോഗിച്ച് ആശ്രയ പദ്ധതിയുടെ പുറത്തു നിൽക്കുന്ന അതിദരിദ്രരെ കണ്ടെത്തേണ്ടതുണ്ട്.

## അതി ദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള സമഗ്ര പദ്ധതി

മുൻപ് നടത്തിയ പദ്ധതികളിൽ ഉൾപ്പെടാതെ പോയ അതി ദരിദ്രരെ കണ്ടെത്തി മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ഇപ്പോൾ ലക്ഷ്യമിടുന്നത്. ഇതിനു താഴെ പറയുന്ന ഘടകങ്ങൾ ആവശ്യമാണ്.

1. അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും, സർവ്വേക്കുള്ള സൂചകങ്ങളും വികസിപ്പിക്കുക.
2. പങ്കാളിത്ത രീതിയിൽ അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ വികസിപ്പിക്കുക.
3. മാസ്റ്റർ ട്രെയിനർമാരേയും റിസോഴ്സ് പേഴ്സൺമാരെയും കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.
4. പൈലറ്റ് പഠനം നടത്തുക.
5. സംസ്ഥാനം മുഴുവൻ ഉള്ള അതി ദരിദ്രരെ പങ്കാളിത്ത രീതിയിൽ കണ്ടെത്തുക.
6. മൈക്രോ പ്ലാനുകളുടെ ഘടകങ്ങളും രീതിശാസ്ത്രവും നിർണയിക്കുക.
7. സംസ്ഥാനതലത്തിൽ അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ ഏകോപിപ്പിക്കുന്നതിനും, പരിപാടി വിലയിരുത്തുന്നതിനും ആയി ഒരു സമിതി രൂപീകരിക്കുക. ജില്ലാതലത്തിലും ഏകോപന സംവിധാനം ഡി.പി.സി യുടെ നേതൃത്വത്തിൽ ഉറപ്പാക്കുക.
8. തദ്ദേശ സ്ഥാപനതലത്തിലും, വാർഡ് തലത്തിലും സമിതികൾ രൂപീകരിക്കുക.
9. സമിതികൾക്ക് പരിശീലനം നൽകുക.
10. സർവേയുടെ ഫലപ്രദമായ നടത്തിപ്പ്, വിലയിരുത്തൽ എന്നിവയ്ക്ക് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, മൊബൈൽ ആപ്പ് എന്നിവ വികസിപ്പിക്കുക.
11. ദരിദ്രരെ പങ്കാളിത്ത രീതിയിൽ കണ്ടെത്തുന്നതിനുള്ള ക്യാമ്പയിൻ സംഘടിപ്പിക്കുക.
12. ദരിദ്രരെ പ്രാഥമികമായി പട്ടികപ്പെടുത്തുക.
13. വിട്ടുപോയ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള എന്യൂമെറേറ്റർമാർ വഴിയുള്ള പ്രാദേശിക അന്വേഷണം ഡാറ്റാ എൻട്രി, ക്രോഡീകരണം, കരട് പട്ടിക തയ്യാറാക്കൽ.
14. ഗുണഭോക്തൃ ലിസ്റ്റുകൾ ഗ്രാമ/വാർഡ് സഭകളിൽ അംഗീകരിക്കൽ
15. മൈക്രോ പ്ലാനുകളും പ്രൊജക്ടുകളും തയ്യാറാക്കൽ
16. തിരിച്ചറിയൽ രേഖകൾ-ആധാർ, റേഷൻ കാർഡ്-ലഭ്യമാക്കുക-നിലവിലുള്ള സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക-(സാമൂഹ്യ സുരക്ഷാ പെൻഷൻ, അന്ത്യോദയ പദ്ധതി, അഗതി രഹിത കേരളം പദ്ധതി മുതലായവ).
17. മൈക്രോ പ്ലാൻ ആധാരപ്പെടുത്തി കൊണ്ടുള്ള വിഭവ സമാഹരണവും പദ്ധതി നടത്തിപ്പും.

> “ മുൻപ് നടത്തിയ പദ്ധതികളിൽ ഉൾപ്പെടാതെ പോയ അതി ദരിദ്രരെ കണ്ടെത്തി മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ഇപ്പോൾ ലക്ഷ്യമിടുന്നത്.

നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അതി ദരിദ്രർ എന്ന പട്ടികയിൽ ഉൾപ്പെടുന്നവരെ അവർക്കു ആനുകൂല്യങ്ങൾ ലഭ്യമായി വരുമാനം ആർജ്ജിക്കുന്ന മുറയ്ക്ക് പട്ടികയിൽ നിന്നും ഒഴിവാക്കുന്നതാണ്.

ഈ പദ്ധതിയുടെ ഗുണഭോക്തൃ



തിരഞ്ഞെടുപ്പിന് സമൂഹത്തിലെ യഥാർത്ഥ അതി ദരിദ്രരെ കണ്ടെത്തുന്നതിന് സഹായകമായ വസ്തുനിഷ്ഠവും, സുതാര്യവുമായ രീതി ശാസ്ത്രവും പ്രക്രിയയും മുന്നോട്ട് വെക്കുന്നതിനാണ് ഈ കുറിപ്പിലൂടെ ശ്രമിക്കുന്നത്. മൈക്രോ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള നിർദേശങ്ങൾ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

## രീതിശാസ്ത്രം

മൂന്ന് ഘട്ടങ്ങൾ ഉള്ള ഒരു പ്രക്രിയയാണ് അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള രീതി ശാസ്ത്രത്തെ അന്തിമമാക്കുന്നതിനായി ഇവിടെ നിർദ്ദേശിക്കുന്നത്.

***ഘട്ടം-1*** പദ്ധതിയിൽ ആളുകളെ ഉൾക്കൊള്ളിക്കുന്നതിനുള്ള ഏറ്റവും നിർണ്ണായകമായ ഘടകങ്ങളെ കണ്ടെത്തലും പട്ടികപ്പെടുത്തലും രീതി ശാസ്ത്രവും.

***ഘട്ടം-2*** തയ്യാറാക്കിയ മാനദണ്ഡങ്ങളെ ഫീൽഡ് പരിശോധനകളിലൂടെ കുറ്റമറ്റതാക്കൽ-പൈലറ്റ് പഠനങ്ങൾ.

***ഘട്ടം-3*** അതി ദരിദ്രർ നിശ്ചയിക്കൽ പ്രക്രിയ.

ഒന്നാം ഘട്ടമായി നിർദ്ദേശിക്കുന്ന പ്രക്രിയയിലൂടെ പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾക്കൊള്ളിക്കുന്നതിനുള്ള നിർണ്ണായകമായ ഘടകങ്ങൾ പട്ടികപ്പെടുത്തുന്നതിന് 3 ഘട്ടങ്ങൾ ആയുള്ള പ്രവർത്തനം നടന്നു കഴിഞ്ഞു. ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി, അർബൻ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ കുടുംബശ്രീ, കില എന്നീ സ്ഥാപനങ്ങളിലെ പ്രധാന ചുമതലക്കാരുമായി സംസാരിച്ചു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കാൻ കുടുംബശ്രീയോടും, പദ്ധതി നടത്തിപ്പിന്റെ രീതിശാസ്ത്രം തയ്യാറാക്കാൻ കിലയോടും നിർദ്ദേശിച്ചു.

## രീതി ശാസ്ത്രവും പ്രക്രിയയും വികസിക്കുന്നതിനുള്ള ഉപസമിതികൾ

കുടുംബശ്രീ, കില എന്നിവയുടെ നേതൃത്വത്തിൽ രണ്ടു സമിതികൾ ഇതിനായി പ്രവർത്തിച്ചു. പദ്ധതിയുടെ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പ്രക്രിയയും രീതിശാസ്ത്രവും സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ ഈ സമിതികൾ നിർദ്ദേശിച്ചു. 2020 മെയ് അവസാന വാരത്തിലും ജൂൺ ആദ്യ വാരത്തിലുമായാണ് ഈ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്.

## വിദഗ്ധരുമായുള്ള ചർച്ച

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ 05.06.2021 ന് സാമ്പത്തിക വിദഗ്ധർ, സാമൂഹ്യ ശാസ്ത്രജ്ഞർ, പൊതുജനാരോഗ്യ വിദഗ്ധർ, കുടുംബശ്രീയിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തി. മുൻപ് നിയോഗിച്ച സമിതികൾ തയാറാക്കിയ നിർദ്ദേശങ്ങൾ ഈ വിദഗ്ധ ചർച്ചയിൽ കുറേക്കൂടി ആഴത്തിൽ ചർച്ച ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ മെച്ചപ്പെടുത്തി സമർപ്പിക്കാൻ ഒരു ഉപസമിതിയെ ചുമതലപ്പെടുത്തി. അവരുടെ നിർദ്ദേശങ്ങളാണ് താഴെ നൽകുന്നത്.

## ഒന്നാം ഘട്ട പ്രക്രിയയുടെ പൊതുധാരണകൾ

കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ആയ ഭക്ഷണം, വാസസ്ഥലം, ആരോഗ്യം, അതിജീവനത്തിനുള്ള വരുമാനം എന്നീ നാലു ഘടകങ്ങളെ ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാന മാനദണ്ഡങ്ങളായി കാണണം.

- പ്രാദേശിക പ്രത്യേകതകളും, ഓരോ ഘടകത്തിന്റേയും സങ്കീർണ്ണതയും ഉൾക്കൊണ്ട് ഓരോന്നിലും ഉപഘടകങ്ങൾ രൂപപ്പെടുത്തണം.
- ഇതോടൊപ്പം ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, നഗരത്തിലെ അതി ദരിദ്രർ തുടങ്ങി പ്രത്യേക വിഭാഗങ്ങളെ ഉൾക്കൊള്ളിക്കാവുന്ന തരത്തിൽ പ്രത്യേക മുൻഗണനകൾ മേൽ വിഭാഗങ്ങൾക്ക് ഉപഘടകങ്ങളിൽ നൽകണം.
- ഗ്രാമപ്രദേശത്ത് ആദിവാസി മേഖല, മത്സ്യത്തൊഴിലാളി മേഖല, നഗരങ്ങൾ എന്നിവിടങ്ങളെ പരിഗണിച്ച് പ്രത്യേക മാനദണ്ഡങ്ങൾ ഉൾപ്പെടുത്തണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മാനദണ്ഡങ്ങളിൽ അത്യാവശ്യമായ വഴക്കങ്ങൾ (flexibility) ഉണ്ടാകണം.
- 60 വയസ്സ് കഴിഞ്ഞവർ മാത്രം ഉള്ള കുടുബങ്ങൾ, പ്രത്യേക വരുമാനം ഇല്ലാത്ത കുടുംബങ്ങൾ, ഗുരുതര രോഗമുള്ള കിടപ്പുരോഗികൾ ഉള്ള കുടുംബങ്ങൾ, ഒന്നിലധികം പേർക്ക് ഗുരുതര രോഗങ്ങൾ ഉള്ള കുടുംബങ്ങൾ, അനാഥരായ കുട്ടികൾ ഉള്ള കുടുംബങ്ങൾ, ഭിന്നശേ

> **കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ആയ ഭക്ഷണം, വാസസ്ഥലം, ആരോഗ്യം, അതിജീവനത്തിനുള്ള വരുമാനം എന്നീ നാലു ഘടകങ്ങളെ ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാന മാനദണ്ഡങ്ങളായി കാണണം.**

ഷിക്കാർ ഉണ്ടാകുകയും അവരെ പരിപാലിക്കുന്നവർക്കു പ്രത്യേക വരുമാനം ഇല്ലാതിരിക്കുകയും ചെയ്യുന്ന കുടുംബങ്ങൾ പ്രത്യേക വരുമാന സാധ്യതകളില്ലാത്ത വിവിധതരം ദുരിതങ്ങൾ അനുഭവിക്കുന്ന കേരളത്തിൽ സ്ഥിര താമസക്കാരായ അതിഥിത്തൊഴിലാളി കുടുംബങ്ങൾ ഭൂരിഭാഗം തൊഴിൽ ദിനങ്ങളും തൊഴലുറപ്പ് പദ്ധതിയെ മാത്രം ആശ്രയിക്കുന്ന ആദിവാസി കുടുംബങ്ങൾ എന്നിവർക്ക് പ്രത്യേക പരിഗണന ലഭിക്കും വിധം മാനദണ്ഡങ്ങളിൽ മുൻഗണന നൽകണം.

## നിർദ്ദേശിക്കുന്ന സൂചകങ്ങൾ

ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ നാലു പ്രധാന ഘടകങ്ങളും അതിന്റെ കീഴിൽ ഉപഘടകങ്ങളും വരുന്ന സൂചകങ്ങളാണ് താഴെ നിർദ്ദേശിക്കുന്നത്.

വരുമാനമില്ലായ്മ ഒന്നുകിൽ ജോലി ചെയ്യാനുള്ള പ്രാപ്തിക്കുറവ് കാരണമോ അല്ലെങ്കിൽ ആസ്തികളിൽ നിന്നു വരുമാനം ലഭിക്കാത്തതുകൊണ്ടോ ആകാം. ആരോഗ്യപരമായ പ്രശ്നങ്ങൾ പലപ്പോഴും ജോലി എടുക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാക്കാനും വീട്ടുചെലവ് വരുമാനത്തേക്കാൾ വളരെ അധികരിക്കുന്നതിനും കാരണമാകാം. ഭാരിച്ച കടബാധ്യ ദാരിദ്ര്യത്തിന്റെ ലക്ഷണമാണ്. അതി ദാരിദ്ര്യത്തിന്റെ ഏറ്റവും വ്യക്തമായ ലക്ഷണം വിശപ്പാണ്. അതിനാൽ ഈ ഘടകങ്ങൾ ആസ്പദമാക്കിക്കൊണ്ടാണ് സൂചകങ്ങൾ തിട്ടപ്പെടുത്തിയിട്ടുള്ളത്.

5 വർഷത്തിൽ കൂടുതൽ കുടുംബസഹിതം സ്ഥിരതാമസമാക്കിയ അതിഥിത്തൊഴിലാളികളെയും ഈ മാനദണ്ഡങ്ങൾ പ്രകാരം പരിഗണിക്കേണ്ടതാണ്. (ജോലി ആവശ്യത്തിനായി സംസ്ഥാനത്തിനുള്ളിൽ വന്നുപോകുന്ന അതിഥിത്തൊഴിലാളികൾ ഇതിൽ പെടില്ല).

ഇതോടൊപ്പം ആദിവാസി, പട്ടികജാതി, മത്സ്യ തൊഴിലാളി, നഗര ദരിദ്ര വിഭാഗങ്ങൾക്ക് പ്രത്യേകം മുൻഗണനാ സൂചകങ്ങളും അതി ദുർബല വിഭാഗങ്ങൾ എന്ന നിലയിൽ പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങളുടെ പട്ടികയും നൽകുന്നു.

അതിദരിദ്രകുടുംബങ്ങളെ തിരിച്ചറിയുന്നതിനു താഴെ പറയും പ്രകാരമുള്ള രീതി അവലംബിക്കാവുന്നതാണ്.

പട്ടിക 1. മുഖ്യ മാനദണ്ഡങ്ങൾ -പൊതു അതി തീവ്ര ക്ലേശഘടകങ്ങളും തീവ്ര ക്ലേശ ഘടകങ്ങളും.

പട്ടിക 2. പട്ടിക വർഗ, പട്ടിക ജാതി, മത്സ്യബന്ധന മേഖല, നഗര ദാരിദ്ര്യ മേഖല എന്നിവയുടെ ക്ലേശ ഘടകങ്ങൾ.

പട്ടിക 3. പ്രത്യേക പരിഗണന വേണ്ട വിഭാഗങ്ങൾ

പട്ടിക ഒന്നിലെ മാനദണ്ഡങ്ങൾ രണ്ടായി തിരിച്ചിട്ടുണ്ട്

- അതി തീവ്ര ക്ലേശഘടകങ്ങൾ (ചുവപ്പു നിറത്തിൽ അടയാളപ്പെടുത്തിയിട്ടുള്ളത്)
- തീവ്ര ക്ലേശഘടകങ്ങൾ (ഓറഞ്ച് നിറത്തിൽ അടയാളപ്പെടുത്തിയിട്ടുള്ളത്).

ചുറപ്പു നിറത്തിലുള്ള അതി തീവ്ര ക്ലേശഘടകങ്ങൾ വളരെ രൂക്ഷമായ ദാരിദ്ര്യത്തിന്റെ ലക്ഷണങ്ങളിലേക്കും കാരണങ്ങളിലേക്കും വിരൽ ചൂണ്ടുന്നു. ഇത്തരത്തിലുള്ള ക്ലേശ ഘടകം ബാധകമാണെങ്കിൽ അതി ദാരിദ്ര്യത്തിന്റെ വ്യക്തമായ സൂചനയായിരിക്കും. ഉപോൽബലകമായി മറ്റൊരു സൂചനയുടെ ആവശ്യവും ഉണ്ടാകില്ല. ഉദാഹരണത്തിന്, 70 വയസ്സിന് മുകളിൽ പ്രായമുള്ളവർ മാത്രമുള്ള, സാമൂഹിക സുരക്ഷാ പെൻഷൻ അല്ലാതെ മറ്റു വരുമാനം ഉള്ളവർ ഇല്ലാത്ത കുടുംബം. ഈ അതി തീവ്ര ക്ലേശഘടകം ബാധകമായിട്ടുള്ള ഒരു കുടുംബം സംശയംവിനാ അതി ദാരിദ്ര കുടുംബമാണ്.

അതേ സമയം ഓറഞ്ച് നിറത്തിലുള്ള തീവ്ര ക്ലേശ ഘടകങ്ങൾ അതി ദാരിദ്ര്യത്തിന്റെ ശക്തമായ സൂചനയാണെങ്കിൽ പോലും മറ്റു ചില കാരണങ്ങളാൽ കുടുംബത്തിന്റെ ദാരിദ്ര്യത്തിന് കുറവ് വരുത്തുന്ന സന്ദർഭങ്ങളുടെ സാധ്യത തള്ളിക്കളയുന്നില്ല.

ഉദാഹരണത്തിന്.

‘മുഖ്യ വരുമാന ദായക/ൻ മരിച്ചുപോയ അല്ലെങ്കിൽ ഉപേക്ഷിച്ചു പോയ കുടുംബം/വിവിധ പ്രതിസന്ധി മൂലം മുഖ്യ വരുമാന ദായകന്റെ തൊഴിൽ ശേഷി നഷ്ടപ്പെട്ട കുടുംബം‘ എന്ന ഓറഞ്ച് തീവ്ര ക്ലേശഘടകം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് കുടുംബത്തിന് മുഖ്യ വരുമാനദായകന്റെ വരുമാനം നഷ്ടപ്പെടുന്നത് കൊണ്ട് വലിയ ആഘാതം ഉണ്ടാകുന്നുവെങ്കിലും തൊഴിൽ ശേഷിയുള്ള മറ്റു കുടുംബാംഗങ്ങളിൽ നിന്നും വരുമാനം ലഭ്യമായേക്കാം. അത് കൊണ്ട് തന്നെ മറ്റു ദാരിദ്ര്യ ക്ലേശഘടകങ്ങൾ കൂടി ഒത്തു വന്നാലാണ് ഉറപ്പോടെ അതി ദരിദ്ര കുടുംബമായി തിട്ടപ്പെടുത്താനാകുക.

മുഖ്യ മാനദണ്ഡങ്ങളിൽ ചുവന്ന വിഭാഗത്തിൽ വരുന്നവയിൽ ഏതെങ്കിലും ഒന്ന് ലഭിക്കുന്ന കുടുംബം അതി ദരിദ്ര കുടുംബമായി





പരിഗണിക്കാവുന്നതാണ്. ഓരോ ചുവന്ന ഘടകത്തിനും പത്തു മാർക്ക് നിശ്ചയിക്കാവുന്നതാണ്. ഓറഞ്ച് ഘടകങ്ങൾക്കും പട്ടിക രണ്ടിലേയും പട്ടിക മൂന്നിലേയും ഘടകങ്ങൾ ഓരോന്നിനും അഞ്ചു മാർക്കുണ്ടാകും. അതി ദരിദ്രരായി പരിഗണിക്കാൻ കുറഞ്ഞത് പത്തു മാർക്കുണ്ടാകണം.

ഓറഞ്ചു മാനദണ്ഡത്തിൽ മാത്രമാണ് വരുന്നതെങ്കിൽ 2 ഓറഞ്ചോ ഒരു ഓറഞ്ചും ഉപ മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് കൂടിയും ലഭിക്കുന്ന കുടുംബങ്ങളെയും അതി ദരിദ്രരായി പരിഗണിക്കാവുന്നതാണ്.

1. പട്ടിക ഒന്നിലെ ഏതെങ്കിലും ചുവപ്പു സൂചിക ബാധകമാണെങ്കിൽ ആ കുടുംബം അതി ദരിദ്ര കുടുംബമായി പരിഗണിക്കാവുന്നതാണ്.
2. പട്ടിക ഒന്നിലെ ഓറഞ്ച് ഘടകങ്ങളിൽ ഏതെങ്കിലും രണ്ടു ഘടകങ്ങളോ പട്ടിക ഒന്നിലെയും പട്ടിക രണ്ടിലേയും ഓരോ ഘടകങ്ങൾ ബാധകമാണെങ്കിലും അതി ദരിദ്ര കുടുംബമായി പരിഗണിക്കാവുന്നതാണ്.
3. പട്ടിക രണ്ടിലെ രണ്ടു ഘടകങ്ങൾ ബാധകമാകുന്നവരെയും അതിദരിദ്രരായി പരിഗണിക്കാം.
4. പട്ടിക ഒന്നിലോ രണ്ടിലോ ഏതെങ്കിലും ഓറഞ്ച് ഘടകവും പട്ടിക മൂന്നിലെ ഏതെങ്കിലും ഘടകവും ബാധകമാണെങ്കിൽ അതി ദരിദ്ര കുടുംബമെന്ന പരിഗണന കിട്ടും.

അതിദരിദ്രരെ കണ്ടെത്താവുന്നതിന് അവലംബിക്കാവുന്ന പൊതു ഘടകങ്ങളും ഉപഘടകങ്ങളും.

### 1.1 ഭക്ഷണ ലഭ്യത/ പോഷകാഹാരം

#### അതി തീവ്ര ക്ലേശഘടകം

- അതി വാർദ്ധക്യം മൂലമോ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ ഉള്ളതിനാലോ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത കുടുംബങ്ങൾ.
- തെരുവിലോ പൊതുയിടങ്ങളിലോ കഴിയുന്നതുമൂലം സ്ഥിരമായി ഭക്ഷണം ലഭിക്കാതിരിക്കുക (ഭക്ഷണം ഭിക്ഷ തേടി കഴിക്കുന്നവർ, ഹോട്ടലുകൾ പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സൗജന്യമായി ഭക്ഷണം കഴിക്കുന്നവർ ഉൾപ്പെടെ)

#### തീവ്ര ക്ലേശഘടകം

അംഗൻവാടി രേഖകൾ പ്രകാരം തീവ്ര പോഷണ ദാരിദ്ര്യം ഉള്ള കുട്ടികൾ (SAM) ഉള്ള കുടുംബങ്ങൾ

### 1.2 ആരോഗ്യം

#### അതിതീവ്ര ക്ലേശഘടകം

- ക്യാൻസർ, കരൾ രോഗം, വൃക്ക രോഗം, ഹൃദ്രോഗം, അപൂർവ്വ ജനിതകരോഗം, മാനസികരോഗം മുതലായ ഗുരുതരമായ രോഗം ബാധിച്ചതു കൊണ്ടോ, കിടപ്പു രോഗിയായതിനാലോ, അപകടം മൂലമോ വരുമാന ശേഷി (തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ നഷ്ടപ്പെട്ട വ്യക്തികളുള്ള കുടുംബം
- മാനസിക വെല്ലുവിളികളോ 80% ശാരീരിക വെല്ലവിളികളോ നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം വരുമാനം (തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ) നഷ്ടപ്പെട്ട കുടുംബം

#### തീവ്ര ക്ലേശഘടകം

രോഗമോ അപകടമോ കാരണം കട ബാധ്യത വന്നു ആസ്തി നഷ്ടപ്പെട്ട കുടുംബം.

### 1.3 വരുമാനം

#### അതിതീവ്ര ക്ലേശഘടകം

- തൊഴിൽ ശേഷിയില്ലാത്ത, ആസ്തികളിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ വരുമാനമില്ലാത്ത കുടുംബം.
- വരുമാന ശേഷിയില്ലാത്ത, മക്കളുടെയോ അടുത്ത ബന്ധുക്കളുടെയോ ധനസഹായം ലഭ്യമല്ലാത്ത കുടുംബം.
- 60 വയസ്സിന് മുകളിലുള്ളവർ മാത്രം തൊഴിൽ എടുക്കുന്ന മറ്റു വരുമാനദായക അംഗങ്ങൾ ഇല്ലാത്ത ദരിദ്ര കുടുംബം.
- 70 വയസ്സിന് മുകളിൽ പ്രായമുളളവർ മാത്രമുള്ള, സാമൂഹിക സുരക്ഷാ പെൻഷൻ അല്ലാതെ മറ്റു വരുമാനം ഉള്ളവർ ഇല്ലാത്ത കുടുംബം

#### തീവ്ര ക്ലേശഘടകം

- മുഖ്യ വരുമാന ദായക/ൻ മരിച്ചു പോയ അല്ലെങ്കിൽ ഉപേക്ഷിച്ചു പോയ കുടുംബം/വിവിധ പ്രതിസന്ധി മൂലം മുഖ്യ വരുമാനദായകന്റെ തൊഴിൽ ശേഷി നഷ്ടപ്പെട്ട കുടുംബം
- വിവിധ ദുരന്തങ്ങളിൽ തൊഴിൽ ഉപകരണങ്ങൾ പൂർണമായി നഷ്ടപ്പെട്ട കുടുംബം

### 1.4 വാസസ്ഥലം

#### അതിതീവ്ര ക്ലേശഘടകം

താമസസ്ഥലം ഇല്ലാതെ അലയുന്ന

വർ, നാടോടികൾ

**തീവ്ര ക്ലേശഘടകം**

- അപകടകരവും ദുസ്സഹവുമായ സ്ഥലങ്ങളിൽ ദയനീയ സാഹചര്യത്തിൽ താമസിക്കുന്നവർ (റെയിൽവേ, റോഡ്/പുഴ പുറമ്പോക്ക്/ചതുപ്പ്/മാലിന്യ കൂമ്പാര പരിസരം/അഴുക്ക് ചാലുകളുടെ ഓരങ്ങൾ, ബസ് സ്റ്റാൻഡ്, മാർക്കറ്റ് എന്നിവിടങ്ങളിൽ കഴിയുന്നവർ).
- കടബാധ്യതകൾ (1.2 യിൽ സൂചിപ്പിച്ചിട്ടുള്ളത് ഒഴികെ) പ്രകൃതി, മറ്റു ദുരന്തം മൂലം വാസസ്ഥലം നഷ്ടമായ കുടുംബങ്ങൾ

**പട്ടിക-2**

## 2. പ്രത്യേക വിഭാഗങ്ങൾക്കുള്ള അധിക മാനദണ്ഡങ്ങൾ

മേൽ സൂചിപ്പിച്ച പൊതു മാനദണ്ഡങ്ങൾക്ക് പുറമേ പ്രത്യേക സാമൂഹിക വിഭാഗങ്ങൾക്ക് ഗ്രാമ/നഗര പ്രദേശങ്ങളിൽ പ്രത്യേക പരിഗണന നൽകാം. ഒന്നാം പട്ടികയിലെ മാനദണ്ഡങ്ങൾ പ്രകാരം അർഹത നേടിയില്ലെങ്കിലും രണ്ടാം പട്ടികയിലെ ഏതെങ്കിലും 2 ഇനങ്ങൾ ബാധകമാണെങ്കിൽ അതി ദരിദ്രരായി പരിഗണിക്കാം. പൊതു മാനദണ്ഡത്തിൽ ഒരു ഓറഞ്ചും പട്ടിക 2 ലെ ഒന്നും ചേർന്ന് വന്നാലും പരിഗണിക്കാവുന്നതാണ്.

### 2.1 പട്ടിക വർഗ കുടുംബങ്ങൾ

1. പൊതു ഗതാഗ സൗകര്യം/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/സ്കൂളുകൾ റേഷൻ കട തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ വനത്തിനുള്ളിൽ താമസിക്കുന്നവർ 25 സെന്റിൽ താഴെ ഭൂമിയുള്ള ആദിവാസികൾ
2. അതീവ ദുർബല ആദിവാസി വിഭാഗങ്ങൾ
3. വനവിഭവശേഖരത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ
4. എല്ലാ കുടുംബങ്ങളും പ്രാഥമിക വിദ്യാഭ്യാസം വരെ മാത്രം നേടിയവരായ കുടുംബങ്ങൾ
5. അവിദഗ്ധ കൂലിപ്പണിക്കായി പുറംസംസ്ഥാനങ്ങളിൽ ജോലി തേടി പോകേണ്ടി വരുന്നവരുള്ള കുടുംബം
6. ബി.എം. 15നു താഴെയോ ക്രോണിക് എനർജി ഡെഫിഷ്യൻസി (സി.ഇ.ഡി) യോ ഉള്ള കുടുംബം
7. വസിക്കാൻ ഭൂമിയില്ലാത്ത അഥവാ 100 ച.മീ വരെ ഉള്ള വാസസ്ഥലത്തിൽ 8-ൽ കൂടുതൽ അംഗങ്ങൾ താമസിക്കുന്ന കുടുംബം

### 2.2 പട്ടിക ജാതി കുടുംബങ്ങൾ

1. ദുരന്തങ്ങൾ മൂലം ആവാസ സ്ഥലം നഷ്ടമായവർ
2. ഗതാഗത സൗകര്യമില്ലാത്ത, 100 മീറ്ററിൽ കുടിവെള്ള സൗകര്യമില്ലാത്ത, വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്തു താമസിക്കുന്ന കുടുംബങ്ങൾ
3. പ്രൈമറി വിദ്യാഭ്യാസം മാത്രം നേടിയവർ ഉള്ള കുടുംബങ്ങൾ

### 2.3 തീരദേശ മത്സ്യത്തൊഴിലാളികൾ

1. കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്നവർ/കടലാക്രമണം മൂലം ആവാസ സ്ഥലം നഷ്ടപ്പെട്ടവർ
2. പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയവർ ഉള്ള കുടുംബങ്ങൾ

### 2.4 നഗര ദരിദ്രർ

100 ച.മീ വരെ ഉള്ള വീട്ടിൽ 8-ൽ കൂടുതൽ അംഗങ്ങൾ താമസിക്കുന്നത്.

**പട്ടിക**

3.1 അതി ക്ലേശ ഘടകങ്ങളാൽ പരിഗണിക്കേണ്ട പ്രത്യേക ദുർബല വിഭാഗങ്ങൾ

മേൽ സൂചിപ്പിച്ച ദുർബല വിഭാഗങ്ങൾക്ക് പുറമേ അതീവ ദുർബല വിഭാഗം എന്ന നിലയിൽ വിവിധ തരം കുടുംബങ്ങളുടെ പട്ടിക താഴെ നൽകുന്നു.

1. എച്ച്.ഐ.വി ബാധിതർ ഉള്ള ബി.പി.എൽ കുടുംബങ്ങൾ
2. അനാഥരായ കുട്ടികൾ ഉള്ള ബി.പി.എൽ കുടുംബങ്ങൾ
3. എൽ.ജി.ബി.റ്റി.ക്യു വിഭാഗത്തിൽ പ്പെട്ട അംഗങ്ങൾ ഉള്ള ബി.പി.എൽ കുടുംബങ്ങൾ

***മേൽ സൂചിപ്പിച്ച ക്ലേശ ഘടകങ്ങൾ അതി ക്ലേശ ഘടകങ്ങൾ എന്നിവയല്ലാതെ ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ അതി ദുർബലരാണെന്നു പ്രാദേശികമായി തദ്ദേശ സ്ഥാപനങ്ങൾക്കു ബോധ്യപ്പെടുകയാണെങ്കിൽ അത്തരം കുടുംബങ്ങളെ ഉൾപ്പെടുത്തുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്താനുള്ള അനുവാദം സർക്കാരിൽ നിന്നും വാങ്ങേണ്ടതാണ്. ഇപ്രകാരം അനുവദിക്കുന്ന മാനദണ്ഡം സർവ്വേക്കു മുൻപായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.***

ഘട്ടം 2- തയ്യാറാക്കിയ മാനദണ്ഡങ്ങളെ ഫീൽഡ് പരിശോധനകളിലൂടെ കുറ്റമറ്റതാക്കൽ-പൈലറ്റ് പഠനം.

അതി ദരിദ്രരെ കണ്ടെത്താനുള്ള ഈ മാനദണ്ഡങ്ങളും രീതിശാസ്ത്രവും ആദ്യമായിട്ടാണ് കേരളത്തിൽ ഉപയോഗിക്കുന്നത്. ആശ്രയയുടെ ഭാഗമായി അതി ദരിദ്രരെ കണ്ടെത്താനുള്ള സാമൂഹ്യ സർവ്വേയിൽ പോലും പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. അത്തരം പാളിച്ചകൾ ആവർത്തിക്കാതിരിക്കാൻ ഇപ്പോൾ വികസിപ്പിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അതി ദരിദ്രരെ കണ്ടെത്താൻ ഫലപ്രദമാണോ എന്ന് പരിശോധിച്ചു ന്യൂനതകൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്. ഇതോടൊപ്പം ഇതിനായി ചിട്ടപ്പെടുത്തിയിട്ടുള്ളരീതിശാസ്ത്രംമുൻസർവ്വേകളിൽ ഉണ്ടായ പ്രശ്നങ്ങൾ-ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചു വളരെ കൂടുതൽ അനർഹർ കടന്നു കൂടുകയും അർഹരായ പലരും പുറത്താകുകയും ചെയ്ത അനുഭവം-ആവർത്തിക്കാതിരിക്കാനുതകുന്നതാണോ എന്നും

**ആശ്രയയുടെ ഭാഗമായി അതി ദരിദ്രരെ കണ്ടെത്താനുള്ള സാമൂഹ്യ സർവ്വേയിൽ പോലും പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. അത്തരം പാളിച്ചകൾ ആവർത്തിക്കാതിരിക്കാൻ ഇപ്പോൾ വികസിപ്പിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അതി ദരിദ്രരെ കണ്ടെത്താൻ ഫലപ്രദമാണോ എന്ന് പരിശോധിച്ചു ന്യൂനതകൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.**

പരിശോധിക്കേണ്ടതുണ്ട്.

### ഘട്ടം 3- അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ

തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തെ അതിദരിദ്രരെ ജനപങ്കാളിത്തത്തോടെ കണ്ടെത്തുന്നതിനുള്ള രീതിയാണ് നിർദേശിക്കുന്നത്. ജീവകാരുണ്യ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ ഇടപെടുന്ന സാമൂഹ്യ രാഷ്ട്രീയ സംഘടനാ സംവിധാനങ്ങൾക്കും ഇതിൽ പങ്കാളിത്തം ഉറപ്പാക്കുന്നു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇപ്പോൾ തന്നെ നിലവിൽ ആശ്രയ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി അതി ദരിദ്രരുടെ ലിസ്റ്റ് ലഭ്യമാണ്. ഇതിൽ വിട്ടുപോയവരെ കൂടി



കണ്ടെത്തി അഗതി രഹിത കേരളത്തിനുള്ള കർമ പദ്ധതി തയ്യാറാക്കുകയാണ് പ്രധാന ലക്ഷ്യം നിലവിലുള്ള ലിസ്റ്റുകളുടെ പരിശോധന, വാർഡ് തല സമിതികളുടെ നേതൃത്വത്തിൽ സർക്കാർ മാർഗരേഖ പ്രകാരം പരിഗണിക്കേണ്ടവരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ, വിവിധ സംഘടനാ പ്രതിനിധികളുടെ നിർദേശങ്ങൾ സ്വീകരിക്കൽ, പ്രത്യേകമായി നിയോഗിച്ചിട്ടുള്ള എന്യുമറേറ്റർ വഴിയുള്ള പരിശോധന, ഗ്രാമ/വാർഡ് സഭ അംഗീകാരം എന്നീ ഘട്ടങ്ങളാണ് പ്രക്രിയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലകൾ

1. അതി ദരിദ്രരെ കണ്ടെത്താനുള്ള പ്രവർത്തനത്തിനുള്ള അന്തരീക്ഷം ഒരുക്കുക.
2. തദ്ദേശ സ്ഥാപന സമിതിയും വാർഡ്തല സമിതിയും രൂപീകരിക്കുക.
3. മാസ്റ്റർ ലിസ്റ്റുകളും അനുബന്ധ ലിസ്റ്റുകളും തദ്ദേശ സ്ഥാപന/ വാർഡ്തല സമിതികൾക്ക് ലഭ്യമാക്കുക.
4. വാർഡ്തല എന്യൂമറേറ്റർ ടീമുകളെ നിയോഗിക്കുക. അവർക്കു പരിശീലനം ലഭിച്ചു എന്ന് ഉറപ്പാക്കുക- ഓരോ വാർഡിലും 3 പേരടങ്ങുന്ന ടീം ഉണ്ടാകണം. ഇതിൽ തദ്ദേശ സ്ഥാപനത്തിലെ/ഘടക സ്ഥാപനങ്ങളിലെ ഒരു ഉദ്യോഗസ്ഥ/ൻ കൺവീനറായും ആശ/എ.ഡി.എസ് പ്രതി നിധി/കോളേജ്/പോളിടെക്നിക്/ഐ.റ്റി.സി വിദ്യാർഥി/ആർആർറ്റി പ്രതിനിധിമാരിൽ നിന്നും 2 പേർ അംഗങ്ങളായും ടീം രൂപീകരിക്കണം.
5. തയ്യാറായി വരുന്ന വാർഡ് തല ലിസ്റ്റുകൾ തദ്ദേശ ഭരണ സ്ഥാപന തല ലിസ്റ്റാക്കി മാറ്റുക.
6. അന്തിമ ലിസ്റ്റിന് ഗ്രാമ/വാർഡ് സഭ അംഗീകാരം നേടുക.
7. ആശ്രയ, അന്ത്യോദയ ലിസ്റ്റിലുള്ളവരെയും പുതുതായി ഈ പ്രക്രിയയിൽ കൂടി കണ്ടെത്തിയവരെയും ഉൾപ്പെടുത്തി അതി ദരിദ്രരുടെ മാസ്റ്റർ ലിസ്റ്റ് തയ്യാറാക്കുക.
8. തദ്ദേശഭരണ സ്ഥാപനതല അതിദരിദ്രരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുക.
9. സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ചു ജനകീയ ക്യാമ്പയിനായി സംഘടിപ്പിക്കുക.

### തദ്ദേശ സ്ഥാപനതല സമിതി

അതി ദരിദ്രരെ നിർണയിക്കൽ, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പ്രവർത്തനങ്ങൾ എന്നിവക്ക് നേതൃത്വം നൽകാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും

- മേയർ/മുനിസിപ്പൽ ചെയർപേഴ്സൺമാർ/പഞ്ചായത്ത് പ്രസിഡന്റ്
- സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺമാർ
- സി.ഡി.എസ് ചെയർപേഴ്സൺ
- തദ്ദേശസ്ഥാപന ഭരണ സമിതിയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധികൾ
- തദ്ദേശസ്ഥാപന പരിധിയിൽ ദാരിദ്ര്യ നിർമാർജന രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ
- വ്യാപാരി വ്യവസായ സംഘടന പ്രതിനിധി
- റെസിഡൻസ് അസോസിയേഷൻ പ്രതിനിധി

അടങ്ങുന്ന സമിതി രൂപീകരിക്കേണ്ടതാണ്. സമിതിയുടെ ചുമതലകൾ ഇപ്രകാരമാണ്.

1. വാർഡ് തല സമിതികളെ സജീവമാക്കുക-ആവശ്യമായ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തുക.
2. മാനദണ്ഡങ്ങളുടെ ടെമ്പ്ളേറ്റ് ജീവകാരുണ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള വിവിധ സാമൂഹ്യ രാഷ്ട്രീയ സംഘടനകളുമായി പങ്ക് വച്ച് കൊണ്ട് അവരുടെ നിർദേശം സ്വീകരിക്കുക.
3. തദ്ദേശ ഭരണ തലത്തിലുള്ള ആശ്രയ, ബഡ്സ്, പാലിയേറ്റീവ് കെയർ അന്ത്യോദയ, ഭിന്നശേഷിക്കാരുടെ ലിസ്റ്റുകൾ വാർഡ് തലത്തിലാക്കി വാർഡ് സമിതികൾക്ക് കൈമാറുക. ഒപ്പം വിവിധ സംഘടനകളിൽ നിന്നും കിട്ടുന്ന നിർദേശങ്ങൾ വാർഡ് തലത്തിൽ ക്രോഡീകരിച്ചു വാർഡ് സമിതിക്കു നൽകുക.
4. സർക്കാർ മാനദണ്ഡങ്ങൾക്ക് പുറമെ അതിദരിദ്രരെ കണ്ടെത്തുന്നതിന് ആവശ്യമെങ്കിൽ അധിക മാനദണ്ഡങ്ങൾ തദ്ദേശ ഭരണ സമിതിയുടെ ശുപാർശയോടെ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുക.
5. അതി ദരിദ്രരെ കണ്ടെത്താനുള്ള

പ്രവർത്തനം സമയബന്ധിതമായും പാളിച്ചകളില്ലാതെയും നടക്കുന്നു എന്ന് ഉറപ്പാക്കുക.

6. അന്തിമ പട്ടിക തയ്യാറാക്കി തദ്ദേശ ഭരണസ്ഥാപനത്തിന് സമർപ്പിക്കുക.

തദ്ദേശഭരണ തലത്തിൽ അതി ദരിദ്രരുടെ മാസ്റ്റർ ലിസ്റ്റുകളായ ആശ്രയ, അന്ത്യോദയ ലിസ്റ്റുകളിൽ വിട്ടുപോയവരെ ഈ പട്ടികയിൽ കണ്ടെത്താനാകണം.

## വാർഡുതല സമിതി

വാർഡ് മെമ്പർ/കൗൺസിലറുടെ അധ്യക്ഷതയിൽ ചുവടെ ചേർത്തിട്ടുള്ളവർ ഉൾപ്പെടുന്ന സമിതി രൂപീകരിക്കേണ്ടതാണ്.

- ആശ പ്രവർത്തകർ
- കുടുംബശ്രീ ADS പ്രതിനിധി
- തൊഴിലുറപ്പു മേറ്റ്
- സജീവമായ കുടുംബശ്രീ അയൽക്കൂട്ട പ്രതിനിധി
- അംഗനവാടി ടീച്ചർമാർ
- എസ്.സി/എസ്.ടി പ്രൊമോട്ടർമാർ
- കോവിഡ് വാർഡ് തല സമിതി/ആർ.ആർ.ടി പ്രതിനിധികൾ
- സന്നദ്ധ സംഘടന പ്രവർത്തകർ.
- പാലിയേറ്റീവ് കെയർ പ്രവർത്തന വോളന്റിയർ
- ആശ്രയ/ബഡ്സ്/മറ്റു ജീവകാരുണ്യ പ്രവർത്തനത്തിൽ സജീവമായിട്ടുള്ളവർ.
- റെസിഡൻസ് അസോസിയേഷൻ പ്രതിനിധി
- വിഇഒ/ഗ്രാമസഭ കോർഡിനേറ്റർ/ബി.എൽ.ക്യു

പഞ്ചായത്ത് / മുനിസിപ്പാലിറ്റി വാർഡ് തലത്തിലെ സമിതി 20 പേരിൽ അധികരിക്കാത്തതാകണം മുനിസിപ്പൽ കോർപറേഷൻ വാർഡ് തലത്തിൽ ഇത് 30 പേരിൽ അധികരിക്കാൻ പാടില്ല. ഈ സമിതിയുടെ പ്രധാന ചുമതല വാർഡ് തലത്തിൽ ലിസ്റ്റ് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും പൊതുപ്രവർത്തന അനുഭവത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ മാർഗ രേഖ പ്രകാരം തയ്യാറാക്കുക എന്നതാണ്.

- വാർഡ് കമ്മിറ്റിയുടെ അംഗങ്ങളുടെ പ്രദേശത്തെ പ്രവർത്തന അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ടെമ്പ്ളേറ്റ് പ്രകാരമുള്ള അതി ദരിദ്രരുടെ പ്രഥമ പട്ടിക തയ്യാറാക്കുക-പാലിയേറ്റീവ് കെയർ ലിസ്റ്റ്, ബഡ്സ് ലിസ്റ്റ്, ഭിന്നശേഷിക്കാരുടെ സർവ്വേ ലിസ്റ്റ്, തീവ്ര പോഷണ ദാരിദ്ര്യമുള്ള കുട്ടികളുടെ ലിസ്റ്റ് പട്ടിക വർഗ സർവ്വേ ലിസ്റ്റ്, മാരക രോഗങ്ങൾ ബാധിച്ചിട്ടുള്ളവരുടെ ലിസ്റ്റ് (ഉണ്ടെങ്കിൽ) തദ്ദേശ ഭരണ തലത്തിൽ തയ്യാറാക്കിയിട്ടുള്ള സമാനമായ ലിസ്റ്റുകൾ ഉണ്ടെങ്കിൽ ആയവ-ഇപ്രകാരമുള്ള ലിസ്റ്റുകൾ ഈ പട്ടിക തയ്യാറാക്കുന്നതിനുള്ള സോഴ്സ് മെറ്റീരിയലായി ഉപയോഗിക്കണം. തദ്ദേശഭരണ സമിതിയിൽ നിന്നും ലഭിക്കുന്ന ഇത്തരം ലിസ്റ്റുകൾ വിലയിരുത്തുക, വിട്ടു പോയവരെ കൂട്ടിച്ചേർക്കുകയും അനർഹരെ ഒഴിവാക്കുകയും ചെയ്യുക.
- വാർഡിലെ വിവിധ സാമൂഹ്യ രാഷ്ട്രീയ സംഘടനകളുമായി എഫ്.ജി.ഡിയിൽ കൂടി വാർഡ് പ്രദേശത്തെ ടെംപ്ളേറ്റ് പ്രകാരമുള്ള അതിദരിദ്രരെ സംബന്ധിച്ചുള്ള നിർദേശങ്ങൾ സ്വീകരിക്കുക (എന്യൂമറേറ്ററായി തെരെഞ്ഞെടുത്തിട്ടുള്ള കോളേജ്/പോളിടെക്നിക്/ഐറ്റിസി വിദ്യാർത്ഥികളെയും എഫ്.ജി.ഡി കളിൽ പങ്കെടുപ്പിക്കേണ്ടതാണ്)
- കുടുംബശ്രീ എ.ഡി.എസ് ജനറൽ ബോഡി യോഗം വിളിച്ചു ചേർത്ത് അയൽക്കൂട്ട പ്രദേശത്തെ ടെംപ്ലേറ്റ് പ്രകാരമുള്ള അതിദരിദ്രരെ സംബന്ധിച്ചുള്ള നിർദേശങ്ങൾ സ്വീകരിക്കുക.
- ഈ മൂന്ന് ലിസ്റ്റുകളും കൂടി ക്രോഡീകരിച്ചുകൊണ്ട് കരട് പട്ടിക പുതുക്കുക.

> **ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയും വിഇഒ യും നഗരപ്രദേശങ്ങളിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറും ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഇൻവെസ്റ്റിഗേറ്റേഴ്സും പെർഫോമൻസ് ഓഡിറ്ററുകളും തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ഓരോ വാർഡിന്റെയും 20% സൂപ്പർ ചെക്ക് നടത്തുന്നതായിരിക്കും.**

## വാർഡ് തല എന്യൂമറേഷൻ

വാർഡ് തല കരട് ലിസ്റ്റിൽപെട്ട ഓരോ വീടും സന്ദർശിക്കണം. ടെംപ്ലേറ്റ് പ്രകാരമുള്ള വിവരങ്ങൾ നേരിട്ടും രേഖകൾ പരിശോധിച്ചും പ്രാദേശിക അന്വേഷണങ്ങളിലൂടെയും ഇതിനായി നൽകുന്ന പ്രൊഫോർമയിൽ ഉൾപെടുത്തേണ്ടതാണ്.

പട്ടിക വർഗ മേഖലയിൽ നടക്കുന്ന എന്യൂമറേഷൻ പ്രക്രിയയിൽ ട്രൈബൽ പ്രൊമോട്ടറെ ഉൾപെടുത്തേണ്ടതാണ്.

സന്ദർശിക്കുന്ന എല്ലാ വീടുകളും geotag ചെയ്യേണ്ടതാണ്. സർവ്വേ നടത്തുന്നതിന് ഒരു ഓൺലൈൻ ആപ്പ് വികസിപ്പിക്കണം. വീടുകളുടെ ലൊക്കേഷൻ അടക്കം രേഖപ്പെടുത്തണം. ജി.ഐ.എസ് അധിഷ്ഠിതമായ ആപ്പ് ആയിരിക്കണം ഉപയോഗിക്കേണ്ടത്.

ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയും വിഇഒ യും നഗര പ്രദേശങ്ങളിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറും ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഇൻവെസ്റ്റിഗേറ്റേഴ്സും പെർഫോമൻസ് ഓഡിറ്ററുകളും തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ഓരോ വാർഡിന്റെയും 20% സൂപ്പർ ചെക്ക് നടത്തുന്നതായിരിക്കും. വ്യതിയാനങ്ങൾ കണ്ടാൽ പുനരവലോകനത്തിന് വിധേയമാക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന അന്തിമ പട്ടിക തദ്ദേശഭരണ സ്ഥാപന സമിതിക്കു സമർപ്പിക്കണം.

## തയ്യാറെടുപ്പ്

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള ഘടകങ്ങളും ഉപഘടകങ്ങളും തീരുമാനിച്ച് കഴിഞ്ഞാൽ സംസ്ഥാന തലത്തിൽ മാസ്റ്റർ ട്രെയിനർമാർക്കും, ജില്ലാതലത്തിൽ റിസോഴ്സ് പേഴ്സൺസിനും പരിശീലനം നൽകണം. ഇവരെ കില തെരെഞ്ഞെടുക്കുന്നതായിരിക്കും. കണ്ടെത്തൽ പ്രക്രിയ വിശദീകരിക്കുന്ന സൂചകങ്ങൾ എങ്ങനെ പ്രാദേശികമായി വിലയിരുത്തണം എന്ന് നിഷ്കർഷിക്കുന്ന മാന്വൽ കില തയ്യാറാക്കുന്നതായിരിക്കും. തയ്യാറാക്കുന്ന കൈപ്പുസ്തകത്തിൽ ഓരോ മാനദണ്ഡത്തെ സംബന്ധിച്ചും വ്യക്തമായ വിശദീകരണം

| കലണ്ടർ | | |
|---|---|---|
| | പ്രവർത്തനം | സമയക്രമം |
| 1. | പൈലറ്റ് പഠനം | ജൂലൈ 20 |
| 2. | ജനപ്രതിനിധി പരിശീലനം | ജൂലൈ 25-28 |
| 3. | തദ്ദേശ ഭരണ തല മാർഗ രേഖ ചർച്ചയും സമിതികളുടെ രൂപീകരണവും | ഓഗസ്റ്റ്1-5 |
| 4. | തദ്ദേശ ഭരണ തല സമിതികളുടെ പരിശീലനം | ഓഗസ്റ്റ്10 |
| 5. | വാർഡ് തല സമിതി പരിശീലനം | ഓഗസ്റ്റ് 15-20 |
| 6. | അനുബന്ധ ലിസ്റ്റുകൾ വാർഡ് തല സമിതികൾക്ക് കൈമാറൽ | ഓഗസ്റ്റ്1-20 |
| 7. | വാർഡ്തല പ്രാഥമിക ലിസ്റ്റ് തയ്യാറാക്കൽ | ഓഗസ്റ്റ്1-30 |
| 8. | എന്യൂമറേറ്റർമാരെ നിയോഗിച്ചു കൊണ്ടുള്ള തദ്ദേശ ഭരണ സ്ഥാപന ഉത്തരവ് | ഓഗസ്റ്റ് 30 |
| 9. | എന്യൂമറേറ്റർമാരുടെ പരിശീലനം | സെപ്റ്റംബർ ആദ്യ വാരം |
| 10. | വാർഡ് എഫ്.ജി.ഡി | സെപ്റ്റംബർ രണ്ടാം വാരം |
| 11. | വാർഡ് തല കരട് പട്ടിക തയ്യാറാക്കൽ | സെപ്റ്റംബർ 15 നുള്ളിൽ |
| 12. | എന്യൂമറേറ്റർ തല പരിശോധന | സെപ്റ്റംബർ 23 നുള്ളിൽ |
| 13. | സൂപ്പർ ചെക്ക് | ഒക്ടോബർ 1 നുള്ളിൽ |
| 14. | വാർഡ് തല അന്തിമ പട്ടിക തയ്യാറാക്കൽ | ഒക്ടോബർ 5 |
| 15. | കരട് അന്തിമ പട്ടികയുടെ തദ്ദേശ ഭരണ തല അംഗീകാരം | ഒക്ടോബർ 10 |
| 16. | അതി ദരിദ്രരുടെ അന്തിമ പട്ടിക ഗ്രാമ/വാർഡ് സഭയിൽ അംഗീകാരം | ഒക്ടോബർ 25 |
| 17. | ലിസ്റ്റ് പ്രസിദ്ധീകരണം | ഒക്ടോബർ 30 |
| 18. | മൈക്രോ പ്ലാൻ തയ്യാറാക്കൽ | നവംബർ 15 |

ഉണ്ടാകണം. ഉദാഹരണത്തിന് കുടുംബം എന്ന് പറയുമ്പോൾ ഒറ്റ ആൾ കുടുംബം ഉൾപ്പെടുമെന്നും, ഗുരുതര രോഗം എങ്ങനെ തിരിച്ചറിയുമെന്നും അത്യാസക്തി എപ്പോൾ രോഗമായി കണക്കാക്കുമെന്നതും, നാടോടി വാസസ്ഥലം ബി.എം, എസ്.എ.എം ദയനീയ സാഹചര്യം, വിവിധ പ്രതിസന്ധി, ആസ്തി, തൊഴിൽ ശേഷി, അപകടം തുടങ്ങിയ പ്രയോഗങ്ങളെ എങ്ങനെയാണ് വ്യാഖ്യാനിക്കേണ്ടതെന്നും കൈപ്പുസ്തകത്തിൽ വ്യക്തമാക്കേണ്ടതാണ്.

ഇതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർമാർ, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺമാർ, തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർ എന്നിവർക്കും പ്രത്യേക പരിശീലനം നൽകണം.

ജില്ലാ പരിശീലകരുടെ ഉത്തരവാദത്തിൽ തദ്ദേശഭരണ സ്ഥാപന തല സമിതികൾക്കും വാർഡ്തല സമിതികൾക്കും എന്യുമറേറ്റർമാർ പരിശീലനം നൽകേണ്ടതാണ്.

ജില്ലാതലത്തിൽ ഡി.ഡി.പി, ആർ.ജെ.ഡി കുടുംബശ്രീ, ഡി.എം.സി പ്രൊജക്ട് ഡയറക്ടർ പി.എ.യു കിലയുടെ ജില്ലാ കോ-ഓർഡിനേറ്റർ എന്നിവർ അടങ്ങുന്ന ടീമിനു ഈ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല ഉണ്ടാകും. അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന്റെ നേതൃത്വം ജില്ലാ ആസൂത്രണ സമിതിക്കായിരിക്കും.

സംസ്ഥാനതലത്തിൽ ഈ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കന്നതായിരിക്കും. എല്ലാ തലത്തിലുള്ള പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിന്റെയും സമയ പരിധിക്കുള്ളിൽ കുറ്റമറ്റ രീതിയിൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നു എന്നുറപ്പാക്കുന്നതിന്റെയും ചുമതല സ്പെഷ്യൽ ഓഫീസറിനായിരിക്കും. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, സി ആർ ഡി, ഐ.കെ.എം ഡയറക്ടർ, കുടുംബശ്രീ ഇ.ഡി എന്നിവർ സംസ്ഥാനതല കമ്മിറ്റിയുടെ അംഗങ്ങളായിരിക്കും.

സർവെയ്ക്കായുള്ള സോഫ്റ്റ് വെയർ, മൊബൈൽ ആപ്പ്, ജിയോ ടാഗിംഗ് സംവിധാനം എന്നിവ വികസിപ്പിക്കേണ്ട ചുമതല ഐ.കെ.എമ്മിനായിരിക്കും.

അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയുമായി ബന്ധപ്പെട്ടുള്ള പരിശീലനങ്ങളും കൈപുസ്തകങ്ങളും തയ്യാറാക്കുന്ന ചുമതല കിലയ്ക്കായിരിക്കും. പ്രക്രിയയുമായി ബന്ധപ്പെട്ടു ഫീൽഡിൽ ഉയർന്നു വരുന്ന സംശയ ദൂരീകരണത്തിന്റെ ഉത്തരവാദിത്തവും കിലയ്ക്കായിരിക്കും. ഇതിലേക്കായി ഈ പ്രവർത്തനം നടക്കുന്ന പൂർണ സമയം പ്രവർത്തിക്കുന്ന ഒരു ഹെൽപ് ലൈൻ കില സജ്ജമാക്കണം.

അതിദരിദ്രരെ കണ്ടെത്തുന്ന പ്രവർത്തനം സൂമൂഹിക പ്രതിബദ്ധതയുടെ ഭാഗമായുള്ള സന്നദ്ധ സേവനമായി വേണം കാണാൻ. പക്ഷെ ചില സ്ഥലങ്ങളിലെങ്കിലും ദുഷ്കരമായുള്ള പ്രദേശങ്ങളിൽ എത്തിപ്പെറ്റുന്നതിനു ബുദ്ധിമുട്ടുണ്ടാകും. ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം ഇതിനു വേണ്ട വാഹന സൗകര്യം ഒരുക്കുകയും അനുബന്ധ ചെലവുകൾ തനതു ഫണ്ടിൽ നിന്നും അനുവദിക്കുകയും വേണം.

## ക്യാമ്പയിൻ സംഘടാനം

ക്യാമ്പയിൻ സംഘാടനം, ദരിദ്രരെ കണ്ടെത്തൽ എന്നിവയ്ക്ക് നഗര പ്രദേശങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സംഘാടകസമിതികൾ രൂപീകരിച്ച് ക്യാമ്പയിൻ രീതിയിൽ കണ്ടെത്താം. എൻ.എസ്.എസ്, എൻ.സി.സി എന്നിവയുടെ സേവനവും ഉപയോഗിക്കാം.






**വി ആർ വിനോദ് ഐ എ എസ്**
ഗ്രാമവികസന കമ്മിഷണർ
**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

# എൽ.എസ്.ജി.ഡി വാർറൂം കോവിഡിനെതിരെ കേരളസർക്കാരിന്റെ യുദ്ധസന്നാഹം

കേരളത്തിൽകോവിഡ് –19 രണ്ടാം തരംഗം ഭീതി വിതയ്ക്കാൻ തുടങ്ങിയപ്പോൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഇടപെടൽ വഴി മഹാമാരിക്ക് പ്രതിരോധമുയർത്തുന്നതിനു വേണ്ടി ഒരു യുദ്ധസന്നാഹം എന്ന നിലയ്ക്ക്തദ്ദേശഭരണ വകുപ്പിനു കീഴിൽ ഒരു 'കോവിഡ് വാർറൂം' തുറക്കുകയുണ്ടായി. 2021 ഏപ്രിൽ മാസം ഇരുപത്തിയൊമ്പതാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ GO No. RT 932/2021/LSGD പ്രകാരമാണ് ഈ സംവിധാനം നിലവിൽ വന്നത്. സംസ്ഥാനതലത്തിൽ അഡിഷണൽ ചീഫ് സെക്രട്ടറി ശാരദമുരളീധരൻ ഐഎഎസിന്റെ അധ്യക്ഷതയിലാണ് വാർറൂം പ്രവർത്തിച്ചത്. ഗ്രാമവികസന കമ്മീഷണറേറ്റിൽ പ്രവർത്തിച്ച് വാർ റൂമിന് 'കില' സാങ്കേതിക സഹായം നൽകി.

കോവിഡ് ഒന്നാം തരംഗം മുതൽ തന്നെപ്രതിരോധപ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർണ്ണായക പങ്കാണ് വഹിച്ചത്. വാർഡ് ലെവൽ കമ്മിറ്റികൾ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ, ഡൊമിസിലിയറി കെയർ സെന്റർ മുതലായ കാതലായ പ്രവർത്തനങ്ങൾ ആണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് വന്നത്. തദ്ദേശസ്വയം ഭരണവകുപ്പും അതിനു അനുസൃത

മായി വിവിധ തരത്തിലുള്ള ഇടപെടലുകളും, സഹായ സംവിധാനങ്ങളും നടത്തുകയുണ്ടായി. അഡിഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിൽ ഇതിനായി സംവിധാനം ഒരുക്കിയിരുന്നു. ഒരു ദുരന്ത സാഹചര്യം നിലനിൽക്കുന്നതിനാൽ കേന്ദ്രീകൃതമായ ചില മാർഗ്ഗ നിർദ്ദേശങ്ങളും ഏകീകരണവും ആവശ്യമായതിനാൽതാഴെത്തട്ടിൽ നിന്നുമുള്ള വിവരങ്ങൾജില്ലയിൽ ആദ്യഘട്ട ക്രോഡീകരണം നടത്തി, ഡയറക്ടറേറ്റ്തലങ്ങളിൽപൂർത്തിയാക്കിസംസ്ഥാനതലറിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗങ്ങളിലും സംസ്ഥാനതല അവലോകന യോഗങ്ങളിലും ആരോഗ്യമടക്കമുള്ള മറ്റു വകുപ്പുകളുമായുള്ള ചർച്ചകളിലും ഇവഏറെ പ്രയോജനപ്രദമായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനായുള്ള മാർഗ്ഗനിർദേശങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറുകളും ഈ സംവിധാനം വഴി തയ്യാറാക്കി വന്നു. കോവിഡ് വാർറൂം ഈ പ്രവർത്തനങ്ങൾക്ക്കൂടുതൽ ദിശാബോധം നൽകി. വാർഡു തല സമിതികൾ മുതൽ ജില്ലാതലം വരെയുള്ള ദൈനംദിനസ്ഥിതിവിവരക്കണക്കുകൾ ഓരോ ദിവസവും വിശകലനം ചെയ്യുക വഴിനിർണ്ണായകമായ ഇടപെടലുകൾ കൈക്കൊള്ളുന്നതിനും കാര്യക്ഷമതയോടെ അവ നടപ്പിലാക്കുന്നതിനും ഈ സംവിധാനം സഹായിച്ചു.

കോവിഡ് ആദ്യ തരംഗത്തിൽ നിന്നും വ്യത്യസ്തമായി രണ്ടാം തരംഗത്തിൽ രോഗവ്യാപനരീതി, രോഗത്തിന്റെതീവ്രത,സ്വഭാവംഎന്നിവകൂടുതൽ ശക്തവും വ്യത്യസ്തവുമായിരുന്നു. അതുകൊണ്ടു തന്നെ ഇടപെടൽ രീതിയിലും മാറ്റം അനിവാര്യമായി. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ കൂടുതൽ നിർണ്ണായകമായ ഉത്തരവാദിത്വം വഹിച്ചു. ചുരുക്കത്തിൽ, മാറിയ സാഹചര്യത്തിന് അനുസൃതമായി തദ്ദേശസ്വയംഭരണവകുപ്പിന്റെ പ്രവർത്തനങ്ങളും ശക്തമാക്കേണ്ടത് ആവശ്യമായിരുന്നു.

## സംസ്ഥാനതല വാർറൂമിന്റെ പ്രസക്തി

ആരോഗ്യ വിഭാഗത്തിനു മാത്രമായി രോഗ വ്യാപനനിരീക്ഷണം കൈകാര്യംചെയ്യാനാകാത്തതിനാൽ 'രോഗവ്യാപനം' കുറയ്ക്കുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം സുഗമമാക്കുക, താഴെത്തട്ടിൽ ഒരുക്കേണ്ട സംവിധാനങ്ങൾ പുതിയ സാഹചര്യങ്ങൾക്ക് അനുസരിച്ച് ആസൂത്രണം ചെയ്യാൻ സഹായിക്കുക, പ്രാദേശിക തലത്തിൽ തന്നെ രോഗചികിത്സ പരമാവധി ഉറപ്പാക്കുക, വാർഡ്തലത്തിലെ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുക, വാർഡ്തല സമിതികളെ പല ഇടങ്ങളിലും കൂടുതൽ ചലനാത്മകമാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രോഗവ്യാപനം തടയുന്നതിനും രോഗചികിത്സയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾക്കും സഹായമൊരുക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടിയാണ് വാർറൂം സജ്ജമാക്കിയത്.വിഷയത്തിന്റെ രൂക്ഷതയും സ്വഭാവവും മൂലം തന്നെ ചിട്ടയായും ശാസ്ത്രീയമായും നടത്തുന്നതിൽ സംസ്ഥാനതല ഏകോപനം അത്യന്താപേക്ഷിതമായിരുന്നു. വളരെ സൂക്ഷ്മമായ കാര്യങ്ങൾ വരെ ശ്രദ്ധിച്ച്നടപടികൾ വേണം. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇടപെടലുകൾ വേണം, ദൈനംദിനം കാര്യങ്ങൾ മോണിറ്റർ ചെയ്യണം, ഓരോ കാര്യത്തിലും പുതിയ തീരുമാനങ്ങളും നിർദ്ദേശങ്ങളും അപ്പപ്പോൾ തന്നെ എടുക്കണം, അവ ഫലപ്രദമാണെന്നും ഉറപ്പുവരുത്തണം.

ഇവിടെയാണ്തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല വാർറൂമിന്റെ പ്രസക്തി

## സംഘടനാസംവിധാനം

അഡീഷണൽ ചീഫ്സെക്രട്ടറിയുടെ അധ്യക്ഷതയിൽ രൂപീകരിച്ച വാർറൂമിന്റെ ഏകോപന ചുമതല ഗ്രാമവികസന കമ്മീഷണർക്ക് ആണ്. പഞ്ചായത്ത്ഡയറക്ടർ, അർബൻ ഡയറക്ടർ, നഗരകാര്യ വികസനവകുപ്പ് അധ്യക്ഷൻ, ശുചിത്വമിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ്മിഷൻ, കുടുംബശ്രീമിഷൻ എന്നീ വകുപ്പുകൾ / മിഷനുകൾ, കിലഡയറക്ടർ എന്നിവർ വാർറൂമിൽ അംഗങ്ങൾ ആണ്. വകുപ്പ് അധ്യക്ഷരും വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരുമടക്കം അൻപതോളം ഉദ്യോഗസ്ഥർ എല്ലാ ദിവസവും വാർറൂമിൽ പങ്കെടുത്തു വരുന്നു.

2021 മെയ്മാസം അഞ്ചാംതീയതി വാർറൂം പ്രവർത്തനം ആരംഭിച്ചു. സ്വരാജ്ഭവനിൽ പ്രവർത്തിക്കുന്ന CRD ഓഫീസിൽ 2021 മെയ്മാസം ആറാം തീയതി ആയിരുന്നു ആദ്യ യോഗം. എല്ലാ ദിവസവും വൈകുന്നേരം 5.15 നു തുടങ്ങുന്ന വാർറൂം മീറ്റിങ്ശരാശരി രണ്ടേകാൽമണിക്കൂർ നീണ്ടുനിൽക്കുന്നു. വകുപ്പ് മേധാവികൾ, ജില്ലതല ഉദ്യോഗസ്ഥർ, റീജിയൻതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്നു. ഇതിനകം ഇരുപതിൽപരം യോഗങ്ങൾ നടന്നു കഴിഞ്ഞു. എല്ലായോഗങ്ങൾക്കും വിശദമായ മിനിറ്റ്സ് ഉണ്ടായിരിക്കും. തലേ ദിവസയോഗത്തിന്റെ മിനിറ്റ്സ്ബഹുമാനപ്പെട്ട ACS രാവിലെ 8 മണിക്ക് അയക്കുന്നു. മിനിറ്റ്സ്ചുമതലയുള്ള ഉദ്യോഗസ്ഥൻ മിനിറ്റ്സ് വായിച്ചു തുടർ പ്രവർത്തനങ്ങൾവ്യക്തമായിരേഖപ്പെടുത്തുന്നു.



9 മണിക്ക് എല്ലാവരും ചേർന്ന് മിനിറ്റ്സും കുറിപ്പും വിശദമായി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങൾചിട്ടപ്പെടുത്തുന്നു. വിവര ശേഖരണത്തിനായി ഓരോ അംഗങ്ങളെയും ചുമതലപ്പെടുത്തുന്നു. എന്തെല്ലാം നടപടികളാണ് എടുക്കേണ്ടതെന്നു 10 മണിയോടെ എല്ലാ വകുപ്പ്മേധാവികളെയും അറിയിക്കുന്നു. Spreadsheet വഴിയും ചോദ്യാവലിയിലൂടെയുമാണ് മിക്ക വിവരങ്ങളും ശേഖരിക്കുന്നത്.

മൂന്നുതരം ഷീറ്റുകൾ (Covid at a Glance) വകുപ്പു തല വിവര ശേഖരണത്തിനായി ഉപയോഗിക്കുന്നത്. ഓരോ വാർറൂം ഉദ്യോഗസ്ഥർക്കും ഈ രണ്ട് ജില്ലകളുടെ ചുമതല കൊടുത്തിരിക്കുന്നു. ഇവർ വിവിധ വകുപ്പുകളെ ബന്ധപ്പെട്ടു Data Updation ഉറപ്പാക്കുകയും നിർദിഷ്ടസമയത്തിനു വിവരങ്ങൾ വാർറൂമിൽ എത്തുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

ഓരോ ജില്ലയ്ക്കും പ്രത്യേക വാട്സാപ്പ്ഗ്രൂപ്പ് ഉണ്ട്. ഇത് ഒഴി വാർറൂം ഓഫീസർമാർ എല്ലാ നോഡൽ ഓഫീസർമാരുമായും നിരന്തര ബന്ധം ഉറപ്പുവരുത്തുന്നു. വാർറൂമിന്റെ രണ്ടാമത്തെ (പ്രതിദിന) യോഗം CRD യുടെ അധ്യക്ഷതയിൽ വൈകുന്നേരം 3 മണിക്ക്ചേരുന്നു. ഈ യോഗത്തിൽ പ്രൊജക്റ്റ്ചെയ്യപ്പെടുന്ന റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് ഏറ്റവും പുതിയ കണക്കുകൾ കൂടി ഉൾകൊള്ളിച്ചുകൊണ്ട് അന്തിമമാക്കുന്നു. 5 മണിയോടെ റിപ്പോർട്ട് ACS നുഅയക്കുന്നു. 5.15 നു വിപുലമായ യോഗം ആരംഭിക്കുന്നു. മെയ് 19 നുശേഷം ഈ യോഗം ഒന്നിട വിട്ട ദിവസങ്ങളിലക്കി മാറ്റുകയുണ്ടായി.

ഓരോ ദിവസവും താഴെത്തട്ടിൽ നിന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ ചർച്ച നടത്തുകയും സൂഷ്മമായ കാര്യങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നു. ഓരോ പ്രദേശത്തെയും പ്രശ്നങ്ങൾക്കനുസരിച്ച് അവലോകനവും തീരുമാനങ്ങളും മാർഗ നിർദ്ദേശങ്ങളും കൈക്കൊള്ളുന്നു. അതാത് ദിവസത്തെ സർക്കാർ തീരുമാനങ്ങൾ യോഗത്തിൽ അറിയിക്കുന്നു. 'കില' ആണ് യോഗത്തിന്റെ ഓൺലൈൻ സാങ്കേതിക സഹായം ലഭ്യമാക്കുന്നത്. വിശദമായ മിനിറ്റ്സ് തയാറാക്കുന്നത്തിനു രണ്ടു Young Professionals നെചുമതലപ്പെടുത്തിയിരിക്കുന്നു.



## നേട്ടങ്ങൾ

വാർറൂം പ്രവർത്തിച്ചു തുടങ്ങിയ ആദ്യനാളുകളിൽ വിവര ശേഖരണത്തിൽ ഏറെ പ്രശ്നങ്ങൾ നേരിട്ടിരുന്നു. സംസ്ഥാനതലത്തിൽ ദുരന്തനിവാരണ അതോറിറ്റി, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിൽ നിന്നുംനേരിട്ട് വിവരങ്ങൾ ശേഖരിച്ചതു കൊണ്ടുള്ള ആശയക്കുഴപ്പങ്ങൾ ഉണ്ടായി. ACS ന്റെ കൃത്യമായ ഇടപെടലും, മാർഗനിർദേശവും, നേതൃത്വവും വാർറൂമിൽ വിവരശേഖരണത്തിൽ കൃത്യമായ നടപടിക്രമം രൂപീകരിക്കുന്നതിൽ സഹായിച്ചു. വിവര വിശകലനത്തിൽ സൂക്ഷ്മത കൈവന്നു. ഇപ്രകാരം പ്രവർത്തിക്കുക വഴി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് ശക്തമായി ഇടപെടുന്നതിനും പ്രത്യക്ഷത്തിൽ തന്നെ പൊതുജനോപകാരപ്രദമായനേട്ടങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. വാർറൂമിൽ എടുത്ത തീരുമാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇതിനകം 47 സർക്കാർ ഉത്തരവുകളും 13 സർക്കുലറുകളും നിരവധി പരിശീലനപരിപാടികളും പല പുതിയ സംവിധാനങ്ങലും നിലവിൽ വന്നു.

വാർഡ്തല സമിതികളുടെ രൂപീകരണവും പ്രവർത്തനങ്ങളും, ക്ലസ്റർ തല ടീമുകളുടെ രൂപീകരണം, സന്നദ്ധ പ്രവർത്തകരുടെ സംഘാടനം, നോഡൽ ഓഫീസർമാരുടെ വിന്യാസവും പ്രവർത്തങ്ങളുടെ ഏകോപനവും, ഹെൽപ്ഡെസ്ക് രൂപീകരണം, ഓക്സിജെൻ ലഭ്യത ഉറപ്പാക്കൽ, DCC കളുടെ നടത്തിപ്പ്, CFLTC / CSLTC കളുടെ നടത്തിപ്പ്, കമ്മ്യൂണിറ്റി കിച്ചൻ, ജനകീയ ഹോട്ടൽ, വാക്സിനേഷൻ, പട്ടിക വർഗ്ഗ മേഖലകളിലെ പ്രത്യേക പ്രശ്നങ്ങൾ, അതിഥി തൊഴിലാളികളുടെ പ്രശ്നങ്ങൾ, മറ്റു പാർശ്വ വത്കൃതവിഭാഗങ്ങൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവയൊക്കെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം നടത്തി കൂട്ടായ ചർച്ചയിലൂടെ താഴെത്തട്ടിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താൻ വാർറൂം പ്രവർത്തന ത്തിലൂടെ കഴിഞ്ഞു.

പഞ്ചായത്തുകളിലെ ആക്റ്റീവ് കേസ് ലോഡ്, ടെസ്റ്റ്പോസിറ്റിവിറ്റി റേറ്റ് എന്നിവയുടെ ദിവസേനയുള്ള വിശകലനത്തിലൂടെ ഈ സൂചകങ്ങളുടെ ഉയർച്ച താഴ്ച്ചകൾക്കനുസരണമായി ത്രിതലപഞ്ചായത്ത്സംവിധാനങ്ങളുടെ കാര്യക്ഷമമായ ഇടപെടൽ ഉറപ്പാക്കിക്കൊണ്ട് രോഗവ്യാപനം ഒരു പരിധി വരെ ചെറുക്കാൻ വാർറൂം പ്രവർത്തനങ്ങൾ വഴി സാധിച്ചു. പുറമെ വാർഡുതല സമിതികളുടെ പ്രവർത്തനം നിലവിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോ?, ഐസൊലേഷനിൽ കഴിയുന്നരോഗികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ യഥാസമയത്ത് ഫലപ്രദമായി നൽകുന്നതിന് എന്ത്ചെയ്യാം?, ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്ക് സഹായം എത്തിക്കുന്നതിന് മാത്രമായി ആവശ്യമായത്ര വോളന്റിയർമാരെ നിയോഗിച്ചിട്ടുണ്ടോ? ഭക്ഷണമോ മരുന്നോ ആവശ്യമായ എല്ലാവർക്കും ആയത് എത്തിച്ചു നൽകാൻ നിലവിൽ

കഴിയുന്നുണ്ടോ?, എത്ര ശതമാനം രോഗികളെ എല്ലാ ദിവസവും വാർഡ്സമിതിയിലെ വോളന്റിയർമാർ ബന്ധപ്പെടുന്നുണ്ട്? രോഗികൾക്ക് ഓക്സിജൻ അളവ് പരിശോധിക്കുന്നതിന് പൾസ് ഓക്സീമീറ്റർ ലഭ്യമാക്കുന്നുണ്ടോ? രോഗികളെ അത്യാവശ്യ സന്ദർഭങ്ങളിൽ ആശുപത്രിയിലേക്ക് മാറ്റാൻ ആംബുലൻസ്/വാഹനസൗകര്യംഉറപ്പാക്കിയിട്ടുണ്ടോ?രോഗികൾക്ക് ആവശ്യമെങ്കിൽ മാനസികാരോഗ്യം നിലനിർത്തുന്നതിന്കൗൺസലിങ്ങ് നൽകാൻ സംവിധാനമുണ്ടോ? മറ്റെന്തെങ്കിലും സവിശേഷമായ ഇടപെടൽ പഞ്ചായത്ത് നടത്തിയിട്ടുണ്ടോ? എന്നൊക്കെയുള്ള ഏറ്റവും പ്രധാനപ്പെട്ട ചോദ്യങ്ങൾ ഓരോ ദിവസവും ഉയർത്തിക്കൊണ്ട് വാർഡ്തലം വരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചടുലതയും കൃത്യതയും ഫലപ്രാപ്തിയും ഉറപ്പുവരുത്താൻ വാർറൂം പ്രവർത്തനങ്ങളിലൂടെ സാധിച്ചു.

പൂർണമായും വാർറൂം പ്രവർത്തനം വഴിമാത്രം സാധ്യമായ ചില നേട്ടങ്ങൾ ശ്രദ്ധേയമാണ്. 180 ലേറെ ഗ്രാമപഞ്ചായത്തുകളിലെ വാർഡുസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയത് വാർറൂം വഴിയുള്ള മോണിറ്ററിങ്ങിൽ കൂടിയാണ്. തനതും നൂതനവുമായ നിരവധി തുടർ പ്രവർത്തനങ്ങൾ സംസ്ഥാനതല ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ഇതിലൂടെ സാധിച്ചു. വാർഡുതലസമിതികളുടെ പ്രവർത്തനങ്ങളിൽ പോരായ്മകൾ കണ്ടെത്തിയ സ്ഥലങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്താനായി. കുടുംബശ്രീ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ ഏറ്റവും ഉചിതമായി എങ്ങനെ ഏകോപിച്ച്കൊണ്ടുപോകണം എന്ന് മനസ്സിലാക്കാൻ സാധിച്ചു. ഉദാഹരണത്തിന് മലപ്പുറത്ത് 34 പഞ്ചായത്തുകളിൽ ജനകീയ ഹോട്ടലുകളോ കമ്മൂണിറ്റി കിച്ചനോ ഉണ്ടായിരുന്നില്ല. പിന്നിട് 100 % പഞ്ചായത്തുകളിൽ ഈ സംവിധാനം ഉറപ്പാക്കാൻ വേണ്ട നിർദേശങ്ങൾ കൊടുക്കാൻ സാധിച്ചു. അതുപോലെ തന്നെ ലോക്ക് ഡൗൺസമയത്ത് ഒരാൾപോലും പട്ടിണിയാവാതിരിക്കാൻ ജനകീയ ഹോട്ടലുകളുടെ സേവനവും. ജനകീയ ഹോട്ടലുകൾ ഇല്ലാത്തസ്ഥലങ്ങളിൽ കമ്മ്യൂണിറ്റികിച്ചൻ തുടങ്ങാൻ സാധിച്ചു. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ചലിപ്പിച്ച്കൊണ്ട്കോവിഡ്ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കാനായി.



വാർറൂം മീറ്റിംഗ് നിശ്ചിത ദിവസങ്ങളിൽ നടക്കുന്നതിനാൽ ജില്ലാതലത്തിൽ എല്ലാ പഞ്ചായത്തുകളുടേയും പ്രവർത്തനം കൃത്യമായി അവലോകനം നടത്തുന്നതിന് കാരണമായി. എല്ലാജില്ലകളിലുള്ളപ്രവർത്തനങ്ങൾ ഏകീകരിക്കന്നതിനും മറ്റ് ജില്ലകളിലെ മാതൃകാപരമായ പ്രവർത്തനങ്ങൾ ജില്ലയിൽ പ്രാവർത്തികമാക്കാനും കഴിഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇടപെടൽ സംബന്ധിച്ച ഒരു Database ഉണ്ടാകുന്നതിന് കഴിഞ്ഞു എന്നുള്ളത് ഏറ്റവും പ്രയോജന പ്രദമായി. പഞ്ചായത്തുകളും ജില്ലാ തല ഓഫീസുകളും തമ്മിൽ മെച്ചപ്പെട്ട ബന്ധം ഉണ്ടാകുന്നതിന് സഹായകമായി. തദ്ദേശതലത്തിലെ സ്പന്ദനങ്ങൾ കൃത്യമായി സർക്കാർതലത്തിൽ എത്തുന്നതിനും സമയോചിത ഇടപെടലുകളിലൂടെ രോഗപ്രതിരോധ – നേരിടൽ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമത നൽകാനുമായി. സൂഷ്മതലത്തിലെ വിശകലനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇടപെടൽ തദ്ദേശതലത്തിലെ പ്രവർത്തനങ്ങളിലെ വിവിധഘടകങ്ങളുടെ ഏകോപനം സുസാദ്ധ്യമാക്കി.

വാർറൂം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത് കൂടുതൽ ജാഗരൂകരായി പ്രവർത്തിക്കുന്നതിന് DDMA യെയും ആരോഗ്യവകുപ്പിനെയും സമാനപ്രവർത്തനങ്ങൾ ചെയ്യുന്ന മറ്റുവകുപ്പുകളെയും നിർബന്ധിതരാക്കിയിട്ടുണ്ട്. വാർഡ്തല ജാഗ്രതാസമിതികൾ, RRT കൾ, സന്നദ്ധപ്രവർത്തകർ എന്നിവരെ ചലനാത്മകമാക്കുന്നതിന് സഹായിച്ചു. ഉദ്യോഗസ്ഥരുടെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യപ്പെടുന്നത് ഉദ്യോഗസ്ഥസം വിധാനത്തെ ഉണർന്നു പ്രവർത്തിക്കുന്നതിന്സജ്ജമാക്കി.

DCC കൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ആരംഭിക്കുന്നതിനും താലൂക്കിൽ ഒന്ന് എന്നതോതിൽ CFLTC കൾ ആരംഭിക്കുന്നതിനും വാർറൂം പ്രവർത്തനത്തിലൂടെ സഹായകമായി. ജനകീയ ഹോട്ടലുകൾ /കമ്മ്യൂണിറ്റി കിച്ചണുകൾ എന്നിവയുടെ പ്രവർത്തനംഉറപ്പാക്കി. പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, കുടുംബശ്രീ, ഗ്രാമ വികസന വകുപ്പ് എന്നിവയുടെതാഴെതലംമുതൽഉയർന്നതലം വരെയുള്ള സംവിധാനംചലനാത്മകവും സക്രിയവുമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓക്സിജൻലഭ്യത, ആംബുലൻസ്, വാഹനലഭ്യത എന്നിവ ഉറപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെയും DDMA യെയും നിർബന്ധിതരാക്കി. മെച്ചപ്പെട്ട IEC പ്രവർത്തനങ്ങളും വേറിട്ടമാതൃകാപരമായ പ്രവർത്തനങ്ങളും കാഴ്ചവെയ്ക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക്പ്രചോദനമായി.

## ഇനിഎന്ത് ?

വാർറൂം പ്രവർത്തനത്തിന്റെ ഏറ്റവും വലിയ മറ്റൊരു നേട്ടം ബഹുമാനപ്പെട്ട ACS ന്റെ അധ്യക്ഷതയിൽ

തദ്ദേശസ്വയം ഭരണവകുപ്പ്, ഗ്രാമവികസനവകുപ്പ്, നഗരകാര്യവകുപ്പ് എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ ഈ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തമ്മിൽ ഒത്തൊരുമിച്ചു പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുങ്ങി എന്നതും സർക്കാർ ജോലി ഓഫീസ്പ്രവർത്തന സമയത്തിന്അതീതമായി ഒരു മുഴുവൻ സമയ സേവനമാണെന്ന ബോധ്യം എല്ലാവരിലും ഉണ്ടാക്കാൻ സാധിച്ചു എന്നുള്ളതും ആണ്. ഏറെ ഉത്സാഹത്തോടെയും ആത്മാർഥതയോടെയുമാണ് ഉദ്യോഗസ്ഥർ ഇത്ചെയ്തത് എന്നത് ഒരു മാതൃകയായി കാണേണ്ടതാണ്. മുൻപോട്ട് പോകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് പ്രശ്നങ്ങളും ആശങ്കകളും അറിയിക്കാൻ സാധ്യമാവും വിധം ഒരു വേദിയൊരുക്കി വാർ റൂം പ്രവർത്തനങ്ങൾ കൂടുതൽ സജ്ജമാക്കാനുള്ള സാധ്യതകളും പരിശോധിക്കേണ്ടിയിരിക്കുന്നു.

ഇപ്പോൾ കോവിഡ് രണ്ടാം തരംഗം തീവ്രതകുറയുകയും അതിനനുസരണമായി ലോക്-ഡൌൺ മാനദണ്ഡങ്ങളിൽ ഇളവ് വന്നിരിക്കയുമാണ്. വാർറൂം പ്രവർത്തനങ്ങൾ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. മേൽപറഞ്ഞ എല്ലാ ഘടകങ്ങളെ സംബന്ധിച്ചുള്ള വിവര ശേഖരണവും വിശകലനവും വാർറൂമിൽ നടക്കുന്നു. ഇപ്പോഴുള്ള പ്രവർത്തനം, വരാനിരിക്കുന്നതും പ്രവചനാതീതവുമായ മൂന്നാം തരംഗത്തെ നേരിടുന്നതിനു വേണ്ടിയാണ്. രോഗബാധയിലും, തീവ്രതയിലും വരുന്ന വ്യത്യാസങ്ങൾ, രോഗബാധിതരുടെ പ്രായം, ആരോഗ്യം, വെന്റിലെറ്ററിൽ പോകുന്നവരുടെ എണ്ണം, പ്രായം എന്നിങ്ങനെയുള്ള പലഘടകങ്ങളെയും പറ്റിയുള്ള കൃത്യമായ വിവരശേഖരണവും വിശകലനവും മൂന്നാം തരംഗത്തെ നേരിടുന്നതിന് പ്രാദേശിക സർക്കാരുകളേയും സംസ്ഥാന സർക്കാരിനെയും സജ്ജമാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. മൂന്നാം തരംഗം വരാതിരിക്കട്ടെ എന്നാശിക്കുന്നതിനൊപ്പം പ്രതിരോധിക്കുന്നതിന് കേരളജനതയെയും, സംസ്ഥാനത്തെയും സജ്ജമാക്കുക എന്ന ദൗത്യമാണ് വാർറൂം നിർവഹിച്ചു കൊണ്ടിരിക്കുന്നത്.●

വിജയഗാഥ

രമേഷ്കുമാർ വെള്ളമുണ്ട



# കൂട്ടിൽ വളരുന്ന മത്സ്യങ്ങൾ

## വയനാടൻ വിജയഗാഥ

‘ചെളിമണമില്ല... ഒന്നാന്തരം തിലാപ്പിയ...’ ഗിഫ്ട് തിലാപ്പിയ വാട്സാപ്പ് ഗ്രൂപ്പുകളിൽ പോസ്റ്ററുകൾ പ്രചരിച്ചതോടെ ബാണാസുരസാഗർ അണക്കെട്ടിൽ നിന്നുള്ള മീൻവാങ്ങാനെത്തുന്നവരുടെഎണ്ണവുംനാൾക്കുനാൾകൂടുകയാണ്. കോവിഡ് മഹാമാരിക്കാലത്തെയും അതിജീവിച്ച് ഈ വിളവെടുപ്പ് കാലം ബാണാസുരസാഗറിന് പുതിയ പ്രതീക്ഷകളാണ് നൽകുന്നത്. കേരളത്തിൽ ആദ്യഘട്ടത്തിൽ വിപുലമായി തുടങ്ങിയ കൂട് മത്സ്യക്കൃഷിയുടെ വിളവെടുപ്പ് കാലമാണിത്. അണക്കെ

ട്ടിൽ സാധാരണ വളരുന്ന തിലാപ്പിയ ഇനത്തിൽ നിന്നും വ്യത്യസ്തമായി പ്രത്യേക കൂടുകളിൽ വളരുന്ന ഇവിടുത്തെ മീനിന് ചെളി മണമില്ലെന്നതാണ് പ്രധാന ആകർഷണം. കടലില്ലാത്ത വയനാട്ടിൽ പിടയ്ക്കുന്ന മീൻ കിട്ടുന്ന ബാണാസുരസാഗറിന്റെ തീരത്തേക്കാണ് ഇപ്പോൾ എല്ലാവരുടെയും ശ്രദ്ധപതിയുന്നത്. അതിരാവിലെ അണക്കെട്ടിലെ കൂടുകളിൽ നിന്നും പിടിക്കുന്ന മത്സ്യം അപ്പോൾ തന്നെ കരയിലെത്തിച്ച് വിപണന കേന്ദ്രങ്ങളിൽ എത്തിക്കാനുള്ള സംവിധാനമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. കിലോയ്ക്ക് 200 രൂപ തോതിലാണ് ഇപ്പോൾ വിൽക്കുന്നത്.

ബാണാസുരസാഗർ പട്ടിക വർഗ്ഗ സഹകരണ സംഘമാണ് മത്സ്യകൃഷി പരിപാലനത്തിനും വിപണനത്തിനും നേതൃത്വം നൽകുന്നത്.

ജനകീയ മത്സ്യക്കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി മത്സ്യ സമൃദ്ധി പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പാണ് നൂതന സംരംഭമായ കൂട് മത്സ്യ കൃഷി ഇവിടെ തുടങ്ങിയത്.



പിന്നാക്ക വിഭാഗമായ പട്ടികവർഗ്ഗ, പട്ടികജാതി ജനവിഭാഗത്തിന്റെ വരുമാനമാർഗ്ഗമായി ഈ പദ്ധതിയെ കൂട്ടിയിണക്കിയിരിക്കുകയാണ്. ഇവരുടെ പടിഞ്ഞാറത്തറയിലെ സഹകരണസംഘത്തിനാണ് ഇവിടെ നിന്നും മിൻ പിടിച്ച് വിൽക്കാനുള്ള ചുമതല. 90 കൂടുകളിലായി ഗിഫ്റ്റ് തിലാപ്പിയ ഇനത്തിൽപ്പെട്ട രണ്ടര ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയാണ് ഇവിടെ നിക്ഷേപിച്ചത്. അരക്കിലോയിലധികം തൂക്കം ആയതോടെയാണ് ഇവിടെ നിന്നും മത്സ്യം വിളവെടുക്കാൻ തുടങ്ങിയത്. ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (അഡാക്) നാണ് ഇതിന്റെ നിർവ്വഹണ ചുമതല നൽകിയിരിക്കുന്നത്. പ്രധാനമന്ത്രി മത്സ്യ സമൃദ്ധി യോജന പദ്ധതിയിലും ഇവിടെ നൂറോളം പുതിയ കൂടൊരുക്കി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയാണ്. മൂന്ന് ലക്ഷം കുഞ്ഞുങ്ങളെ ഈ പദ്ധതിയിൽ നിക്ഷേപിക്കാനാണ് പദ്ധതിയുള്ളത്.

## കൂട്ടിൽ വളരും മത്സ്യങ്ങൾ

തുറസ്സായ ജലാശയങ്ങളിൽ നിയന്ത്രിതചുറ്റുപാടിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച്പ്രത്യേകം തീറ്റ നൽകി വളർത്തുന്ന രീതിയാണ് കൂട് മത്സ്യക്കൃഷി. മത്സ്യങ്ങളെ വളർച്ചയ്ക്ക് ആനുപാതികമായി തരംതിരിച്ച് വളർത്താം എന്നുള്ളതും പിടിച്ചെടുക്കാൻ എളുപ്പമാണെന്നുള്ളതും ഈ കൃഷിരീതിയുടെ പ്രത്യേകതയാണ്. തുറസ്സായ ജലസ്രോതസ്സുകളായ കായൽ, പുഴകൾ എന്നിവയിലും വലിയ പൊക്കാളിപാടങ്ങൾ, ചെമ്മീൻ കെട്ടുകൾ എന്നിവ



യിലും വലിയ കുളങ്ങൾ, പാറമടകൾ എന്നിവയിലും കൂട് മത്സ്യകൃഷി നടത്താം. മത്സ്യം പിടിക്കാൻ ബുദ്ധിമുട്ടുള്ള ആഴമേറിയ പാറമടകൾ പോലുള്ള ജലാശയങ്ങളിൽ കൂട് മത്സ്യക്കൃഷി ഉത്തമമാണ്. ജീവനുള്ള മത്സ്യങ്ങളെ ആവശ്യനുസരണം പിടിച്ചെടുക്കാൻ കൂട് മത്സ്യക്കൃഷിയാണ് നല്ലത്. കൂട് മത്സ്യക്കൃഷി നടത്തുന്ന ജലസ്രോതസ്സുകളിലെ ജലം കുടിക്കന്നതിനും മറ്റ് വീട്ടാവശ്യത്തിനും ഉപയോഗിക്കാൻ കഴിയില്ല. വേനൽക്കാലത്ത് വറ്റിപ്പോകുന്ന ജലാശയങ്ങൾ ഒഴിവാക്കാം. തുറസ്സായ ജലസ്രോതസ്സുകളിൽ സ്ഥാപിക്കുന്ന കൂടുകൾക്ക് രണ്ടു പാളികളായി അകം പുറം വലകൾ ഉപയോഗിക്കണം. എന്നാൽ കെട്ടിക്കിടക്കുന്ന ജലാശയങ്ങളിൽ ഒരുപാളി വല മതിയാകും. കൂടുകൾ കരയിൽനിന്നും ചുരുങ്ങിയത് 2 മീറ്റർ മാറി വേണം സ്ഥാപിക്കാൻ. ഒരു കൂടിൽനിന്നും ഒന്നിലേക്ക് ഒരുമീറ്റർ അകലം വേണം.

## പരീക്ഷണ വിജയം

പരസ്പരം ഭക്ഷിക്കുന്നതും ആക്രമിക്കുന്ന വിഭാഗത്തിൽപ്പെട്ടവയും ഒരു കൂട്ടിൽ വളർത്തരുത്.6 മുതൽ 8 മാസത്തെ വളർച്ചയ്ക്കു ശേഷം വിപണനത്തിന് പാകമാകുന്ന വിഭാഗത്തിലുള്ളവയെതിരഞ്ഞെടുക്കുന്നതാണ് ഉചിതം. ഉപ്പു ജലാശയങ്ങളിലാണെങ്കിൽ കരിമീൻ, കാളാഞ്ചി, തിരുത എന്നിവയാണ് കൂടുമത്സ്യക്കൃഷിക്ക് യോജിച്ചത്. ശുദ്ധ ജലത്തിലും ഒഴുകുന്ന ജലത്തിലും ഒരുപോലെ വളർത്താവുന്നവയാണ് കരിമീൻ, തിലാപ്പിയ മത്സ്യങ്ങൾ.







വിരൽ വലുപ്പമെത്തിയ കുഞ്ഞുങ്ങളെയാണ് കൂടുകളിൽ വളർത്തുന്നതിനായി ഉപയോഗിക്കേണ്ടത്. ജലാശയമാണെങ്കിൽ ഒരു മീറ്റർ കാബിൽ 75 മത്സ്യക്കുഞ്ഞുങ്ങളെവരെ നിക്ഷേപിക്കാം.

കൂടുകളിലെ വലകളിൽ തീറ്റയുടെ അവശിഷ്ടങ്ങളും പായലും ചെളിയും മറ്റും അടിഞ്ഞുകൂടി വലകളുടെ കണ്ണികൾ അടഞ്ഞുപോകുന്നതിന്സാധ്യതയുള്ളതിനാൽ 15 ദിവസത്തിൽ ഒരിക്കൽ ഇവ ബ്രഷ് ഉപയോഗിച്ച് വൃത്തിയാക്കണം. ഇത് മത്സ്യങ്ങൾക്ക് വേണ്ട ഓക്സിജൻ ലഭിക്കുന്നതിന് അനിവാര്യമാണ്. മത്സ്യക്കുഞ്ഞുങ്ങൾക്ക് കൂടുകളിൽ കിടന്ന് 12 മണിക്കൂറിനു ശേഷം തീറ്റ കൊടുത്തു തുടങ്ങാവുന്നതാണ്. തിരിരൂപത്തിൽ പൊന്തിക്കിടക്കുന്ന തീറ്റയാണ് കൂട് മത്സ്യക്കൃഷിക്ക് അഭികാമ്യം. ബാണാസുരസാഗർ കൂട് മത്സ്യക്കൃഷിക്ക് അനുയോജ്യമായതോടെ വയനാടിന് ഇനിയുള്ള കാലം ശുദ്ധജലമത്സ്യത്തിനും ക്ഷാമമുണ്ടാകില്ല.●





**ടി ഷാഹുൽ ഹമീദ്**
സെക്രട്ടറി, അഴിയൂർ ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണത്തിൽ സാർത്ഥകമായ

**രാജ്യത്തിന്റെ സമ്പത്ത് 77.4% വും ജനസംഖ്യയുടെ 10 ശതമാനത്തിന് കൈകളിൽ ആകുന്ന ആധുനിക പശ്ചാത്തലത്തിൽ വികേന്ദ്രീകൃതമായി ഓരോ പൗരന്റെയും ജീവിത നിലവാരം ഉയർത്തുന്ന വികസന കാഴ്ചപ്പാടുള്ള ജനകീയാസൂത്രണ പ്രവർത്തനം വേറിട്ടതായി നിൽക്കുന്നു.**

വിദ്യാഭ്യാസം,ആരോഗ്യം,വികേന്ദ്രീകൃതാസൂത്രണം എന്നിവയിൽ വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളം. ഇതിന് പ്രചോദനമായത് 1996 ചിങ്ങം ഒന്നിന് ആരംഭിച്ച പങ്കാളിത്ത ജനാധിപത്യത്തിന്റെ നേർപതിപ്പായ ജനകീയാസൂത്രണ പദ്ധതിയാണ്. ജനകീയാസൂത്രണം രജത ജൂബിലി ആഘോഷിക്കുമ്പോൾ വിവിധമേഖലകളിൽ അത്ഭുതം കാട്ടിയതിന്റെ നേർചിത്രം നമ്മുടെ മുമ്പിലേക്ക് അനാവരണം ചെയ്യപ്പെടുന്നു.

ഓരോ പ്രദേശവും ആ പ്രദേശത്തിന്റെ സാഹചര്യങ്ങൾക്കിണങ്ങിയ പദ്ധതികൾ ഉണ്ടാക്കി ആസൂത്രണത്തിൽ പുതിയ കാൽവെപ്പ് നടത്തി. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ നവീന കാഴ്ചപ്പാടുകൾ പിറന്നു വീണു. നഗരം - ഗ്രാമം വേർതിരിവില്ലാത്ത ഭൂപ്രദേശത്ത് സമാനതകളില്ലാത്ത വികസന പരിപ്രേക്ഷ്യം രൂപപ്പെട്ട്, പ്രാദേശിക ആസൂത്രണത്തിന്റെ പുത്തൻ അദ്ധ്യായം ഉണ്ടായി പങ്കാളിത്ത ജനാധിപത്യം ഭാസുരമായി. പ്രതിശീർഷ വരുമാനം, ഉപഭോഗം, സമ്പാദ്യം, നിക്ഷേപം എന്നിവയിൽ കേരളം മുൻപന്തിയിലാണ്. ചിലവ് കുറഞ്ഞ വികസന മാതൃക, പരിസ്ഥിതിക്ക് അനുയോജ്യമായ സാമ്പത്തിക വളർച്ച എന്നിവയ്ക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിലകൊണ്ടു. സാമൂഹിക വികസനത്തിൽ കേരളത്തിന്റെ സ്ഥാനം വികസിത രാജ്യങ്ങൾക്കൊപ്പമാണ്. വിഭവങ്ങൾ ജനങ്ങൾക്ക് വീതിച്ച് നൽകുന്നതിൽ കേരളത്തിന് വിജയിക്കുവാൻ സാധിച്ചത് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പിന്തുണ കൊണ്ടാണ്. മനുഷ്യന്റെ വികസന ആവശ്യങ്ങളെ പ്രകൃതിക്ക് വിഘാതം ഇല്ലാതെ പരിഗണിക്കുന്നതിനു പങ്കാളിത്ത ജനാധിപത്യം ഉപകാരപ്പെട്ടു. വികസനത്തോടൊപ്പം സാമൂഹിക നീതി ഉറപ്പാക്കി ചിലവുകുറഞ്ഞ വികസന മാതൃകകൾ അവതരിപ്പിക്കപ്പെട്ടു.

1970 കാലഘട്ടത്തിൽ രാജ്യത്തിന്റെ പുരോഗതി നിർണയിക്കുന്നത് GDP എന്ന ഒറ്റ അളവുകോൽ മാത്രമായിരുന്നു. എന്നാൽ വരുമാനത്തോട് കൂടെ മറ്റ് മനുഷ്യജീവിതവുമായി ബന്ധപ്പെട്ട അളവുകോലുകൾ കൂടി പരിഗണിച്ചുള്ള വികസന പരിപ്രേക്ഷ്യമാണ് കേരളം മുന്നോട്ട് വെച്ചത്, ഉയർന്ന ജീവിത നിലവാരം,

# 25 വർഷങ്ങൾ

ജീവിതദൈർഘ്യം, കുറഞ്ഞ ജനന നിരക്ക്, ജനന അവസ്ഥയിലെ കുട്ടികളുടെ മരണനിരക്ക് എന്നിവയിൽ കേരളം അത്ഭുതം സൃഷ്ടിക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനം കാരണമായി.

എഴുപത്തിമൂന്നാം ഭരണഘടന ഭേദഗതിയോടെ പഞ്ചായത്തുകൾ ഭരണഘടനാ സ്ഥാപനമായി മാറി. 1994 ൽ കേരള പഞ്ചായത്തിരാജ് നിയമം നിലവിൽ വന്നതോടെ അധികാരത്തിനോടൊപ്പം വിഭവങ്ങളും ഉത്തരവാദിത്വങ്ങളും വികേന്ദ്രീകരിച്ചു പഞ്ചായത്തുകളെ ശാക്തീകരിച്ചതിന്റെ ഫലമായി കേരളത്തിന്റെ വികസന കുതിപ്പിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നിർണായക ചാലക ശക്തിയായി മാറി. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ 35% മുതൽ 40% വരെ താഴെത്തട്ടിലേക്ക് വിഭജിച്ച് നൽകിയത് വഴി ഓരോ പ്രദേശവും വികസന കുതിപ്പിൽ പങ്കാളികളായി. ആരോഗ്യ സംവിധാനം പ്രാദേശിക സർക്കാരുകളുടെ മുൻഗണനാ വിഷയമായി മാറി. ഓരോ മേഖലയെയും ബാധിക്കുന്ന പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് ജനകീയ ഇടപെടൽ ജനകീയാസൂത്രണം സാധ്യമാക്കി. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന പശ്ചാത്തലത്തിന് ഗ്രാമസഭ ശക്തിപ്പെട്ടതോടെ പുതിയ ഊർജ്ജം ലഭിച്ചു. ഓരോ പ്രദേശത്തും വികസനത്തിന്റെ കാവലാളുകളായി ഗ്രാമസഭകൾ മാറി.

സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം നടത്താനുള്ള ഭരണഘടനാ ദൗത്യം ജനകീയാസൂത്രണത്തിലൂടെ സമ്പന്നമായി. കേരളത്തിന്റെ ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുവാൻ ഗ്രാമപഞ്ചായത്തുകളും കുടുംബശ്രീയും വഹിച്ച പങ്ക് നിസ്തുലമാണ്. ജൈവ ആവാസ വ്യവസ്ഥ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിസ്ഥിതിയുടെ കാവലാളായി ഗ്രാമപഞ്ചായത്തുകൾ നിലകൊള്ളുന്നു. കാർഷിക ഗ്രാമീണ സംസ്കാരം കേരളത്തിൽ നിലനിർത്തുവാനും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ ഉത്തരവാദിത്വത്തോടെ പരിഹരിക്കുവാനും ജനകീയ ആസൂത്രണത്തിലൂടെ സാധിച്ചു. മാലിന്യനിർമ്മാർജ്ജനത്തിൽ വികേന്ദ്രീകൃത കാഴ്ചപ്പാടിനും എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുവാനും ജനകീയാസൂത്രണത്തിൽ സാധിച്ചു .

സാമൂഹ്യബോധം ഉണർത്തു പാട്ടാക്കി മാറ്റി ജനങ്ങളിൽ സാമൂഹിക പ്രവർത്തനം ഊട്ടി ഉറപ്പിക്കുവാൻ സാധിച്ചു. കേരളീയരുടെ പൊതുബോധം ഉയർത്തുന്നതിൽ ജനകീയ ആസൂത്രണം നവോത്ഥാനമാണ് കേരളത്തിൽ ഉണ്ടാക്കിയത്. അതിനു പഞ്ചായത്തുകൾ നേതൃത്വപരമായ പങ്കാണ് വഹിച്ചത് . എനിക്ക് എന്ത് കിട്ടും എന്നതിനുപകരം എന്റെ പ്രദേശത്തിന് എന്ത് കിട്ടുമെന്ന് സന്ദേശം വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. ഓരോ പഞ്ചായത്തിലും വ്യത്യസ്ത കഴിവുകൾ ഉള്ളവരുടെ ഒരു നിര ഉണ്ടാക്കിയെടുക്കുവാൻ ജനകീയാസൂത്രണം കൊണ്ട് സാധിച്ചു. നീർത്തട വികസന കാഴ്ചപ്പാടുകൾ പഞ്ചായത്തുകൾക്ക് പരിചിതമായി. മണ്ണ് -ജലം- വായു എന്നിവ സംരക്ഷിക്കുവാൻ വിവിധങ്ങളായ ഇടപെടലുകൾ നടത്തി.





കേരള വികസന മാതൃകയുടെ പ്രധാന ഘടകങ്ങളായ സാമൂഹ്യ വികസനം,സ്ഥായിയായ ആളോഹ രി വരുമാനം വർദ്ധനവ്, ഉൽപാദന മേഖലയിലെ വളർച്ച, അടിസ്ഥാന സൗകര്യ വികസനം, ഉയർന്ന ജീ വിത നിലവാരം ഓരോ പൗരനും ഉറ പ്പാക്കൽ, ആരോഗ്യ വിദ്യാഭ്യാസ മേ ഖലയിലെ നേട്ടങ്ങൾ എന്നിവയിൽ സക്രിയമായി ഇടപെട്ട് സുസ്ഥിര വികസനം കേരളത്തിന് ഉണ്ടാക്കു വാൻ കേരളത്തിനെ സഹായിച്ചത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ നിരന്തരമായ ഇടപെടലിലൂടെയും മേൽനോട്ടത്തിലും ആണ് . കൂടാതെ ജനാധിപത്യത്തിനെ സമ്പുഷ്ടമാക്കു ന്നതിന് പഞ്ചായത്തീരാജ് സംവിധാ നങ്ങൾ മികച്ച പങ്കുവഹിച്ചു. വൈവി ധ്യങ്ങളും വ്യത്യസ്ത ആശയങ്ങളും ഏകോപിപ്പിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒത്തൊരുമയോടെ പ്രവർത്തിച്ചു. ഉയർന്ന തലത്തിലുള്ള രാഷ്ട്രീയബോധം, പൗരധർമ്മം എ ന്നിവ പ്രകടിപ്പിക്കുവാനുള്ള ധാരാളം അവസരങ്ങൾ ജനങ്ങൾക്ക് ലഭിച്ചു. പൊതുധാരയിൽ നിന്ന് വരുന്ന നിർ ദ്ദേശങ്ങൾ സ്വാംശീകരിച്ച് നാടിനെ ജനകീയമായി നയിക്കുവാനുള്ള അവസരം ജനകീയാസൂത്രണത്തിലു ടെ ലഭിച്ചു. വനിതാ പദ്ധതികൾക്ക് ചാ ലക ശക്തിയായി പഞ്ചായത്തുകൾ മാറി. ജനസംഖ്യയിൽ കേരളത്തിന്റെ പ്രത്യേകതയായ സ്ത്രീകളുടെ സാ ന്നിധ്യം ജനകീയാസൂത്രണത്തിൽ പൂർണാർത്ഥത്തിൽ ലഭിച്ചു. തൊഴി ലുറപ്പ് പദ്ധതിയിലെ തൊഴിലാളിക ളിൽ 93% സ്ത്രീകളാണ്, കൂടാതെ 45 ലക്ഷം പേർ അംഗങ്ങളായ കുടും ബശ്രീ പ്രസ്ഥാനവും ജനകീയാസൂ ത്രണത്തെ സാർത്ഥകമാക്കി. സമ്പ ത്തിൽ അധികാരം നേടുക, എന്ന സാമ്പത്തിക തന്ത്രംത്തിന്റെ ലക്ഷ്യ ത്തിലേക്കുള്ള പാതയിലാണ് ജന കീയാസൂത്രണം സ്ത്രീകളെ ഇനി കൊണ്ടു പോകേണ്ടത്. ജീവിതത്തി ലുടനീളം നേതൃത്വം, ഉത്തരവാദിത്വം എന്നിവ നിർവഹിക്കുന്ന സ്ത്രീകളെ തൊഴിൽ രംഗത്തേക്ക് ഇറക്കുക എന്ന ഭഗീരഥ പ്രവർത്തനമാണ് ജനകീയാ സൂത്രണത്തിന്റെ രജതജൂബിലി വർ ഷത്തിൽ നമുക്ക് നിർവഹിക്കുവാൻ ഉള്ളത്. ആസൂത്രണം, വികസന പരി പ്രേക്ഷ്യം എന്നിവയിൽ ഒഴിച്ചുകൂടാ നാവാത്ത കണ്ണികളായി സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരാൻ ജനകീയാ സൂത്രണ പ്രസ്ഥാനത്തിന് സാധിച്ചു.

ജനകീയാസൂത്രണത്തിലൂടെ ഉ ണ്ടാക്കിയ വിപ്ലവകരമായ കാര്യം പാ ലിയേറ്റീവ് രംഗത്തുള്ള നേട്ടങ്ങളും ഭിന്നശേഷിക്കാരായ കുട്ടികളുടെ സം രക്ഷണ പ്രവർത്തനങ്ങളും ആണ്. കിടപ്പിലായ രോഗികൾക്ക് വീടുക ളിലെത്തി സാന്ത്വനം നൽകുവാൻ ജനകീയാസൂത്രണ പദ്ധതിയിൽ മുൻ ഗണന നൽകുന്നു. ഭിന്നശേഷിക്കാർ, വനിതകൾ, വൃദ്ധർ, ശിശുക്കൾ എ ന്നിവർക്ക് പ്രത്യേക പരിഗണനയും ഫണ്ടും ജനകീയാസൂത്രണത്തിലൂടെ നീക്കിവെച്ചു. ദുരന്തനിവാരണം വർ ത്തമാനകാലത്ത് കേരളത്തിലെ സാ ഹചര്യത്തിൽ സവിശേഷമായ കാര്യ മാണ്, അതിഥിത്തൊഴിലാളികളോട് കേരളം കാണിച്ച മനോഭാവവും ജന കീയാസൂത്രണ ത്തിന്റെ ഉപോൽപന്ന മാണ് . കേരളത്തിൽ കോവിഡ് പ്രതി രോധ പ്രവർത്തനങ്ങളും സാമൂഹ്യ അടുക്കളയും മൂന്നു ലക്ഷം വരുന്ന സന്നദ്ധ സേനയും ജനകീയ ആസൂ ത്രണത്തിലൂടെ പഞ്ചായത്ത് നേടി യെടുത്ത കരുത്തിന്റെ പ്രതീകമാണ്. സൃഷ്ടിപരമായ സമീപനവും സമ ചിത്തതയും നേടിയെടുക്കുവാൻ പ്രാദേശിക ഭരണകർത്താക്കൾക്ക് ജനകീയാസൂത്രണത്തിലൂടെ സാധി ച്ചു. കേരളത്തിന്റെ സമ്പദ്ഘടനയിൽ കൃഷി 10 ശതമാനമായി ചുരുങ്ങിപ്പോ യെങ്കിലും കൃഷിയെ അന്തസ്സുള്ള സംസ്കാരമായി മാറ്റാൻ ജനകീയാ സൂത്രണത്തിന് സാധിച്ചു. സാമ്പ്ര ദായിക വികസന സങ്കൽപ്പത്തിന്റെ സൂചികകളുടെ പൊളിച്ചെഴുത്താണ് ജനകീയാസൂത്രണം കഴിഞ്ഞ 25 വർ ഷക്കാലം നടത്തിയത്. അടുത്ത വർ ഷങ്ങളിൽ തൊഴിലും ഉൽപ്പാദനവും വർദ്ധിപ്പിക്കുക എന്നതാണ് ജനകീയാ സൂത്രണ പ്രവർത്തകരുടെ മുമ്പിലു ള്ള കടമ്പ. തൊഴിൽപങ്കാളിത്തത്തിൽ സ്ത്രീകളുടെ എണ്ണം കുറയുന്നത് കേ രളത്തിന് ഭൂഷണമല്ല. ആസ്തി കൈ കാര്യം ചെയ്യുവാനും ആരോഗ്യമേഖ ലയിലെ പ്രശ്നങ്ങളിൽ സ്ത്രീകളുടെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കു വാനും, നിലനിൽപ്പിനെ തന്നെ ചോ ദ്യം ചെയ്യുന്ന കോവിഡ്-19 അടക്കമു ള്ള പകർച്ചവ്യാധികളെ ഫലപ്രദമായി ചെറുത്തു തോൽപ്പിക്കുവാനും സ്ത്രീ കൾ, കുട്ടികൾ എന്നിവർക്കെതിരെയു ള്ള അതിക്രമങ്ങൾ ഇല്ലാതാക്കുവാന ും ജനകീയാസൂത്രണ പദ്ധതി കൊണ്ട് സാധിക്കേണ്ടതായിട്ടുണ്ട് അവകാശ ാധിഷ്ഠിത സമീപനം എല്ലാതലത്തി ലും സാർവത്രികമാകേണ്ടതായിട്ടുണ്ട്.

രാജ്യത്തിന്റെ സമ്പത്ത് 77.4% വും ജനസംഖ്യയുടെ 10 ശതമാനത്തി ന് കൈകളിൽ ആകുന്ന ആധുനിക പശ്ചാത്തലത്തിൽ വികേന്ദ്രീകൃത മായി ഓരോ പൗരന്റെയും ജീവിത നിലവാരം ഉയർത്തുന്ന വികസന കാഴ്ചപ്പാടുള്ള ജനകീയാസൂത്രണ പ്രവർത്തനം വേറിട്ടതായി നിൽക്കു ന്നു.●

# തരിശിടാനിനി ഭൂമിയില്ലെന്നുറപ്പിച്ചു തൊഴിലുറപ്പ് പദ്ധതിയും പുഴയ്ക്കൽ ബ്ലോക്കും

മനുഷ്യന്റെ ആവശ്യങ്ങൾ ക്രമാതീതമായതോടെ അധിക വിഭവങ്ങളുടെ ലഭ്യതക്കായി പ്രകൃതിയുടെ ആഴങ്ങളിലേക്ക് നുഴഞ്ഞുകയറേണ്ട സാഹചര്യങ്ങൾ ഉണ്ടാവുകയും ആവശ്യങ്ങളുടെ തോത് അനന്തതയോളം വളർന്നതോടെ പ്രകൃതി വിഭവങ്ങൾ പരിമിതമാവുകയുമായിരുന്നു. ഇതര ജീവികളേക്കാൾ ബൗദ്ധികമായി ഏറെ മുന്നേറിയ മനുഷ്യൻ ഭൂമിയിലെ സകലതും തങ്ങൾക്ക് മാത്രം ആസ്വദിക്കാനും അനുഭവിക്കാനും ഉള്ളതാണെന്ന ധിക്കാരപരമായ ചിന്തകളിലെത്തിയതും ഭൗതികമെന്നോ ആത്മീയമെന്നോ വ്യത്യാസമില്ലാതെ എല്ലാ ചിന്താധാരകളും ആ നിലപാടിനെ മുന്നോട്ട് വച്ചതിനൊപ്പം മനുഷ്യൻ എല്ലാ ജീവജാലങ്ങൾക്കും മുകളിലാണെന്ന് പ്രഘോഷിച്ചതോടും കൂടിയാണ് പരിമിതമായ പ്രകൃതിവിഭവങ്ങളുടെ ചൂഷണം യാതൊരു കുറ്റബോധവുമില്ലാതെ അതിരുകളില്ലാതെ മുന്നേറിയത്.

പ്രകൃതി ചൂഷണം,തങ്ങളുടെ ആരോഗ്യത്തെക്കൂടി പ്രതികൂലമായി ബാധിക്കുന്നു എന്ന വൈകിയെത്തിയ തിരിച്ചറിവിന്റെ തീരത്ത് നിസ്സഹായനായി നിന്ന മനുഷ്യൻ, ഇതര ജൈവ വ്യവസ്ഥയുടെ തകർച്ചയോടൊപ്പം തങ്ങളുടേയും നിലനിൽപ്പ് കൂടി അപകടത്തിലാണെന്ന തിരിച്ചറിവിൽ തിരിഞ്ഞു നടക്കാൻ തുടങ്ങുകയാണ്. സുസ്ഥിര വികസനം എന്ന കാഴ്ചപ്പാടിലേക്ക് ഇന്ന് ലോകത്തെ ഒട്ടുമിക്ക രാഷ്ട്രങ്ങളും എത്തിച്ചേർന്നിട്ടുണ്ട്. ഉയർന്നുവരുന്ന ചൂടും കുറഞ്ഞുവരുന്ന മഴയുമെല്ലാം ജീവിതം ദുസ്സഹമാക്കുന്നതോടെ പ്രകൃതിയെ കരുതുകയല്ലാതെ വേറെ വഴിയില്ല എന്നതാണ് യാഥാർത്ഥ്യം.



ലോക പരിസ്ഥിതി ദിനങ്ങളോടനുബന്ധിച്ചു പ്രതീകാത്മകമായി നടുന്ന വൃക്ഷത്തൈകളുടെ നിഴലിൽ തണൽ കണ്ടെത്താനാവുന്നതിലും കടുത്ത മരുഭൂമിയിലാണ് നമ്മൾ എന്നതു തിരിച്ചറിഞ്ഞ് തന്നെയാണ് ഭരണകൂടങ്ങൾ വനനശീകരണം എന്നതിന്റെ പ്രായശ്ചിത്തമെന്നോണം സാമൂഹ്യ വനവത്കരണം ഒരു നയമായി തന്നെ സ്വീകരിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ തുടങ്ങിയതും. ഇന്ത്യയിൽ അത്തരത്തിൽ ഏറ്റവും ഫലപ്രദമായി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി, പുഴയ്ക്കൽ ബ്ലോക്കിലെ അവണൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ KSEB യുടെ കൈവശമുള്ള 5 ഏക്കർ വരുന്ന സ്ഥലത്ത് വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

ആദ്യകാലങ്ങളിൽ KSEB യുടെ കോൺക്രീറ്റ് പോസ്റ്റുകൾ നിർമ്മിക്കുന്നതിനായി ഉപയോഗിച്ചിരുന്ന സ്ഥലം, പിന്നീട് പ്രവർത്തനങ്ങൾ നിലച്ച് ഇരുപതിലേറെ വർഷമായി ഉപയോഗശൂന്യമായി കിടക്കുകയായിരുന്നു. കോൺക്രീറ്റ് അവശിഷ്ടങ്ങളും പൊട്ടിപ്പൊളിഞ്ഞവർക്ക് ഷെഡുകളും ഒക്കെയായി കിടന്നിരുന്ന പ്രദേശം സാമൂഹിക വനവത്കരണത്തിന്റെ മാർഗനിർദേശങ്ങൾക്കനുസൃതമായി ഫലവൃക്ഷങ്ങളും മറ്റു മരങ്ങളും വച്ചുപിടിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മനുഷ്യർക്കും ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും ഉപയുക്തമാവും വിധം 5 ഏക്കറോളം വരുന്ന ഈ ഭൂമിയെ മാറ്റിയെടുക്കുക എന്നതിന് ആദ്യ കടമ്പയായിരുന്നത് ഭൂമിയുടെ ഉടമസ്ഥരായ വൈദ്യുതി ബോർഡിൽ നിന്നും അനുമതി ലഭിക്കുക എന്നതായിരുന്നു. തുടർന്ന് KSEB പ്രതിനിധികളുമായി ഗ്രാമ – ബ്ലോക്ക് – ജില്ലാ തല ഉദ്യോഗസ്ഥരും,ജനപ്രതിനിധികളും തുടർച്ചയായി നടത്തിയ ചർച്ചകൾക്കൊടുവിൽ KSEB ഈ സ്ഥലം സാമൂഹ്യവനവത്കരണത്തിനായി തൊഴിലുറപ്പ് പദ്ധതിക്ക് നൽകാൻ തീരുമാനിക്കുകയായിരുന്നു.







പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 2021 ആഗസ്ത് 6 ന് അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കമണി ശങ്കുണ്ണിയുടെ അധ്യക്ഷതയിൽ പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.വി. ബിജു പദ്ധതി പ്രദേശത്ത് നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത്സെക്രട്ടറി ചന്ദ്രമോഹൻ ബി. എം., KSEB ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പ്രവീൺ, അസിസ്റ്റന്റ് എഞ്ചിനീർ അനിൽ കുമാർ, വാർഡ് മെമ്പർ നിമ രാജീവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജയൻ എം. എന്നിവർ സംസാരിച്ചു. ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും, ജീവനക്കാരും മഹാത്മാ ഗാന്ധി NREGS ജീവനക്കാരും തൊഴിലാളികളും സന്നിഹിതരായിരുന്നു.

1228 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് 3.57 ലക്ഷം രൂപയോളം തൊഴിലാളികൾക്ക് നൽകുന്നതിനുകൂടി ലക്ഷ്യമിടുന്ന പദ്ധതി പൂർത്തീകരിക്കുന്നതിനായി 424000 രൂപ ചിലവ് വരുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. ഈ പ്രദേശത്ത് കാട് മൂടിക്കിടക്കുന്ന കുളത്തിന്റെ നവീകരണവും ഫലവൃക്ഷതൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള നഴ്സറിയും ഭാവിയിൽ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

കേരളത്തിൽ എന്റെ മരം, വഴിയോര തണൽ, ഹരിതതീരം, ഹരിതകേരളം തുടങ്ങി വിവിധ പദ്ധതികളും പരിസ്ഥിതി സംരക്ഷണവും വനവത്കരണവും ലക്ഷ്യമിട്ട് പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്, നഗരപ്രദേശങ്ങളിൽ മിയാവാക്കി മാതൃകയിൽ ചെറുവനങ്ങൾ സൃഷ്ടിച്ചുകൊണ്ട്.

നഗരവത്കരണവും വ്യവസായവത്കരണവും കൊണ്ട് ഇല്ലാതാക്കപ്പെട്ട വനഭൂമിയെ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളും നടന്നു വരുന്നുണ്ട്. സർക്കാരുകളുടെ പ്രവർത്തനങ്ങൾക്ക് പുറത്ത് ആസാമിലെ 550 ഏക്കറോളം തരിശുഭൂമി വനമാക്കി മാറ്റിയ ഫോറസ്റ്റ് മാൻ ഓഫ് ഇന്ത്യ എന്നറിയപ്പെടുന്ന പത്മശ്രീ ജേതാവുകൂടിയായ ജാദവ് പെയാങ്ങ്, കുടകിൽ സ്വകാര്യ വന്യജീവി സങ്കേതം തുടങ്ങിയ മൽഹോത്ര ദമ്പതികൾ, കണ്ടൽചെടികളുടെ രക്ഷകനായ നമ്മുടെ കല്ലേൻ പൊക്കുടൻ തുടങ്ങി നിരവധി പരിസ്ഥിതി സ്നേഹികളുടെ പ്രവർത്തനങ്ങളും വീക്ഷണങ്ങളും കൂടി നമ്മുടെ വികസനകാഴ്ചപ്പാടിനൊപ്പം ഇഴചേർത്ത് മാത്രമേ ഇനി മുന്നോട്ടു പോകാനാവൂ എന്നത് നിസ്തർക്കമാണ്. അതിനായുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റേയും ഓരോ ശ്രമങ്ങൾക്കുമൊപ്പം അണിചേരേണ്ടത് ഓരോ പൗരന്റേയും കർത്തവ്യം കൂടിയാണ്. അതിൽ ഓരോ പ്രവൃത്തിയിലും പാരിസ്ഥിതക മൂല്യം ഉറപ്പുവരുത്തുന്ന തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ അനുകരണീയമായ മാതൃകകളായി സമൂഹത്തിൽ ഉയർന്നു നിൽക്കേണ്ടവ തന്നെയാണ്.

# തിളയ്ക്കുന്ന സൂര്യനെ തളയ്ക്കാൻ തളിക്കുളം

എല്ലാ ഊർജ്ജത്തിന്റേയും ഉറവിടം സൂര്യനാണെന്ന് പ്രൈമറി ക്ലാസുകൾ മുതൽ പഠിച്ചുവരുന്ന കാര്യമാണെന്ന അറിവുണ്ടായിരുന്നെങ്കിലും ആ ഊർജത്തെ ശേഖരിച്ച് പുനരുപയോഗിക്കാവുന്ന സാങ്കേതിക വിദ്യയുടെ അഭാവം തന്നെയായിരുന്നു പൂർണ്ണമായ ഉപയുക്തതയ്ക്ക് തടസ്സമായി നിന്നത്. എങ്കിലും ആ ഊർജത്തെ നേരിട്ട് സംഭരിച്ച് ഉപയോഗിക്കാനുള്ള സാങ്കേതിക വിദ്യകൾ കണ്ടെത്തിയതും താരതമ്യേന ചെലവുകൾ കുറഞ്ഞു വന്നതും സമീപകാലത്ത് സൗരോർജ്ജത്തെ കൂടുതലായി ഉപയോഗിക്കാനുള്ള പ്രവണതയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഫോസിൽ ഇന്ധനങ്ങളുടെ ഉറവകൾ വറ്റിത്തുടങ്ങിയതും അവ പരിസ്ഥിതിയിലും അന്തരീക്ഷത്തിലും ഉണ്ടാക്കുന്ന പ്രതികൂലമായ മാറ്റങ്ങളുടെ ഭവിഷ്യത്തുകൾ നേരിട്ട് അനുഭവവേദ്യമാകാൻ തുടങ്ങിയതും സൗരോർജ്ജത്തിന്റെ പ്രസക്തിയും അനിവാര്യതയും വർധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഇന്ന് ആണവോർജത്തിനൊപ്പം തന്നെ പുനരുപയോഗം സാധ്യമായ സൗരോർജ്ജവും വൈദ്യുതി ഉത്പാദനത്തിലെ പ്രധാന ഘടകമായി മാറിയിരിക്കുന്നു. പരിസ്ഥിതി സൗഹൃദം എന്നതിനൊപ്പം അമിതമായ വൈദ്യുതിചെലവുകളിൽ നിന്നുള്ള ആശ്വാസവും ഗാർഹിക ഉപഭോക്താക്കളെയും സോളാർ എനർജിയിലേക്ക് ആകർഷിക്കുന്നുണ്ട്. സർക്കാർ തലത്തിൽ അനെർട്ട് സൗരോർജം ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്.



ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു ഉത്തമ മാതൃക ജനങ്ങൾക്കു മുന്നിൽ കാഴ്ചവക്കുകയാണ് തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്. ബ്ലോക്ക് പരിധിയിലെ ജനങ്ങൾക്ക് മികച്ച സേവനം നൽകിവരുന്ന വാടാനപ്പിള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിലാണ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനായി ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തത്. 5 ഡോക്ടർമാർ ഉൾപ്പെടെ 56 ജീവനക്കാരും രോഗികൾക്ക് കിടത്തി ചികിത്സക്കായി 24 കിടക്കകളും ഉള്ള ഈ ആശുപത്രി രണ്ടു പഞ്ചായത്തുകളിലെ സാധാരണക്കാരുടെ ഏക ആശ്രയമാണ്. ആശുപത്രിയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി 2019–20 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 21.80 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. തുടർന്ന് അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ 10 KVWP ശേഷിയുള്ള 15 പാനലുകൾ ആണ് ആശുപത്രിയിൽ സ്ഥാപിച്ചത്. 19.16 ലക്ഷം രൂപയാണ് പദ്ധതിക്കായി ആകെ ചെലവായത്.

പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം ബ്ലോക്ക് പ്രസിഡണ്ട് കെ സി പ്രസാദ്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഭാസി എന്നിവർ പങ്കെടുത്ത ഔദ്യോഗിക ചടങ്ങിൽ മണലൂർ എം എൽ എ മുരളി പെരുനെല്ലി പ്ലാന്റിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. തടസമില്ലാത്ത വൈദ്യുതി വിതരണത്തോടൊപ്പം തന്നെ മുമ്പ് അലട്ടിയിരുന്ന ഭീമമായ വൈദ്യുതബില്ലിൽ നിന്നും ആശുപത്രിക്ക് പദ്ധതിയിലൂടെ മോചനമാവുകയായിരുന്നു.

വികസനം അനിവാര്യമാണെങ്കിലും ഭാവിയുടെ സുരക്ഷിതത്വം കൂടി പരിഗണിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ മാത്രമേ മനുഷ്യന്റെ കൂടി നിലനിൽപിന് സഹായകമാവൂ എന്ന തിരിച്ചറിവിന്റെ കാലത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അത്ത



രം പ്രവർത്തനങ്ങളിൽ മാതൃകയായി മുന്നിൽ നിൽക്കേണ്ട ചുമതല ഓരോ സർക്കാർ സംവിധാനങ്ങൾക്കുമുണ്ട്. തളിക്കുളം ബ്ലോക്കിന്റെ പദ്ധതി ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ചുള്ള അന്വേഷകർക്ക് വലിയ പ്രചോദനവും ഇത്തരം സാങ്കേതികവിദ്യകളെക്കുറിച്ച് ജനങ്ങൾക്കുള്ള ആശങ്കകളെ അകറ്റുന്നതുമാണ്. അതിജീവനം എന്നത് അനിവാര്യമായിരിക്കുന്ന കാലത്ത് അതിനായി കഴിയുന്ന രീതിയിലെല്ലാം ശ്രമിക്കുക എന്നതിന് ഓരോ വ്യക്തിയും സമൂഹത്തോട് ബാധ്യതപ്പെട്ടിരുക്കുന്നു. അതുകൊണ്ട് തന്നെ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി കുറച്ച് കൊണ്ടുവരാനുള്ള സർക്കാരിന്റെയും അനെർട്ടിന്റെയും ശ്രമങ്ങളോട് ഏവരും ഐക്യപ്പെടേണ്ടതുണ്ട്.●




ജനകീയാസൂത്രണം രജത ജൂബിലി ആഘോഷം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിൽ സമുചിതമായി നടത്തി. ബ്ലോക്ക് പ്രസിഡൻറ് സജിത വിനോദ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് പി.ടി മുഹമ്മദ് കുട്ടി അദ്ധ്യക്ഷത വഹിച്ചു. മുൻ പ്രസിഡൻറുമാർ, വൈസ് പ്രസിഡൻറുമാർ,മുൻ മെമ്പർമാർ, ജനകീയാസൂത്രണം പ്രവർത്തകർ എന്നിവരെ ആദരിച്ചു. ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിലായാരുന്നു ചടങ്. മുൻ അംഗങ്ങൾ അവരുടെ അനുഭവങ്ങളും മുൻകാല വികസന പ്രവർത്തനങ്ങളും ചടങ്ങിൽ പങ്കിട്ടു. കലാമണ്ഡലം കലാകാരൻമാരുടെ നേതൃത്വത്തിൽ വിവിധ കലാ പരിപാടികളും നടന്നു.

# വായന ലോകത്തേക്ക് വാതിലുകൾ തുറന്നിട്ട് വെള്ളാങ്ങല്ലൂർ

"വായിച്ചാൽ വളരും, വായിച്ചില്ലേലും വളരും
വായിച്ചാൽ വിളയും, വായിച്ചില്ലേൽ വളയും."

കുഞ്ഞുണ്ണിമാഷ് കുഞ്ഞു വരികളിലൂടെ പറഞ്ഞ വലിയകാര്യമാണ്.

ഭൂമുഖത്തെ എല്ലാ ജീവികൾക്കും വിവിധ രീതികളിലുള്ള ആശയവിനിമയ ഉപാധികൾ ഉണ്ട്. പലപ്പോഴും ആഹാരവും അപകടവും വികാരങ്ങളും എല്ലാം പങ്കുവക്കപ്പെടുന്നതിന് ഓരോ ജീവിയും അവരുടേതായ രീതിയിൽ സഹജീവികളോട് സംവദിക്കുന്നുണ്ട്. എന്നാൽ മനുഷ്യൻ ആ ജീവികളിൽ നിന്നും വ്യത്യസ്തനായതിന്റെ ഒരു പ്രധാനകാരണം ഭാഷയുടെ കണ്ടെത്തലാണ്. ഇതര ജീവികൾ ജീവനത്തിനാവശ്യമായ പ്രാഥമികമായ കാര്യങ്ങൾ മാത്രം സംവേദനം ചെയ്യുമ്പോൾ മനുഷ്യൻ ഭാഷയുടെ സഹായത്തോടെ ഭൂമിക്കും പുറത്തേക്ക് തങ്ങളുടെ സ്വാധീനം ഉറപ്പിക്കാനുള്ള കുതിപ്പിലാണ്.

പറഞ്ഞു വരുന്നത് ഭാഷയുടേയും ഭാഷയിലൂടെ പകർന്നു പടർന്ന അറിവിന്റേയും പ്രാധാന്യത്തെക്കുറിച്ചു തന്നെയാണ്. കടലാസും അച്ചടികളും പിന്നിട്ട് ഓൺലൈൻ വെർച്വൽ ലോകത്ത് അറിവുകളുടെ ചിറകടികളുയരുമ്പോഴും കേരളം അതിനൊപ്പം തന്നെ പറന്നുയരുന്നതിന് ഒരു പ്രധാനപങ്കുവഹിച്ചതിൽ ഗ്രാമങ്ങൾ തോറുമുള്ള വായനശാലകളുടെ പങ്ക് പരമപ്രധാനമാണ്. ക്ലാസ്മുറികളിലെ സിലബസുകൾക്കപ്പുറത്ത് സാഹിത്യങ്ങളും ചരിത്രങ്ങളും അറിയാനും ചർച്ച ചെയ്യാനും ഇടമൊരുക്കിയ ഗ്രന്ഥശാലകൾ നമ്മുടെ ജനതയുടെ സാമൂഹിക-രാഷ്ട്രീയ-ബൗദ്ധിക വളർച്ചയുടെ കേന്ദ്രങ്ങളായിരുന്നു.



വിദ്യാഭ്യാസം ക്ലാസ്മുറികളിൽ പഠിപ്പിക്കുന്ന പാഠങ്ങൾക്കപ്പുറത്ത് മനുഷ്യ മനസ്സുകളിലും സാധ്യമാക്കണം. എങ്കിൽ മാത്രമേ ശക്തമായ അടിത്തറയിൽ വികസനം കെട്ടിപ്പടുക്കുവാൻ കഴിയുകയുള്ളൂ എന്ന തിരിച്ചറിവിൽ, നമ്മുടെ ബ്ലോക്ക് പഞ്ചായത്തുകൾ വായനശാലകളെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അതിൽ തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തങ്ങളുടെ പരിധിയിൽ വരുന്ന വായനശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുസ്തകശേഖര വിപുലീകരണത്തിനുമായി മാതൃകാപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി നമ്മുടെ നാടിന്റെ ബൗദ്ധിക മുന്നേറ്റത്തിൽ പങ്കാളികളാകുകയാണ്.

ബ്ലോക്കതിർത്തിയിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള 22 വായനശാലകളാണുള്ളത്. ഈ വായനശാലാ ഭാരവാഹികളെയെല്ലാം ഓരോ വർഷവും വിളിച്ചുകൂട്ടി അവരുടെ ആവശ്യങ്ങളെ കൂടി അംഗീകരിച്ചുകൊണ്ടുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചത്. 2016-17 വർഷത്തിൽ 16 വായനശാലകൾക്ക് ബുക്ക് ഷെൽഫും 5 വായനശാലകൾക്ക് പുസ്തകങ്ങളും വിതരണം ചെയ്യുന്നതിനായി 2,25,000/ രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചത്. 2018-19 വർഷം ആദ്യഘട്ടത്തിൽ സഹായം ലഭ്യമാകാതിരുന്ന മറ്റ് വായനശാലകൾക്ക് ബുക്ക് ഷെൽഫ് നൽകുന്നതിനായി 2,66,342/ രൂപ വകയിരുത്തി നടപ്പാക്കി. ഇതോടെ ബ്ലോക്കതിർത്തിയിലെ 22 വായനശാലകൾക്കും പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള സുരക്ഷിത




മാർഗ്ഗമാവുകയായിരുന്നു.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ക്രിയാത്മക ഇടപെടലുകളിലൂടെ അടിസ്ഥാന സൗകര്യവികസനങ്ങളുടെ ഭാഗമായി, വായനശാലകളിൽ ബുക്ക് ഷെൽഫുകളുടെ ക്ഷാമം പരിഹരിക്കപ്പെട്ടതിനെതുടർന്ന് അതിലേക്ക് കൂടുതൽ പുസ്തകങ്ങൾ സംഭരിക്കുക എന്നതായി അടുത്ത ലക്ഷ്യം. അങ്ങനെയാണ് ഓരോ വായനശാലയിലും ഓരോ 'ബാലസാഹിത്യ കോർണർ' എന്ന ആശയം ഉരുത്തിരിഞ്ഞ് വന്നത്.

ഓരോ നാടിന്റേയും ഏറ്റവും വലിയ സമ്പത്ത് വളർന്നവരുന്ന തലമുറയാണ്.അവരുടെമാനസികവും ബൗദ്ധികവുമായ വികസനം അവഗണിച്ച് ഒരു വികസന പരിപ്രേക്ഷ്യവും സമ്പൂർണ്ണമാകില്ല. അത് ഉൾക്കൊണ്ടുകൊണ്ട് 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ വായനശാലയിലും ബാലസാഹിത്യ കോർണർ സ്ഥാപിക്കാൻ ഭരണസമിതി ഏകകണ്ഠമായി തീരുമാനിച്ചു. അതു പ്രകാരം 17 വായനശാലകൾക്ക് മുന്നൂറോളം ബാലസാഹിത്യകൃതികളാണ് വിതരണം ചെയ്യാനായത്. പുതിയ പുസ്തക ശേഖരം എത്തിയത് വായനശാലകളിൽ കുട്ടികളുടെ പങ്കാളിത്തം സ്വാഭാവികമായി വർദ്ധിക്കാനും കാരണമായി. ഇന്ന് ബ്ലോക്കതിർത്തിയിലെ വായനശാലകളിലെ വായനക്കാരിൽ നല്ലൊരു പങ്കും കുട്ടികളാണ്. പുതുതലമുറയിൽ വായനാശീലം കുറയുന്നു എന്ന പരാതികൾക്കിടയിൽ മാറ്റത്തിന്റെ നല്ലൊരു സൂചകമാണത്. 5 വായനശാലകൾ ആവശ്യപ്പെട്ട പ്രകാരം വായനശാലകൾക്ക് മൈക്ക് സെറ്റും വിതരണം ചെയ്തു. 2,75,000/ രൂപയാണ് ബാലസാഹിത്യ കോർണറുകൾക്കും മൈക്ക് സെറ്റുകൾക്കുമായി ചെലവായത്.

2020-21 കോവിഡ് 19 എന്ന മഹാരോഗത്തിന്റെ കൊടുങ്കാറ്റിൽ സ്കൂളുകൾ അടഞ്ഞു കിടന്നതോടെ ഓൺലൈൻ പഠനം എന്ന ആശയം വിക്ടേഴ്സ് ചാനൽ വഴി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചപ്പോൾ ഗ്രാമീണമേഖലകളിൽ എല്ലാ വീടുകളിലും ടെലിവിഷൻ സൗകര്യമില്ലാത്തത് വലിയൊരു പ്രതിസന്ധിയായി മുന്നിൽ വന്നു. എല്ലാ കുട്ടികൾക്കും ടി.വി. കാണാനുള്ള സൗകര്യം ഒരുക്കണം. ഗ്രാമങ്ങളിലെ വളരെ നിർധനരായ ഒരുപാട് കുട്ടികൾക്ക് വീട്ടിലൊരു ടി.വി. സ്വപ്നം മാത്രമായിരുന്നു. പല സന്നദ്ധ സംഘടനകളും ഏജൻസികളും അതിനുള്ള സഹായങ്ങൾ എത്തിക്കാൻ ശ്രമിച്ചുവെങ്കിലും എല്ലാ കുട്ടികൾക്കും സ്വതന്ത്ര പഠന സൗകര്യം ഒരുക്കാനായി അതു പര്യാപ്തമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് എല്ലാ വായനശാലകളിലും കെ.എസ്.എഫ്.ഇ-യുടെ കൂടി സഹകരണത്തോടെ ടി.വി സെറ്റ് സംഘടിപ്പിക്കാൻ തീരുമാനിച്ചത്. ടെലിവിഷൻ സെറ്റുകൾ യാഥാർത്ഥ്യമായതോടെ കേബിൾ നെറ്റ്വർക്ക് ലഭ്യമാക്കാൻ അതിന്റെ ദാതാക്കളും സന്നദ്ധരായി. ഇതിന്റെ ഭാഗമായി 22 വായനശാലകൾക്കും സ്വന്തമായി 43 ഇഞ്ച് ടി.വി. ലഭ്യമായി. ഈ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പദ്ധതി വിഹിതമായി 3,29,780/ രൂപയും, കെ.എസ്.എഫ്.ഇ 2,20,000/ രൂപയും ഉൾപ്പെടെ ആകെ 5,49,780/ രൂപയാണ് ചെലവഴിച്ചത്.

മനുഷ്യന് സാമൂഹ്യജീവി എന്ന നിലയിൽ സുഗമമായ ജീവിതം സാധ്യമാകുന്നതിന് സാംസ്കാരികമായ ഔന്നത്യം അനിവാര്യമാണ്. അതിലേക്ക് അവനെ കൈപിടിച്ചുയർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് അറിവുകളും ചരിത്രബോധവുമാണ്. ആ ഉയർന്ന ബൗദ്ധികതലത്തിൽ ചിന്തിക്കുന്ന ഒരു തലമുറയെ വളർത്തിയെടുക്കേണ്ടത് നാടിന്റെ പ്രാഥമിക ചുമതലകളിൽ ഒന്നുതന്നെയാണ്. ആ പാതയിൽ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് തെളിക്കുന്ന വിളക്കുകൾ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഉറപ്പായും പിന്തുടരേണ്ട മാതൃകതന്നെയാണ്.

നമ്മുടെ പുതുതലമുറ വായിച്ചുകൊണ്ട് തന്നെ വളർന്ന് നാളെകളിൽ വിളയുമാറാകട്ടെ.●

അവലംബം: ടീം ആർ.ഡി.ഡി, തൃശൂർ

തയാറാക്കിയത്: ധന്യ. എസ്

## ശനിയുടെ ചന്ദ്രന്റെ സവിശേഷതകൾ



ശനിയുടെ ഉപഗ്രഹങ്ങളിൽ വലുപ്പം കൊണ്ട് ആറാം സ്ഥാനത്തു നിൽക്കുന്ന എൻസെലാദസ് ആണ് ഇപ്പോൾ ചർച്ചാവിഷയം. കാരണം ഇതിന്റെ ഉപരിതലത്തിനടിയിൽ ജീവൻ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. പാറകൊണ്ടുള്ള ഉൾക്കാമ്പിനും ഐസ് കൊണ്ടുള്ള പുറം പ്രതലത്തിനും ഇടയിൽ പുറത്തു കാണാത്ത രീതിയിൽ സമുദ്രങ്ങളും തടാകങ്ങളും ഉണ്ടത്രേ. ഇത്തരം സമുദ്രങ്ങളിൽ നിന്നുള്ള ജലം പുറന്തോടിലെ വിടവുകളിൽ കൂടി ഒരു ജറ്റുപോലെ ഒരുപാടുയരത്തിലേക്ക് ഇടയ്ക്ക് തെറിയ്ക്കാറുണ്ട്. ഇങ്ങനെ പുറത്തേക്ക് തെറിച്ച ജലത്തിന്റെ രാസഘടന പരിശോധിച്ചതിൽ വലിയ അളവിൽ മിഥെയ്ന്റെ അംശം കണ്ടെത്തിയിട്ടുണ്ട്. ഭൂമിയിൽ ഓക്സിജൻ വേണ്ടാത്ത അനെയ്റോബിക് ബാക്ടീരിയകളാണ് മീഥെയ്ൻ ഉൽപ്പാദിപ്പിക്കുക. അതിനാൽ തന്നെ ഇത്തരം സൂക്ഷ്മ ജീവികളാണോ എൻസെലാദസിലെ മീഥെയിനു പിന്നിലെന്ന് അന്വേഷണത്തിലാണ് ശാസ്ത്രലോകം. സാധാരണ രീതിയിൽ രാസപ്രവർത്തനങ്ങൾ മൂലം ഉണ്ടാകാവുന്ന മീഥെയ്ന്റെ അളവിനുമപ്പുറമാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഇതു ജൈവികമായ രാസപ്രവർത്തനത്തിന്റെ സൂചനയാണെന്നും ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. വായു ഭീമൻമാരിലൊന്നായ ശനിഗ്രഹം വാസയോഗ്യമല്ലെങ്കിലും ഉപഗ്രഹമായ എൻസെലാദസിൽ ജീവന്റെ കണികകൾ ഉണ്ടാകുമെന്ന ശുഭപ്രതീക്ഷ നൽകുന്നു.

## ലോകത്തിലെ വിലകൂടിയ ഭക്ഷണം

മത്സ്യമുട്ടകൊണ്ടുള്ള വിശിഷ്ട ഭോജ്യമായ കവിയാർ ലോകത്തെ ഏറ്റവും വിലപിടിപ്പുള്ള ഭക്ഷണങ്ങളിൽ ഒന്നാണ്. ഭൂമിയിൽ ഏറ്റവും പഴക്കമുള്ള ജീവിവർഗ്ഗങ്ങളിൽ ഒന്നായ സ്റ്റർജിയൻ മത്സ്യങ്ങളുടെ മുട്ടകൾ ഉപയോഗിച്ചാണിത് തയ്യാറാക്കുന്നത്. ഇവയിൽ തന്നെ ബ്ലാക്ക് ഗോൾഡ് എന്നറിയപ്പെടുന്ന മത്സ്യങ്ങളുടെ 28 ഗ്രാം കവിയാറിന് ഏകദേശം ഒന്നേകാൽ ലക്ഷം രൂപ വില വരും.

## ദി ഗ്രേറ്റ് വാൾ ഓഫ് ഇന്ത്യ

മധ്യപ്രദേശിന്റെ ഹൃദയത്തിൽ ചൈനയുടെ വൻമതിലിനൊപ്പം നിൽക്കാൻ കെൽപുള്ള ഒരു നെടുനീളൻ മതിൽ-ദി ഗ്രേറ്റ് വാൾ ഓഫ് ഇന്ത്യ. ഒരു പക്ഷേ ദി ഗ്രേറ്റ് വാൾ ഓഫ് ചൈന കഴിഞ്ഞാൽ ലോകത്തിലെ തന്നെ ഏറ്റവും വലിയ മതിലായി പൈതൃക സ്വത്തുക്കളുടെ പട്ടികയിൽ രേഖപ്പെടുത്താൻ സാധ്യതയുള്ള 80 കി.മീ നീളമുള്ള ഈ മതിലിന്റെ പല ഭാഗങ്ങളും ഇപ്പോഴും കണ്ടെത്തി വരുന്നതേയുള്ളൂ.

## ഹാർപ്പി അഥവാ റോയൽ ഹോക്ക്

ലോകത്തിൽ പരുന്തുകളിൽ ഏറ്റവും വലിപ്പമേറിയ വിഭാഗങ്ങൾ ഉൾപ്പെടുന്ന പക്ഷി വംശമാണ് ഹാർപ്പി പരുന്തുകൾ. ശരീരഭാരം 10 കിലോയോളം തൂക്കം വരുന്ന ഹാർപ്പി പരുന്തുകൾ ചെറിയ ജീവികൾ മുതൽ കുരങ്ങുകളെ വരെ വേട്ടയാടാറുണ്ട്. ആമസോൺ മഴക്കാടുകളിൽ ആവാസ വ്യവസ്ഥ ഉറപ്പിച്ചിരിക്കുന്ന ഇവ ഇപ്പോൾ വംശനാശ ഭീഷണി നേരിടുകയാണ്.

## ലോക റെക്കോഡിന് ഉടമയായ കാളക്കൂറ്റൻ

അമേരിക്കയിലെ ടെക്സാസിൽ നിന്നുള്ള ടഫ് ചെക്സ് എന്ന് പേരുള്ള കാളക്കൂറ്റൻ ഇപ്പോൾ ലോകറെക്കോർഡിന് ഉടമയാണ്. ലോകത്തിലെ ഏറ്റവും വിടർന്ന കൊമ്പുകളുള്ള കാള എന്ന വിശേഷണമാണ് കാരണം. ഒരു ക്രിസ്മസ് ട്രീയോളം വലിപ്പമുള്ള കൊമ്പുകൾ എന്നാണ് 262.5 സെ.മീ നീളമുള്ള ചെക്സിന്റെ കൊമ്പുകളെ ഗിന്നസ് അധികൃതർ വിശേഷിപ്പിച്ചത്.

## അജ്ഞാതരഹസ്യം അറിയാൻ ഇനിയും 50 വർഷം



1990-ലാണ് സ്കോട്ടിഷ് ഹൈലാന്റിലെ കാൽവിൻ എന്ന ഗ്രാമത്തിൽ നിന്ന് പറക്കും തളികയുടേതെന്ന് തോന്നിക്കുന്ന ചിത്രവും അതിനെ ചുറ്റുന്ന ഒരു വിമാനത്തിന്റെ ചിത്രവും പകർത്തിയത്. ഇതിന്റെ രഹസ്യങ്ങൾ അടങ്ങിയ ഫയലാണ് വീണ്ടും രഹസ്യ ഫയലായി 50 കൊല്ലം കൂടി സൂക്ഷിക്കാൻ ബ്രിട്ടീഷ് പ്രതിരോധമന്ത്രാലയം തീരുമാനിച്ചത്. 30 കൊല്ലത്തേക്ക് രഹസ്യ രേഖ എന്ന ഗണത്തിൽപെടുത്തിയ ഫയലിന്റെ കാലാവാധി 2022 ജനുവരിയിൽ അവസാനിക്കാനിരിക്കെയാണ് 50 കൊല്ലം കൂടി നീട്ടിയത്. ഇതോടെ 2072 വരെ കാത്തിരുന്നാലേ ഈ രേഖകൾ ലഭിക്കൂ.

## ചമ്പാവത് കടുവയുടെ ഗിന്നസ് റെക്കോർഡ്

ഇന്ത്യയിലും നേപ്പാളിലുമായി 436 പേരുടെ ജീവൻ കവർന്നതിനാണ് ചമ്പാവത് എന്ന പെൺ കടുവയ്ക്ക് ഗിന്നസ് റെക്കോർഡ്. 200-ൽ പരം പേരെ കൊന്ന കടുവയെ നേപ്പാളീസ് സൈന്യത്തിന് പിടിക്കാനോ കൊല്ലാനോ കഴിയാത്തതിനാൽ അവർ കടുവയെ അതിർത്തിയിലേക്ക് ഓടിച്ചു വിടുകയും അങ്ങനെ അത് ഇന്ത്യയിലെത്തുകയും ചെയ്തു. ചമ്പാവത് 16 വയസുള്ള പെൺകുട്ടിയെ വേട്ടയാടിയതിന്റെ പിറ്റേ ദിവസം ജിം കോർബറ്റ് എന്ന ബ്രിട്ടീഷുകാരൻ കടുവയെ വെടിവെച്ചുകൊന്നു.

## അതിബുദ്ധിമാൻമാരുടെ ചാരസംഘടന

അതിബുദ്ധിമാൻമാർ നിറഞ്ഞ ലോകത്തിലെ ഏക ചാരസംഘടന ഇസ്രയേലി ചാരസംഘടനയായ മൊസാദ് ആണ്. ജൂതരാഷ്ട്രമായ ഇസ്രയേലിന് ആദ്യനിര പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെയാണ് മൊസാ

ദ് രൂപീകരിച്ചത്. 1960-ൽ അർജന്റീനയിൽ ഒളിവിലായിരുന്ന നാസി യുദ്ധക്കുറ്റവാളി അഡോൾഫ് ഐക്മാനെ അവിടെ നിന്ന് തട്ടിക്കൊണ്ടുപോയി ഇസ്രയേലിൽ എത്തിച്ച് വിചാരണ ചെയ്ത് തൂക്കിക്കൊന്നുകൊണ്ട് ആഗോള മാധ്യമ ശ്രദ്ധയും മൊസാദ് നേടി.

## പ്രപഞ്ചത്തിലെ ഏറ്റവും വലിയ ഏകാകി



1969-ൽ മനുഷ്യനെ ആദ്യമായി ചന്ദ്രനിലെത്തിച്ച അപ്പോളോ 11-ന്റെ ഏറ്റവും നിർണ്ണായകമായ ദൗത്യം നിർവഹിച്ച മൈക്കൽ കോളിൻസിനാണ് പ്രപഞ്ചത്തിലെ ഏറ്റവും വലിയ ഏകാകി എന്നറിയപ്പെടുന്നത്. നീൽ ആംസ്ട്രോങ്ങിനേയും, എഡ്വിൻ ആൽഡ്രിനേയും ചന്ദ്രനിൽ യാത്രയാക്കിയശേഷം കമാൻഡ് മൊഡ്യൂളായ കൊളംബിയയെ നിയന്ത്രിച്ച് ചന്ദ്രനെ ഭ്രമണം ചെയ്യാനായിരുന്നു കോളിൻസിന്റെ നിയോഗം. ഇരുവരേയും യാത്രയാക്കിയശേഷം ചന്ദ്രന്റെ വിദൂരവശത്തേക്ക് കമാൻഡ് മൊഡ്യൂൾ പോകുമ്പോൾ ഹൂസ്റ്റണിലെ കൺട്രോൾ സെന്ററുമായുള്ള ബന്ധം നഷ്ടമായി. അങ്ങനെ പ്രപഞ്ചത്തിലെ ഏറ്റവും ഒറ്റപ്പെട്ട മനുഷ്യനായി 22 മണിക്കൂറുകൾ, ഒരു മനുഷ്യനും ഇന്നോളം അനുഭവിച്ചിട്ടില്ലാത്ത ഏകാന്തതയുടെ നിമിഷങ്ങൾ അദ്ദേഹം അനുഭവിച്ചു.

## ശുചീന്ദ്രം ക്ഷേത്രത്തിലെ പൗരാണിക സാങ്കേതികവിദ്യാ മികവ്

നമ്മുടെ പുരാതന ശിൽപ്പികൾ നിർമ്മിച്ച വിസ്മയമാർന്ന ശിൽപങ്ങളിലെ മികച്ച സാങ്കേതികവിദ്യ തെളിയിക്കുന്ന ഒരു ശിൽപമാണ് ശുചീന്ദ്രം ക്ഷേത്രത്തിലെ ഒരു തൂണിലെ ഗായകന്റെ ശിൽപം. ഇതിന്റെ പ്രത്യേകത 0.5 മില്ലീമീറ്ററിൽ താഴെ വ്യാസമുള്ള ഒരു നേർത്ത വടി ഒരു ചെവിയിലൂടെ കടത്തിയാൽ മറ്റേ ചെവിയിൽ എത്തും. 0.5 മില്ലീമീറ്ററിൽ താഴെയുള്ള ദ്വാരം 400 മില്ലീമീറ്ററിൽ കൂടുതൽ തുളച്ചുകയറി മറുഭാഗത്ത് എത്തുക എന്നത് എഞ്ചിനിയറിങ്ങിലെ സൗന്ദര്യവും ശിൽപിയുടെ വൈദഗ്ധ്യവും സൂക്ഷ്മതയും വിളിച്ചോതുന്നു.

## വിചിത്രമീ തുമ്പി ജീവിതം

തുമ്പികൾ ചെടികളിലും പൂക്കളിലും ചെന്നിരിക്കുന്നതു തേൻ കൂടിക്കാനേയല്ല, മറിച്ച് അവ തികഞ്ഞ മാംസഭുക്കുകളാണ്. പറന്നുപോകുന്ന പ്രാണികളെ പിന്തുടർന്ന് പിടിച്ച് ജീവനോടെ തിന്നുന്നതിനു പുറമെ സ്വന്തം വർഗ്ഗത്തിലുള്ള മറ്റു തുമ്പികളെയും ഇവർ പിടിച്ചുതിന്നും. ദേശാടനത്തിനും ഇവർ മുമ്പിലാണ്. ഓണത്തുമ്പികൾ കേരളത്തിൽ നിന്നും ആഫ്രിക്കയിലേക്ക് ദേശാടനം ചെയ്യാറുണ്ട് എന്ന് ആൻഡേഴ്സൺ എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തിയിട്ടുണ്ട്.

## സ്വകാര്യഭൂമിയായിരുന്ന കേരളത്തിലെ ദ്വീപ്

ആലപ്പുഴ ജില്ലയിൽ മുഹമ്മ പഞ്ചായത്തിൽ കണ്ടൽക്കാടും മറ്റു ജലസസ്യങ്ങളും ചേർന്ന ജനവാസമില്ലാത്ത 50 ഏക്കറോളം വിസ്തൃതിയുള്ള ദ്വീപാണ് പാതിരാമണൽ. അനന്തപത്മനാഭൻ തോപ്പ് എന്നറിയപ്പെട്ടിരുന്ന ഈ ദ്വീപ് പാതിരാകൊക്കുകളുടെ പ്രജനന കേന്ദ്രമാണ്. ദേശാടന പക്ഷികൾ ഉൾപ്പെടെ 150 ഓളം പക്ഷി ഇനങ്ങൾ കാണപ്പെടുന്ന ഇവിടം പക്ഷി നിരീക്ഷകരുടെ സ്വർഗ്ഗമായി കണക്കാക്കപ്പെടുന്നു. 'രാത്രി മണലുകൾ' എന്ന പേരിന്റെ അർത്ഥമുള്ള ഈ ദ്വീപ് മുമ്പ് സ്വകാര്യഭൂമിയായിരുന്നു.

## ഓഷ്യൻ സൺഫിഷ്

ലോകത്തിലെ ഏറ്റവും ഭാരമുള്ള അസ്ഥി മത്സ്യമാണ് ഓഷ്യൻ സൺഫിഷ് അഥവാ കോമൺമോള. 1000 കിലോഗ്രാം മുതൽ 2300 കിലോഗ്രാം വരെ ഇവയ്ക്ക് ഭാരമുണ്ടാകും. എന്നാൽ ഏറ്റവും കൗതുകകരമായ വസ്തുത എന്തെന്നാൽ അവ ജനിച്ചു വീഴുമ്പോൾ 2.5 മി.മീ മാത്രമേ വലിപ്പമുണ്ടാകൂ എന്നതാണ്. അതായത് പൂർണ്ണ വളർച്ച എത്തുമ്പോൾ ഈ മത്സ്യം 60 മില്യൺ ഇരട്ടി വളരുന്നു എന്നർത്ഥം.

## കണ്ടാലും തീരാത്തത്ര ബീച്ചുകൾ



ഏറ്റവും കൂടുതൽ ബീച്ചുകളുള്ള നാടുകളിലൊന്നാണ് ആസ്ട്രേലിയ. പതിനായിരത്തിലേറെ ബീച്ചുകളാണ് അവിടെ ഉള്ളത്. അതായത് നാം ദിനവും ഓരോ ബീച്ച് വച്ച് സന്ദർശിച്ചാൽ പോലും പന്ത്രണ്ടായിരത്തോളം ബീച്ചുകൾ കണ്ടുതീരാൻ 32 വർഷത്തിൽ കൂടുതൽ വേണ്ടിവരുമത്രേ.

## മലബാർ ഹിൽ

പേരു കേട്ടാൽ കേരളത്തിലാണെന്നു തോന്നുമെങ്കിലും മലബാറുകാരുടെ പ്രശസ്തി വാനോളമുയുർത്തുന്ന മുംബെയിലെ ഏറ്റവും വിലകൂടിയ ഭൂമിയാണ് മലബാർ ഹിൽസ്. കേരളത്തിലെ സുഗന്ധ വ്യഞ്ജന വ്യാപാരത്തിലെ ചുക്കാൻ പിടിച്ചിരുന്ന കേയി കുടുംബക്കാരുടേതായിരുന്ന മലബാർ ഹിൽ പ്രദേശം സുഗന്ധ വ്യഞ്ജന വ്യാപാരത്തിന്റെ കുത്തക നിലനിർത്താൻ വേണ്ടി ബ്രിട്ടീഷുകാർക്ക് വിട്ടുകൊടുത്തു.

## സൂയിസൈഡ് പ്ലാന്റ്

നോർത്ത്-ഈസ്റ്റേൺ ഓസ്ട്രേലിയയിലെ മഴക്കാടുകളിൽ കാണപ്പെടുന്ന സൂയിസൈഡ് പ്ലാന്റ് എന്നു വിളിപ്പേരുള്ള ഡെൻഡ്രോക്‌നൈഡ് മൊറോയ്ഡ്സ് എന്ന ചെടിയാണ് ലോകത്തിലെ ഏറ്റവും അപകടകാരിയായ സസ്യം. ലോകത്തെ ഏറ്റവും വിഷമുള്ള സസ്യങ്ങളിൽ ഒന്നായ ഇതിന്റെ എല്ലാ ഭാഗങ്ങളും ചെറുസൂചിപോലുള്ള ചെറുരോമങ്ങൾ നിറഞ്ഞതാണ്. ഇവയിൽ സ്പർശിക്കുമ്പോൾ ഇതിലെ മൊറോയ്ഡിൻ എന്ന വിഷ വസ്തു ശരീരത്തിലെ പേശികളിൽ ദ്രുതഗതിയിൽ കടന്നു കൂടുകയും അസഹ്യമായ വേദനയുണ്ടാക്കുകയും ചെയ്യും. മനുഷ്യന് താങ്ങാവുന്നതിലും അപ്പുറമുള്ള ഈ വേദന ദിവസങ്ങളോ മാസങ്ങളോ നീണ്ടുനിൽക്കുകയും നാഡിവ്യവസ്ഥയെ തളർത്തുകയും ചെയ്യും.

# മാതൃകയാവാം ശരിയായ മാലിന്യസംസ്കരണ ശീലങ്ങളിലൂടെ

## ജൈവമാലിന്യം

അടുക്കളമാലിന്യം, കാർഷിക അവശിഷ്ടം, ഇലയും പുല്ലും മൃഗാവശിഷ്ടം തുടങ്ങിയവ

- ഭക്ഷണസാധനങ്ങൾ പാഴാക്കാതെ, മിച്ചം വരുന്നത് വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും ആഹാരമായി നൽകാം. അധികമുള്ളത് വളക്കുഴിയിൽ നിക്ഷേപിച്ചോ, അതിന് സ്ഥലമില്ലെങ്കിൽ കിച്ചൺ ബിൻ, റിംഗ് കമ്പോസ്റ്റിങ്, പൈപ്പ് കമ്പോസ്റ്റിങ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ ജൈവസംസ്കരണ ഉപാധികൾ വഴിയോ കമ്പോസ്റ്റ് ആക്കാം.
- കാർഷികാവശിഷ്ടങ്ങളും ഇലയും പുല്ലും കത്തിക്കാതെ അവ കുഴി കമ്പോസ്റ്റിങ്, തുമ്പൂർമുഴി കമ്പോസ്റ്റിങ് സംവിധാനത്തിലൂടെ കമ്പോസ്റ്റ് ആക്കി മാറ്റാം.

## അജൈവ മാലിന്യങ്ങൾ

### പ്ലാസ്റ്റിക്

- സാധനങ്ങൾ പായ്ക്ക് ചെയ്ത് കിട്ടുന്ന പ്ലാസ്റ്റിക്കുകൾ അഴുക്ക് കളഞ്ഞ് ചാക്കിൽ സൂക്ഷിക്കാം. അഴുക്കുള്ളവ 3 വശങ്ങൾ കീറി, കഴുകി വൃത്തിയാക്കി ഒരു കമ്പിയിൽ കൊരുത്ത് ഇടുക. ഉണങ്ങുമ്പോൾ ചാക്കിൽ സൂക്ഷിക്കുക
- പഴകിയ പ്ലാസ്റ്റിക് പേന, റീഫില്ലുകൾ, പല്ല് തേയ്ക്കുന്ന ബ്രഷ്, മരുന്ന് സ്ട്രിപ്പുകൾ, പഴകിയ ചീർപ്പ്, പാൽ കവറുകൾ, പ്ലാസ്റ്റിക് കുപ്പികൾ അടപ്പുകൾ ഫ്ളക്സ് ബോർഡുകൾ, പ്ലാസ്റ്റിക് ക്യാരിബാഗ്, പഴകിയ പ്ലാസ്റ്റിക് കസേര, നിറമുള്ള പ്ലാസ്റ്റിക് കുപ്പികൾ, കപ്പ്, പ്ലേറ്റ്,അലൂമിനിയം ഫോയിൽ പേപ്പർ, മറ്റ് പ്ലാസ്റ്റിക് ഉൽപന്നങ്ങൾ എന്നിവ വൃത്തിയാക്കി സൂക്ഷിച്ച് യഥാസമയം ഹരിത കർമ സേനയ്ക്കോ പാഴ്‌വസ്തു വ്യാപാരികൾക്കോ കൈമാറാം

### പേപ്പർ

കാർഡ്ബോർഡുകൾ, ന്യൂസ് പേപ്പറുകൾ, ബുക്കുകൾ, മാസികകൾ, ബില്ലുകൾ, ടിക്കറ്റുകൾ, തുണ്ട് കടലാസുകൾ, പേപ്പർ ബാഗുകൾ, ബോക്സുകൾ, കാർഡുകൾ, എൻവലപ്പുകൾ തുടങ്ങിയവ പ്രത്യേകം സൂക്ഷിച്ച് ഹരിത കർമ്മസേനയെ ഏൽപ്പിക്കാം.

### ഇ-മാലിന്യം

- ഫ്യൂസ് ആയ ട്യൂബ് ബൾബ്, കേടായ കാൽക്കുലേറ്റർ, റിമോട്ട്, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ടി.വി, എൽഇഡി/സിഎഫ്എൽ ലാമ്പുകൾ, സ്വിച്ചുകൾ, മിക്സി, ബാറ്ററി തുടങ്ങിയവ തരം തിരിച്ച് യഥാസമയം ഹരിതകർമസേന വഴിയോ അതത് കമ്പനികൾ സജ്ജമാക്കിയിട്ടുള്ള ശേഖരണ സംവിധാനത്തിലൂടെയോ ഉൽപന്നങ്ങൾ അതത് കമ്പനിയിലേക്കോ അവർ തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയിട്ടുള്ള അംഗീകൃത പുന:ചംക്രമണക്കാരിലേക്കോ എത്തുന്നു എന്ന് ഉറപ്പാക്കുക
- ഇപിആർ നിയമപ്രകാരം ഇ-മാലിന്യങ്ങൾ സംസ്കരിക്കേണ്ടത് ഉൽപ്പാദകന്റെ ഉത്തരവാദിത്തമാണ്.

### മറ്റുള്ളവ

- നമുക്ക് ഉപയോഗമില്ലാത്തതും എന്നാൽ മറ്റുള്ളവർക്ക് ഉപയോഗപ്പെടുന്നതുമായ വീട്ടുപകരണങ്ങൾ, തുണികൾ തുടങ്ങിയവ സ്വാപ് ഷോപ്പുകൾക്ക് കൈമാറുക.
- ചിരട്ട, തൊണ്ട്, പ്ലൈവുഡ്, തടിക്കഷ്ണങ്ങൾ തുടങ്ങിയവ പ്രത്യേകം സൂക്ഷിച്ച് ഹരിത കർമ സേനയ്ക്ക് കൈമാറുക. കരിയിലയും മറ്റ് ചവറുകളും കത്തിക്കാതെ വളമാക്കി മാറ്റുക.

തരം തിരിയ്ക്കാം വീടുകളിൽ
കൈമാറാം ഹരിതകർമ്മസേനയ്ക്ക്

ഹരിതകർമ്മസേനയുടെ സേവനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെടുക

ഹരിതകർമ്മസേനയുടെ സേവനം ലഭ്യമല്ലാത്ത ഇടങ്ങളിൽ തരംതിരിച്ചവ പാഴ് വസ്തുക്കൾ വ്യാപാരികൾക്ക് കൈമാറുക




**വിശദവിവരങ്ങൾക്ക് - ശുചിത്വ മിഷൻ**
സ്വരാജ്ഭവൻ, ബേസ് ഫ്ളോർ (-1)
നന്തൻകോട്, കവഡിയാർ പി.ഒ, തിരുവനന്തപുരം -695003
0471-2319831, 0471-2316730/sanitation.sm@kerala.gov.in
iec.sm@kerala.gov.in/www.sanitation.kerala.gov.in
https://www.facebook.com/SuchitwaMissionkerala/

July - August 2021
₹ **2/-** Annual Subscription Rs. 12.00

GRAMABHOOMI
BI-MONTHLY

RN. No. 36116/1980

ഗ്രാമീണകേരളത്തിന്റെ
നേർക്കാഴ്ചയുമായി

ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by V.R. Vinod IAS, Commissioner of Rural DÂelopment, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das